സദ്ഭാവന
ഓൺലൈനിൽ വായിക്കുവാൻ
ക്യു.ആർ കോഡ് സ്കാൻ ചെയ്യുക

# സദ്ഭാവന

YouTube
ശ്രീ. ബി.എസ്. ബാലചന്ദ്രൻ രചിച്ച
ശ്രീമഹാരാമായണം
കേൾക്കുവാനും വായിക്കുവാനും
സന്ദർശിക്കുക
യൂട്യൂബ് ചാനൽ
Jaihind Bharat Voice

പ്രതിമാസ മലയാള വാർത്താപത്രം | SATHBHAVANA | The Monthly Malayalam Newspaper

പുസ്തകം 25 ലക്കം 2 | തിരുവനന്തപുരം | 2026 ഫെബ്രുവരി 10 | പേജ് 8 | വില 20 രൂപ | RNI Reg. No. KERMAL /2002/7358

## ചരിത്രാതീതകാലം മുതലുള്ള ഭാഷ

# മലയാളം ചരിത്രവും സംസ്കാരവും

**ബി.എസ്. ബാലചന്ദ്രൻ**

മനുഷ്യജീവിതത്തിലെ അതിപ്രധാന ഘടകമാണ് ഭാഷ!

മനുഷ്യർ ആശയവിനിമയത്തിനും പരസ്പരം മനസ്സിലാക്കുവാനും സാമൂഹ്യജീവിയായി വർത്തിക്കുന്നതിനും ഉപയോഗിക്കുന്ന മാധ്യമമാണിത്.

ലോകത്ത് ഏതാണ്ട് ഏഴായിരത്തോളം വ്യത്യസ്ഥ ഭാഷകൾ നിലവിലുള്ളതിൽ ശ്രദ്ധേയമായ ഭാഷ മലയാളമാണ്. 'മലയാളഭാഷതൻ മാദക ഭംഗി' എന്ന് കവി പാടിയതും അതുകൊണ്ടാണ്. 'മനുഷ്യമനസ്സുകളിൽ ലഹരി പകരുന്ന ഭംഗി' എന്നാണ് കവി തന്റെ വരികളിലൂടെ അർത്ഥമാക്കിയത്.

ഏഴായിരത്തിലധികം ഭാഷകളിലെ ഹൃദ്യമായതാവണമെങ്കിൽ അതിന് ദൈവസ്പർശം ഉണ്ടാവുമെന്ന കാര്യത്തിൽ തർക്കമില്ല. കേരളത്തിന്റെ ആത്മാവായ മലയാളം വൈവിധ്യത്തിന്റെ പ്രതീകം കൂടിയാണ്. ലോകത്താകമാനം തന്നെ മലയാളം പുതിയൊരു വിസ്മയമായി മാറിയിരിക്കുന്നുവെങ്കിൽ അതിന്റെ സൃഷ്ടാക്കൾ സാധാരണ മനുഷ്യരല്ലായെന്നത് സ്പഷ്ടം.

പുരാണേതിഹാസങ്ങളുടെ ഏടുകൾ ചികയുമ്പോൾ ദിവ്യമായ ഈ ഭാഷ ഋഷികുലത്തിനാൽ സൃഷ്ടിക്കപ്പെട്ടതാണെന്നാണ് മനസ്സിലാക്കാനാവുന്നത്. കേരളമെന്ന പേര് ലഭിക്കുന്നതിന് മുമ്പുതന്നെ ഈ പ്രദേശവും ഈ പ്രദേശത്തിനൊരു ഭാഷയും നിലവിലുണ്ടായിരുന്നു! പുരാണേതിഹാസങ്ങളിൽ ഇതുസംബന്ധിച്ച വ്യക്തമായ സൂചനകൾ കാണാനാവും. മഹാബലി ചക്രവർത്തി ഇവിടം ഭരിച്ചിരുന്നു എന്ന് കാണുന്നതിൽ നിന്നുതന്നെ ഈ കരഭൂമി അക്കാലത്തുതന്നെ അതിന്റെ സർവ്വ പ്രതാപത്തോടെയും വിളങ്ങിനിന്നിരുന്നുവെന്നത് സ്പഷ്ടമാകുന്നു. ദേവലോകത്തിനും ദേവന്മാർക്കും ഭീഷണിയായി മാറിയ മഹാബലിയെ തളയ്ക്കാൻവേണ്ടിയാണ് ശ്രീ മഹാവിഷ്ണു വാമനനായി അവതാരമെടുത്തത്. വിഷ്ണുദേവന്റെ അഞ്ചാമത് അവതാരമായിരുന്നു അത്. മത്സ്യാവതാരവും തുടർന്ന് കൂർമ്മം, വരാഹം, നരസിംഹം എന്നിവയും കഴിഞ്ഞുള്ളതാണ് വാമനാവതാരം. ഇതുകഴിഞ്ഞ് വീണ്ടും ശ്രീമഹാവിഷ്ണു ധർമ്മസംസ്ഥാപനാർത്ഥം അഞ്ച് അവതാരങ്ങൾ കൂടി കൈക്കൊള്ളുകയുണ്ടായി. ഈ വസ്തുതകളിൽ നിന്നും മഹാബലിചക്രവർത്തിയുടെ കാലഘട്ടത്തിന്റെ പഴക്കത്തെക്കുറിച്ച് നമുക്ക് വ്യക്തമാകുന്നു.




ശ്രീമഹാവിഷ്ണുവിന്റെ വാമനാവതാരകാലത്തുതന്നെ അക്കാലത്തെ കേരളത്തിന്റെ പേരായ 'മലയാൺമ'യും അക്കാലത്തെ ഭാഷാ നാമധേയമായ 'മലയായ്മ'യും നിലവിലുണ്ടായിരുന്നതായാണ് സൂചന. ഇതിൽ നിന്നും കേരളത്തിന്റെയും മലയാളത്തിന്റെയും പ്രായവും നമുക്ക് ഊഹിക്കാനാവും. മലയാൺമ എന്ന കരഭൂമി പ്രകൃതിയുടെ സ്വാഭാവിക പരിണാമങ്ങളിൽപ്പെട്ട് കടൽ ജലത്തിനടിയിലായി.

ത്രേതായുഗത്തിൽ ശ്രീരാമൻ സീതാ സ്വയംവരത്തിനുശേഷം പരിവാരസമേതനായി മിഥിലയിൽ നിന്നും അയോദ്ധ്യയിലേക്ക് മടങ്ങവേ മാർഗ്ഗവിഘ്നം സൃഷ്ടിച്ചെത്തിയ പരശുരാമന്റെ ഗർവ്വമടക്കിക്കൊണ്ട് അദ്ദേഹത്തിന്റെ സർവ്വ ശക്തിയും ശ്രീരാമൻ വിഷ്ണുചാപത്തിനിരയാക്കി. അതോടെ ഭാർഗ്ഗവൻ തന്റെ ആയുധമായ 'പരശു' (മഴു) കടലിലേയ്ക്ക് വലിച്ചെറിഞ്ഞു. അപ്പോഴാണ് കടലിൽ മറഞ്ഞുകിടന്ന കരഭൂമി വീണ്ടും പ്രത്യക്ഷപ്പെട്ടത്.! ഈ വിധത്തിൽ പരശുരാമൻ വീണ്ടെടുത്ത 'മലയാൺമ' എന്ന കരഭൂമിയാണ് കാലാന്തരേ 'കേരളം' എന്നറിയപ്പെട്ടത്! പ്രസ്തുത പ്രദേശത്തിലെ ഭാഷ മലയാളം എന്നും അറിയപ്പെട്ടു!

ചരിത്രപരമായും ഐതിഹ്യപരമായുമുള്ള സൂചനകളും പുരാണേതിഹാസങ്ങളിലെ പരാമർശങ്ങളും മലയാള ഭാഷയുടെ പ്രാചീനത വ്യക്തമാക്കുന്നു.

ചിത്രകൂടാചലത്തിൽ നിന്നും തിരിച്ച് ദണ്ഡകാരണ്യത്തിൽ പ്രവേശിച്ച് അത്ര്യാശ്രമ പ്രവേശനത്തിനുശേഷം ദക്ഷിണദിക്കിലേക്ക് സഞ്ചരിക്കവേ പമ്പാനദിയുടെ തീരത്തെത്തിയ രാമ-ലക്ഷ്മണന്മാർ പമ്പാ പ്രദേശത്തിന്റെ മനോഹാരിതയിൽ മനം കുളിർത്തു നിന്നതായി വിശദീകരിക്കപ്പെട്ടിട്ടുണ്ട്. രാമായണത്തിലെ കിഷ്കിന്ദാകാണ്ഡം ആരംഭിക്കുന്നതുതന്നെ പമ്പയുടെ മനോഹാരിത വരച്ചിട്ടുകൊണ്ടാണ്. പമ്പാതടത്തിലെത്തിയ 'രാമ-ലക്ഷ്മണന്മാർ വിസ്മയാധീനരായി' എന്ന് പ്രസ്തുതഭാഗത്ത് വർണ്ണിക്കുന്നു. വിടർന്ന താമരപ്പൂവുകൾ, ആമ്പലുകൾ, സൗഗന്ധിക പുഷ്പങ്ങൾ, നീലോല്പ്പലങ്ങൾ എന്നിവയാൽ അലംകൃതമാണ് പമ്പാനദിയെന്നും ആ പ്രദേശം പുലി, കടുവ, സിംഹം, പന്നി, കോഴി, കുളക്കോഴി, അരയന്നം തുടങ്ങിയവയുടെ വിഹാരകേന്ദ്രമാണെന്നും രാമായണത്തിൽ വർണ്ണിക്കുന്നുണ്ട്. ഇവയിൽ ഏറിയ പങ്കും കേരളത്തിന്റെ തനതായ സൗന്ദര്യങ്ങളാണെന്ന വസ്തുത ശ്രദ്ധേയമാണ്.

(ശേഷം 2–ാം പേജിൽ)

## ജോബ്ഡേ ഫൗണ്ടേഷൻ ഇൻ മെമ്മറി ഓഫ് ഷീല ടീച്ചർ

# തൊഴിൽ ദിനാചരണവും ഷീല ടീച്ചർ അനുസ്മരണവും എം.എം. ഹസ്സൻ ഉദ്ഘാടനം ചെയ്തു

### ജോബ് ഡേ ഫൗണ്ടേഷൻ അവാർഡ് റാണി മോഹൻദാസിന്



ഷീല ടീച്ചർ



ഷീല ടീച്ചർ അനുസ്മരണ സമ്മേളനം മുൻ മന്ത്രി എം.എം. ഹസ്സൻ ഉദ്ഘാടനം ചെയ്യുന്നു



ഷീല ടീച്ചർ അനുസ്മരണ പ്രഭാഷണം നടത്തുന്ന ബി.എസ്. ശ്രീലക്ഷ്മി



ജോബ്ഡേ ഫൗണ്ടേഷൻ പുരസ്കാരം റാണി മോഹൻദാസിന് മുൻമന്ത്രി എം.എം. ഹസ്സൻ സമ്മാനിക്കുന്നു

**തിരുവനന്തപുരം:** 'ജോബ് ഫൗണ്ടേഷൻ ഇൻ മെമ്മറി ഓഫ് ഷീല ടീച്ചർ'ന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ട തൊഴിൽ ദിനാചരണ പരിപാടിയും ഷീല ടീച്ചർ അനുസ്മരണവും എല്ലാ വർഷവുമെന്നപോലെ ഇക്കൊല്ലവും ജനുവരി 17ന് കവടിയാർ സദ്ഭാവനാ ഭവൻ ആഡിറ്റോറിയത്തിൽ നടന്നു.

ലളിതവും എന്നാൽ പ്രൗഢവും വികാരനിർഭരവുമായ ചടങ്ങിൽ സംസ്ഥാന മുൻ മന്ത്രിയും ജനശ്രീ ചെയർമാനുമായ എം.എം. ഹസ്സൻ പരിപാടി ഉദ്ഘാടനം ചെയ്തു. സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടർ ഡോ. എം.ആർ. തമ്പാൻ അദ്ധ്യക്ഷനായിരുന്നു.

ഫൗണ്ടേഷൻ ചെയർമാൻ ബി.എസ്. ഗോപകുമാർ സ്വാഗതമാശംസിക്കുകയും സെക്രട്ടറി ജയ ശ്രീകുമാർ ഇക്കൊല്ലത്തെ ജോബ്ഡേ ഫൗണ്ടേഷൻ അവാർഡിനർഹയായ റാണി മോഹൻദാസിനെ സദസ്യർക്ക് പരിചയപ്പെടുത്തുകയും ചെയ്തു.

ജോബ് ഡേ ഫൗണ്ടേഷൻ അവാർഡ് ഉദ്ഘാടകൻ എം.എം. ഹസ്സൻ റാണി മോഹൻദാസിന് സമ്മാനിച്ചു. രാഷ്ട്രീയ-സാഹിത്യ നിരീക്ഷകൻ ചെറിയാൻ ഫിലിപ്പ് മുഖ്യ പ്രഭാഷണവും ഷീല ടീച്ചറുടെ പുത്രി ബി.എസ്. ശ്രീലക്ഷ്മി അനുസ്മരണ പ്രഭാഷണവും നടത്തി. സമൂഹത്തിലെ വിവിധ തുറകളിൽപ്പെട്ട ഒട്ടനവധിപേർ ചടങ്ങിൽ സംബന്ധിച്ചിരുന്നു.

ജോബ്ഡേ ഫൗണ്ടേഷൻ അവാർഡ് കരസ്ഥമാക്കിയ റാണി മോഹൻദാസ് മറുപടി പ്രസംഗം നടത്തി.

സ്വന്തമായി വരുമാനം കണ്ടെത്തിക്കൊണ്ടുള്ള ശാക്തീകരണമാണ് സ്ത്രീകൾക്ക് വേണ്ടതെന്ന ആശയം മുൻനിർത്തിയുള്ള പ്രവർത്തനങ്ങളാണ് ഷീല ടീച്ചർ ബി.എസ്.എസിലൂടെ നടത്തിയതെന്ന് സംസ്ഥാന ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് മുൻ ഡയറക്ടർ ഡോ. എം.ആർ. തമ്പാൻ അദ്ധ്യക്ഷപ്രസംഗത്തിൽ ചൂണ്ടിക്കാട്ടി.



ഡോ. എം.ആർ. തമ്പാൻ

മഹാത്മാഗാന്ധിയും ശ്രീനാരായണഗുരുദേവനും വിഭാവനം ചെയ്ത നിലയിലുള്ള കാര്യങ്ങൽ പ്രാവർത്തികമാക്കാൻ ഷീലയ്ക്ക് സാധിച്ചു എന്നതാണ് ശ്രദ്ധേയമായ വസ്തുതയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ശ്രീനാരായണഗുരുദേവൻ ഒരു ഘട്ടം കഴിഞ്ഞപ്പോൾ പറഞ്ഞത് ഇനി ക്ഷേത്രമല്ലാവേണ്ടത് വ്യവസായശാലകളാണ് എന്നാണ്. ഗാന്ധിജിയുടെ അഭിപ്രായവും വ്യത്യസ്ഥമായിരുന്നില്ല. ഇത് പ്രവർത്തിപഥത്തിലെത്തിക്കുവാൻ അനുയോജ്യമായ പഠന-പരിശീലന പരിപാടികൾക്കാണ്

(ശേഷം 7–ാം പേജിൽ)

ശാസ്ത്ര ലോകം



ജയ ശ്രീകുമാർ

## ആൻ മൂർ
## ബേബി സ്ലിംഗ് (ബേബി കാരിയർ)

**നമ്മൾ ദൈനംദിന ജീവിതത്തിൽ ഉപയോഗിക്കുന്ന വസ്തുക്കൾ കണ്ടെത്തിയവരെ പരിചയപ്പെടുത്തുന്ന ഒരു പംക്തിയാണ് ഇത്**

1934-ൽ ഒഹായോയിൽ ജനിച്ച ആൻ മൂർ, ഡങ്കാർഡ് ബ്രദറൻ ചർച്ച് എന്നറിയപ്പെടുന്ന ഒരു കർഷക സമൂഹത്തിലാണ് വളർന്നത്. ലളിതമായി ജീവിച്ചു, ലളിതമായി വസ്ത്രം ധരിച്ചു, ആധുനിക ഉപകരണങ്ങൾ ഉപയോഗിക്കാതെ, ധാർമ്മികതയിൽ ജീവിക്കുന്ന ഒരു സമൂഹം. അവരുടെ ഗ്രാമീണ സ്വാശ്രയത്വവും സാമൂഹിക മൂല്യങ്ങളുമാണ് മൂറിന്റെ ആദ്യകാലങ്ങൾ രൂപപ്പെടുത്തിയത്. മാതാപിതാക്കളായ ലൂസിയും വില്ലാർഡ് ഓക്കർമാനും അവരുടെ സർഗ്ഗാത്മകത വളർത്തുന്നതിലും അവരുടെ കണ്ടുപിടുത്ത മനോഭാവം വളർത്തുന്നതിലും പ്രധാന പങ്ക് വഹിച്ചു. ചെറുപ്പത്തിൽ ഫാമിൽ പരിമിതമായ വിഭവങ്ങൾ ഉപയോഗിച്ച് ലളിതമായ പാവകളും കളിപ്പാട്ടങ്ങളും സൃഷ്ടിക്കുന്നതിൽ ഏറെ ശ്രദ്ധാലുവായിരുന്നു. കമ്മ്യൂണിറ്റി സേവനത്തെ ഒരു പ്രധാന കുടുംബ തത്വമായി ഉയർത്തിക്കാട്ടിയിരുന്ന അവർ, അവരുടെ ഗ്രൂപ്പിനുള്ളിൽ മറ്റുള്ളവരെ സഹായിക്കുന്നതിൽ പ്രായോഗിക പങ്കാളിത്തം പ്രോത്സാഹിപ്പിച്ചു. സിൻസിനാറ്റി സർവകലാശാലയിൽ നിന്ന് ബിരുദാനന്തര ബിരുദം നേടിയ മൂർ, തുടർന്ന് കൊളംബിയ സർവകലാശാലയിൽ നിന്ന് പീഡിയാട്രിക് നഴ്സിംഗ് ബിരുദം പൂർത്തിയാക്കി. ഫ്രഞ്ച് ഭാഷാ പരിശീലനത്തിനിടെയാണ് അവർ ഭർത്താവ് മൈക്ക് മൂറിനെ കണ്ടുമുട്ടിയത്. വിവാഹത്തെ തുടർന്ന് ഇരുവരും ആഫ്രിക്കയിലെ ടോഗോയിലേക്ക് താമസം മാറി, അവിടെ ആൻ പീസ് കോർപ്സിൽ പീഡിയാട്രിക് നഴ്സായി ജോലി ചെയ്തു. ടോഗോയിൽ, മൂർ പലപ്പോഴും തിരക്കേറിയ മാർക്കറ്റുകളിൽ പോകുമായിരുന്നു, അവിടെ തങ്ങളുടെ കുഞ്ഞുമക്കളെ ചേർത്തുപിടിച്ചുകൊണ്ട് വിവിധ ജോലികളിൽ വ്യാപൃതരാകുന്ന ധാരാളം അമ്മമാരെ കണ്ടു. എന്നാൽ കുഞ്ഞുങ്ങളുടെ കരച്ചിൽ ഒരിക്കലും കേൾക്കില്ലെന്നത്

(ശേഷം 7–ാം പേജിൽ)

ചിറകുള്ള മുന്തിരിപ്പൂക്കൾ



മഞ്ജു ശ്രീകണ്ഠൻ

## 'രംഗബോധമില്ലാത്ത കോമാളി'

'മരണം രംഗബോധമില്ലാത്ത കോമാളിയാണ്'; സാഹിത്യ ചക്രവർത്തി എം.ടി വാസുദേവൻ നായരുടെ വാക്കുകളാണിത്.

ചുറ്റും നടക്കുന്ന സംഭവങ്ങളെ വിശകലനം ചെയ്യുകയും അതിലേയ്ക്ക് ഇഴുകിച്ചേർന്നു നിന്ന് ചിന്തിക്കുകയും ചെയ്യുമ്പോഴാണ് എം.ടിയുടെ വാക്കുകളുടെ ആഴവും പരപ്പും നമുക്ക് ബോധ്യമാകുന്നത്. സംഭവങ്ങളെയെല്ലാം കൂട്ടിക്കിഴിച്ച് ബാക്കിപത്രം തയ്യാറാക്കിയാൽ കിട്ടുന്നതാകട്ടെ 'വിധി' എന്ന രണ്ടക്ഷരവും! പക്ഷേ, ഒന്നു വ്യക്തം; 'മരണം രംഗബോധമില്ലാത്ത ഒരു കോമാളി' തന്നെയാണ്!



പി. പത്മരാജൻ



വയലാർ രാമവർമ്മ



പി.കൃഷ്ണപിള്ള



സി.എച്ച്. മുഹമ്മദ് കോയ

ഇക്കഴിഞ്ഞ ജനുവരി 24ന് മലയാളികളുടെ പ്രിയപ്പെട്ട 'പപ്പേട്ടൻ' - പി. പത്മരാജൻ- ഓർമ്മയായിട്ട് 35 വർഷം തികഞ്ഞിരിക്കുന്നു!

സാഹിത്യ- ചലച്ചിത്ര രംഗങ്ങളിലെ അസാധാരണ പ്രതിഭയായിരുന്നു പി. പത്മരാജൻ. 'തൊട്ടതെല്ലാം പൊന്നാക്കിയ' ഈ സ്നേഹദീപം പൊലിയുമ്പോൾ വെറും 45 വയസ്സുമാത്രമായിരുന്നു പ്രായം. ഇനിയുമെത്രയോ അത്ഭുതങ്ങൾ വിരചിക്കുമായിരുന്ന ചേതനയാണ് 1991 ജനുവരി24ന് മരവിച്ചുപോയത്. മരണം ഹൃദയാഘാതത്തിന്റെ വേഷത്തിൽ വന്ന് അദ്ദേഹത്തെ

(ശേഷം 7–ാം പേജിൽ)



# ജനുവരി ഡയറി

ആശ അരവിന്ദ്

## ജനുവരി 1

- ബൾഗേറിയ യൂറോസോണിൽ ചേരുകയും പുതുവത്സര ദിനത്തിൽ യൂറോയെ ഔദ്യോഗിക കറൻസിയായി സ്വീകരിക്കുകയും ചെയ്തു. യൂറോ മേഖലയിലെ 21-ാമത്തെ അംഗമായി ബൾഗേറിയ മാറി. 1999 ജനുവരി 1-ന് 11 രാജ്യങ്ങളിൽ യൂറോ ഔദ്യോഗികമായി ആരംഭിച്ചതോടെ യൂറോസോൺ സ്ഥാപിതമായി.

## ജനുവരി 2

- ന്യൂയോർക്ക് നഗരത്തിൻറെ പുതിയ മേയറായി 34 വയസ്സുകാരനായ സൊഹ്റാൻ മംദാനി അധികാരമേറ്റു. മാൻഹട്ടനിലെ ആദ്യത്തെ സബ്‌വേ സ്റ്റേഷനുകളിലൊന്നായ പ്രശസ്തമായ ഓൾഡ് സിറ്റി ഹാൾ സ്റ്റേഷനിലായിരുന്നു സത്യപ്രതിജ്ഞ. ഖുർആനിൽ തൊട്ട് സത്യപ്രതിജ്ഞ ചെയ്താണ് മംദാനി മേയറായി അധികാരമേറ്റത്. ഇതോടെ യുഎസിലെ ഏറ്റവും വലിയ നഗരത്തിലെ ആദ്യത്തെ മുസ്ലിം മേയറായി ഇന്ത്യൻ വംശജനായ മംദാനി മാറി.

## ജനുവരി 3

- ഐ എസ് ആർ ഒ യുടെ പി എസ് എൽ വി (PSLV) വിക്ഷേപണത്തിനായി ഹൈദരാബാദ് ആസ്ഥാനമായുള്ള സ്റ്റാർട്ടപ്പുകളായ 'ടേക്ക്മി 2സ്പേസ്' (TakeMe2Space), 'ഇഓൺ സ്പേസ് ലാബ്സ്' (EON Space Labs) എന്നിവർ ചേർന്ന് 14 കിലോഗ്രാം ഭാരമുള്ള അത്യാധുനിക മിനി ഉപഗ്രഹം നിർമ്മിച്ചു. 2.5 കോടി രൂപ ചെലവിൽ നിർമ്മിച്ച ഈ ഭൗമനിരീക്ഷണ ഉപഗ്രഹം (Earth Observation Satellite) അഹമ്മദാബാദിൽ പരീക്ഷിച്ച്, ശ്രീഹരിക്കോട്ടയിലെത്തിച്ചു.

## ജനുവരി 4

- ടെന്നീസ് ഇതിഹാസ താരം വീനസ് വില്യംസ് ഓസ്ട്രേലിയൻ ഓപ്പണിൽ വീണ്ടും കളിക്കും. ആധുനിക ടെന്നീസ് ചരിത്രത്തിലെ ഏറ്റവും ശ്രദ്ധേയമായ തിരിച്ചുവരവുകളിലൊന്നാണിത്.

## ജനുവരി 5

- ഇന്ത്യൻ കോസ്റ്റ് ഗാർഡിനായി തദ്ദേശീയമായി നിർമ്മിച്ച മലിനീകരണ നിയന്ത്രണ കപ്പൽ ഇന്ത്യൻ കോസ്റ്റ് ഗാർഡ് ഷിപ്പ് (ഐസിജിഎസ്) സമുദ്ര പ്രതാപ് പ്രതിരോധ മന്ത്രി കമ്മീഷൻ ചെയ്തു . ഈ കപ്പൽ, കോസ്റ്റ് ഗാർഡ് റീജിയൻ (വെസ്റ്റ്) കമാൻഡറുടെ പ്രവർത്തന നിയന്ത്രണത്തിൽ കൊച്ചിയിൽ ഹോംപോർട്ട് ചെയ്യും.

## ജനുവരി 6

- ഇന്ത്യൻ സൂപ്പർ ലീഗിന്റെ (ഐ എസ് എൽ) പുതിയ സീസൺ ഫെബ്രുവരി 14-ന് ആരംഭിക്കുമെന്ന് കേന്ദ്ര കായിക മന്ത്രി പ്രഖ്യാപിച്ചു.

## ജനുവരി 7

- ഊർജ്ജ സംഭരണ രംഗത്ത് വിപ്ലവാത്മകമായ മാറ്റങ്ങൾ കൊണ്ടുവരാൻ കഴിയുന്ന സൂപ്പർ കപ്പാസിറ്റർ സാങ്കേതികവിദ്യ വികസിപ്പിച്ചതിന് മലയാളി ഗവേഷകർക്ക് ഇന്ത്യൻ പേറ്റന്റ് ലഭിച്ചു. കുറഞ്ഞ സമയത്തിനുള്ളിൽ കൂടുതൽ ചാർജ് സംഭരിക്കാനും, ബാറ്ററികളെ അപേക്ഷിച്ച് പെട്ടെന്ന് ഊർജ്ജം പുറത്തുവിടാനും കഴിയുന്ന രീതിയിലാണ് ഈ സാങ്കേതികവിദ്യ രൂപകൽപ്പന ചെയ്തിരിക്കുന്നത്. ബാറ്ററികളേക്കാൾ വളരെ വേഗത്തിൽ ചാർജ് ചെയ്യാനും ഡിസ്ചാർജ് ചെയ്യാനും സാധിക്കുന്നതും, ദീർഘകാലം നിലനിൽക്കുന്നതും, കൂടുതൽ തവണ ചാർജ് ചെയ്യാവുന്നതുമായ (Charge cycles) സാങ്കേതികവിദ്യയാണ് ഇത്.

## ജനുവരി 8

- സംസ്ഥാന സർക്കാരിന്റെ ഈ വർഷത്തെ ഹരിവരാസനം പുരസ്കാരം പ്രശസ്ത നാഗസ്വര വിദ്വാനായ തിരുവിഴ ജയശങ്കറിന്. ഒരു ലക്ഷം രൂപയും പ്രശസ്തി പത്രവും ഫലകവും അടങ്ങുന്ന പുരസ്കാരം മകരവിളക്ക് ദിവസം ശബരിമല സന്നിധാനത്ത് സംഘടിപ്പിക്കുന്ന ചടങ്ങിൽ സമ്മാനിക്കും. നാഗസ്വര ജനകീയമാക്കുന്നതിനും അതുവഴി ഭക്തിഗാന ശാഖയ്ക്ക് നൽകിയ അമൂല്യ സംഭാവനകളും പരിഗണിച്ചാണ് പുരസ്കാരം.

## ജനുവരി 9

- തൃശൂർ സ്വദേശി അരുൺ ഗോകുൽ വരച്ച 'ഉദയ്' എന്ന ആൺകുട്ടി ഇനി ആധാറിന്റെ ഔദ്യോഗിക ചിഹ്നമാകും. ആധാറിന്റെ ഔദ്യോഗികചിഹ്നം രൂപകല്പന ചെയ്യുന്നതിനുള്ള ദേശീയതല മത്സരത്തിൽ 50,000 രൂപയുടെ ഒന്നാംസമ്മാനത്തിനാണ് ഈ യുവാവ് അർഹനായത്. മെക്കാനിക്കൽ എൻജിനീയറായ അരുൺ ആദ്യമായാണ് ഒരു ഡിസൈനിങ് മത്സരത്തിൽ പങ്കെടുക്കുന്നത്. ആധാർ കാർഡിന്റെ പ്രചാരണത്തിന് രാജ്യത്താകെ ഈ ചിഹ്നമാണ് ഇനി ഉപയോഗിക്കുക. ചിഹ്നം രൂപകല്പന ചെയ്യുന്നതിനായി നടന്ന ദേശീയ മത്സരത്തിൽ 875 എൻട്രികളിൽ ലഭിച്ചു. ഇതിൽ നിന്നാണ് അരുണിന്റെ ചിത്രം യു ഐ ഡി ഐ എ തിരഞ്ഞെടുത്തത്. 'ഉദയ്' എന്ന പേര് ഭോപ്പാലിൽ നിന്നുള്ള റിയ ജെയിനാണ് നിർദ്ദേശിച്ചത്. തിരുവനന്തപുരത്ത് നടന്ന യുഐഡിഎഐ-യുടെ ചടങ്ങിൽ ചെയർമാൻ നീലകണ്ഠമിശ്ര ഔദ്യോഗിക ചിഹ്നം അനാവരണംചെയ്ത് വിജയികളെ അഭിനന്ദിച്ചു.

## ജനുവരി 10

- ജനുവരി 10-നാണ് ലോക ഹിന്ദി ദിവസം ആചരിക്കുന്നത്. ഹിന്ദി ഭാഷയുടെ പ്രചാരവും വികസനവും ലക്ഷ്യമാക്കി ആചരിക്കുന്ന ദിനം ലോകമെമ്പാടുമുള്ള ഹിന്ദി സംസാരിക്കുന്നവരെ ഏകോപിപ്പിക്കാനും ഭാഷയുടെ സാംസ്കാരിക മൂല്യം ഉയർത്തിക്കാട്ടാനും ഉദ്ദേശിച്ചാണ് നടത്തിവരുന്നത്. 1975-ൽ നാഗ്പൂരിൽ നടന്ന ആദ്യ ലോക ഹിന്ദി സമ്മേളനത്തിന്റെ സ്മരണയായാണ് ഈ ദിനം തിരഞ്ഞെടുത്തത്.

## ജനുവരി 11

- കേരള ഹൈക്കോടതിയുടെ പുതിയ ചീഫ് ജസ്റ്റിസായി ജസ്റ്റിസ് സൗമൻ സെൻ (Justice Soumen Sen) 2026 ജനുവരി 10-ന് സത്യപ്രതിജ്ഞ ചെയ്ത് അധികാരമേറ്റു. ലോക്ഭവനിൽ നടന്ന ചടങ്ങിൽ ഗവർണർ രാജേന്ദ്ര വിശ്വനാഥ് അർലേക്കർ സത്യവാചകം ചൊല്ലിക്കൊടുത്തു. മേഘാലയ ഹൈക്കോടതി ചീഫ് ജസ്റ്റിസായിരുന്ന അദ്ദേഹം, സ്ഥാനമൊഴിഞ്ഞ ജസ്റ്റിസ് നിതിൻ ജംദാറിന്റെ പിൻഗാമിയായാണ് 40-ാമത് ചീഫ് ജസ്റ്റിസായി ചുമതലയേറ്റത്.

## ജനുവരി 12

- 2026 ജനുവരിയിൽ വാരാണസിയിൽ നടന്ന 72-ാമത് ദേശീയസീനിയർ വോളിബോൾ ചാമ്പ്യൻഷിപ്പിൽ കേരള വനിതകൾ കിരീടം വീണ്ടെടുത്തു.

## ജനുവരി 13

- ഇന്ത്യൻ പ്രതിരോധ ഗവേഷണ വികസന സംഘടനയായ ഡിആർഡിഒ മാൻ പോർട്ടബിൾ ആന്റി-ടാങ്ക് ഗൈഡഡ് മിസൈൽ വിജയകരമായി പരീക്ഷിച്ചു. ശത്രു ടാങ്കുകൾ നീങ്ങുമ്പോൾ തന്നെ അവയെ നശിപ്പിക്കാൻ ഈ മിസൈലിന് കഴിയും. ടാങ്കുകളുടെ മുകൾ ഭാഗം തുളച്ചുകയറുന്നതിനാണ് ഇത് പ്രത്യേകം രൂപകൽപ്പന ചെയ്തിരിക്കുന്നത്. ടോപ്പ്-സ്ട്രൈക്ക് ശേഷിയുള്ള ഈ മിസൈൽ തദ്ദേശീയമായി വികസിപ്പിച്ചെടുത്തതാണ്.

## ജനുവരി 14

- പ്രശസ്ത ഇന്ത്യൻ-അമേരിക്കൻ ജ്യോതിശാസ്ത്രജ്ഞനും കാൽടെക് (Caltech) പ്രൊഫസറുമായ ശ്രീനിവാസ് കുൽക്കർണിക്ക് റോയൽ അസ്ട്രോണമിക്കൽ സൊസൈറ്റിയുടെ (RAS) പരമോന്നത ബഹുമതിയായ ഗോൾഡ് മെഡൽ ലഭിച്ചു. ആൽബർട്ട് ഐൻസ്റ്റീൻ, സ്റ്റീഫൻ ഹോക്കിംഗ് തുടങ്ങിയ വിഖ്യാത ശാസ്ത്രജ്ഞർ മുൻപ് അലങ്കരിച്ചിട്ടുള്ള ഈ പദവിയിലെത്തുന്ന രണ്ടാമത്തെ ഇന്ത്യക്കാരനാണ് അദ്ദേഹം. പ്രപഞ്ചത്തിലെ മിന്നൽ പ്രതിഭാസങ്ങളെയും സ്ഫോടനങ്ങളെയും കുറിച്ചുള്ള പഠനത്തിന് അദ്ദേഹം നൽകിയ വിപ്ലവകരമായ സംഭാവനകളാണ് അവാർഡിന് അർഹനാക്കിയത്. കർണാടകയിലെ ഹൂബ്ലി സ്വദേശിയായ അദ്ദേഹം ഐഐടി ഡൽഹിയിൽ നിന്നാണ് ഉന്നത വിദ്യാഭ്യാസം നേടിയത്.

## ജനുവരി 15

- 2001 ജനുവരി 15-ന് സ്ഥാപിതമായ ലോകത്തിലെ ഏറ്റവും വലിയ സൗജന്യ ഓൺലൈൻ വിജ്ഞാനകോശമായ വിക്കിപീഡിയ 2026 ജനുവരി 15-ന് 25-ാം വാർഷികം ആഘോഷിച്ചു. 2001-ൽ ജിമ്മി വെയിൽസ് 'Hello, World!' എന്ന് കുറിച്ചുകൊണ്ട് തുടക്കമിട്ട വിജ്ഞാനകോശം ഇന്ന് ഇന്റർനെറ്റിലെ വിജ്ഞാനത്തിന്റെ പ്രധാന സ്രോതസ്സായി മാറി. ഏകദേശം 250,000 സന്നദ്ധപ്രവർത്തകരാണ് (Editors) വിക്കിപീഡിയയിലെ ലേഖനങ്ങൾ എഴുതുന്നതും തിരുത്തുന്നതും. മലയാളിയായ ഡോ. നത ഹുസൈൻ ഈ പരമ്പരയിൽ ഇടംനേടിയ ഏക ഇന്ത്യക്കാരിയാണ്. എട്ട് ആഗോള വോളൻറിയർമാരിൽ ഒരാളായാണ് നന്ദയെ തിരഞ്ഞെടുത്തത് കൊവിഡ് മഹാമാരിയുടെ സമയത്ത് കൃത്യമായ മെഡിക്കൽ വിവരങ്ങൾ പങ്കുവയ്ക്കുന്നതിൽ നത വഹിച്ച നിർണായക പങ്കാളിത്തമുൾപ്പെടെ കണക്കിലെടുത്താണ് ഈ ആദരം

## ജനുവരി 16

- 79-ാമത് സന്തോഷ് ട്രോഫിക്കുള്ള കേരള ടീമിനെ പ്രഖ്യാപിച്ചു. 22അംഗ ടീമിൽ ഒൻപത് പേർ പുതുമുഖങ്ങളാണ്. എറണാകുളത്ത് നിന്നുള്ള കേരള പൊലീസ് താരം ജി.സഞ്ജുവാണ് ടീമിനെ നയിക്കുക.

## ജനുവരി 17

- കിഴക്കൻ ചൈനയിൽ പുതിയ ആണവ നിലയത്തിന്റെ നിർമ്മാണം ആരംഭിച്ചു. ചൈനയുടെ 15-ാം പഞ്ചവത്സര പദ്ധതി കാലയളവിൽ (2026–2030) കമ്മീഷൻ ചെയ്യുന്ന ആദ്യത്തെ ആണവ പദ്ധതിയാണിത്.

## ജനുവരി 18

- നാസയുടെ സ്വപ്നപദ്ധതിയായ ആർട്ടെമിസ് കക വിക്ഷേപണത്തിനായി തയ്യാറാകുന്നു . ദൗത്യത്തിന്റെ നട്ടെല്ലായ സ്പേസ് ലോഞ്ച് സിസ്റ്റം (SLS) എന്ന കൂറ്റൻ റോക്കറ്റ് ഫ്ലോറിഡയിലെ കെന്നഡി ബഹിരാകാശ കേന്ദ്രത്തിലെ 39B വിക്ഷേപണ പാഡിൽ സ്ഥാനമുറപ്പിച്ചു. ഇതൊരു അമേരിക്കൻ പദ്ധതി മാത്രമായി ഒതുങ്ങാതെ ആഗോള സഹകരണത്തിന്റെ പ്രതീകമായി മാറിയിരിക്കുകയാണ്.

## ജനുവരി 19

- 64-ാമത് സംസ്ഥാന സ്കൂൾ കലോത്സവത്തിൽ സ്വർണ കപ്പെടുത്ത് കണ്ണൂർ ജില്ല. 1028 പോയിൻറ് നേടിയാണ് കണ്ണൂരിന്റെ വിജയം. 1023 പോയിൻ് നേടി തൃശൂർ ജില്ല രണ്ടാം സ്ഥാനവും 1017 പോയിൻറ് നേടി കോഴിക്കോട് ജില്ലാ മൂന്നാം സ്ഥാനവും നേടി. അവസാന ദിവസവും ജില്ലകൾ തമ്മിൽ ഇഞ്ചോടിഞ്ച് പോരാട്ടമാണ് നടന്നത്. ഫോട്ടോ ഫിനിഷിലേക്ക് എത്തിയ മത്സരത്തിൽ 5 പോയിൻ്റിനാണ് ആതിഥേയരായ തൃശൂരിന് സ്വർണക്കപ്പ് നഷ്ടമായത്.

## ജനുവരി 20

- സംസ്ഥാന ബാലാവകാശ കമ്മിഷന്റെ കുട്ടികൾക്കായുള്ള റേഡിയോ നെല്ലിക്കയുടെ ഉദ്ഘാടനം മുഖ്യമന്ത്രി പിണറായി വിജയൻ ചേമ്പറിൽ നിർവ്വഹിച്ചു. കുട്ടികളുടെ രക്ഷയ്ക്ക്, അവരുടെ ശബ്ദത്തിന് മുൻഗണന നൽകി കഥപറച്ചിലും ചർച്ചകളുമൊക്കെയായി റേഡിയോ കുട്ടികളെ തേടും. 'നെല്ലിക്ക'യിലൂടെ കുട്ടികളിലെ മാനസിക സംഘർഷം, ലഹരി-സൈബർ ഇടങ്ങളിലെ ചതി, ആത്മഹത്യ, സമൂഹമാധ്യമ അടിമത്തം തുടങ്ങിയവ തടയും. കുട്ടികൾ, അധ്യാപകർ, രക്ഷിതാക്കൾ എന്നിവരെ റേഡിയോയുടെ ഭാഗമാക്കി ബാലനീതി, പോക്സോ, വിദ്യാഭ്യാസ അവകാശം എന്നിവയിൽ അവബോധമുണ്ടാക്കാനാണ് കമ്മിഷൻ ഉദ്ദേശിക്കുന്നത്.

## ജനുവരി 21

- കേരള സ്റ്റാർട്ടപ്പ് മിഷൻ (KSUM) ക്ലോസ്ഡ് ഓഫീസ് സ്പേസുകൾ ആവശ്യമായ സ്റ്റാർട്ടപ്പുകൾക്കായി ഡിജിറ്റൽ ഹബ് സൗകര്യം ആരംഭിച്ചു. നൂതന സാങ്കേതിക ഉൽപ്പന്നങ്ങളുടെ വികസനവും നിർമ്മാണവും ലക്ഷ്യമിട്ട് പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകളുടെ ആവശ്യങ്ങൾ മുൻനിർത്തിയാണ് ഡിജിറ്റൽ ഹബ് - ആധുനിക ഇൻകുബേഷൻ കേന്ദ്രം രൂപകൽപ്പന ചെയ്തിരിക്കുന്നത്. എല്ലാ അടിസ്ഥാന സൗകര്യങ്ങളോടും കൂടി വിവിധ തരത്തിലുള്ള സ്റ്റാർട്ടപ്പ് പ്രവർത്തനങ്ങൾക്ക് അനുയോജ്യമായ രീതിയിൽ കൊച്ചി കളമശ്ശേരിയിലെ ടെക്നോളജി ഇന്നൊവേഷൻ സോണിൽ സജ്ജീകരിച്ചിട്ടുള്ള ഡിജിറ്റൽ ഹബ്ബിൽ 1,200-ലധികം പേർക്കുള്ള ഇരിപ്പിട സൗകര്യവുമുണ്ട്.ഡിജിറ്റൽ ഹബ്ബിൽ പ്രവർത്തിക്കുന്ന സ്റ്റാർട്ടപ്പുകൾക്ക് ഇന്റർനെറ്റ് സൗകര്യം, ക്ലൗഡ് ക്രെഡിറ്റുകൾ, മെന്റർഷിപ്പ് പരിപാടികൾ, സ്റ്റാർട്ടപ്പ് സ്ഥാപകരുമായുള്ള നെറ്റ്‌വർക്കിംഗ് അവസരങ്ങൾ, കൂടാതെ പ്രമുഖ ദേശീയ-അന്താരാഷ്ട്ര പരിപാടികളിലേക്കുള്ള പ്രവേശനം എന്നിവ ലഭ്യമാകും. തിരുവനന്തപുരം ഡിജിറ്റൽ യൂണിവേഴ്സിറ്റി കേരള, തൃശ്ശൂരിലെ സെന്റർ ഫോർ മെറ്റീരിയൽസ് ഫോർ ഇലക്ട്രോണിക്സ് ടെക്നോളജി (CMET), എന്നിവിടങ്ങളിലെ സെൻസർ ഗവേഷണം, വികസനം, ആപ്ലിക്കേഷൻ തലത്തിലുള്ള പരിശീലനം എന്നിവയ്ക്കുള്ള സൗകര്യവും സെൻസർ ഇന്നൊവേഷൻ സെന്ററിലുണ്ട്.

## ജനുവരി 22

- ഇന്ത്യയിൽ ആദ്യമായി സ്വന്തമായൊരു 'സംസ്ഥാന സൂക്ഷ്മാണു'വിനെ ഔദ്യോഗികമായി പ്രഖ്യാപിക്കുന്ന സംസ്ഥാനമായി കേരളം . 'ബാസിലസ് സബ്റ്റിലിസ്' (Bacillus subtilis) എന്ന ബാക്ടീരിയയെയാണ് സംസ്ഥാനത്തിന്റെ സ്വന്തം സൂക്ഷ്മാണുവായി തിരഞ്ഞെടുത്തത്.തിരുവനന്തപുരത്ത് നടന്ന ചടങ്ങിൽ മുഖ്യമന്ത്രി പിണറായി വിജയനാണ് പ്രഖ്യാപനം നടത്തിയത്. ഇതോടൊപ്പം 'സെന്റർ ഓഫ് എക്സലൻസ് ഇൻ മൈക്രോബയോം' എന്ന സ്ഥാപനവും നാടിന് സമർപ്പിച്ചു.

## ജനുവരി 23

- പെരുമ്പിലാവ് അൻസാർ ഇംഗ്ലീഷ് സ്കൂളിലെ വിദ്യാർത്ഥികൾ (കെ.എ. ഷാമിൻ, നാമിർ നിഷാദ്, മുഹമ്മദ് ഷെസാൻ, മെന്റർ സുകൈന അബൂബക്കർ) 2026-ലെ റിപ്പബ്ലിക് ദിന പരേഡിൽ അതിഥികളായി തിരഞ്ഞെടുക്കപ്പെട്ടു. നിതി ആയോഗിന്റെ അടൽ ഇന്നവേഷൻ മിഷൻ വഴിയാണ് ഈ യുവ ഗവേഷക സംഘത്തിന് ഡൽഹിയിൽ നടക്കുന്ന ആഘോഷങ്ങളിൽ പങ്കെടുക്കാൻ അവസരം ലഭിച്ചത്. സംഘം 2026 ജനുവരി 24 മുതൽ 26 വരെ ന്യൂഡൽഹിയിൽ നടക്കുന്ന ഔദ്യോഗിക പരിപാടികളിലും കർത്തവ്യ പഥിലെ റിപ്പബ്ലിക് ദിന പരേഡിലും കേരളത്തെ പ്രതിനിധീകരിക്കും

## ജനുവരി 25

- ഈ വർഷത്തെ റിപ്പബ്ലിക് ദിനത്തോടനുബന്ധിച്ച് പോലീസ്, ഫയർ, ഹോം ഗാർഡ്സ്, സിവിൽ ഡിഫൻസ്, കറക്ഷണൽ സർവീസസ് എന്നിവയിലെ 982 ഉദ്യോഗസ്ഥർക്ക് ധീരതയ്ക്കും സേവനത്തിനുമുള്ള മെഡലുകൾ നൽകി. ഈ ബഹുമതികളിൽ 125 ധീരത ധീരത മെഡലുകളും ഉൾപ്പെടുന്നു. ജമ്മു കശ്മീർ മേഖലയിൽ നിന്നുള്ള 45 പേർ, ഇടതുപക്ഷ തീവ്രവാദ ബാധിത പ്രദേശങ്ങളിൽ നിന്നുള്ള 35 പേർ, വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ നിന്നുള്ള അഞ്ച് പേർ, മറ്റ് മേഖലകളിൽ നിന്നുള്ള 40 പേർ എന്നിങ്ങനെയാണ് ധീരതാ അവാർഡുകളിൽ ഭൂരിഭാഗവും.വിശിഷ്ട സേവനത്തിനുള്ള രാഷ്ട്രപതിയുടെ 101 മെഡലുകളിൽ (പിഎസ്എം) 89 എണ്ണം പോലീസ് സർവീസിനും, അഞ്ച് എണ്ണം ഫയർ സർവീസിനും, മൂന്ന് എണ്ണം സിവിൽ ഡിഫൻസ്, ഹോം ഗാർഡ് സർവീസിനും, നാല് എണ്ണം കറക്ഷണൽ സർവീസസിനും ലഭിച്ചു. അതുപോലെ മെറിറ്റോറിയസ് സർവീസിനുള്ള (എംഎസ്എം) മെറിറ്റോറിയസ് സർവീസിനുള്ള (എംഎസ്എം) ആകെയുള്ള 756 മെഡലുകളിൽ 664 എണ്ണം പോലീസ് സർവീസിനും, 34 എണ്ണം ഫയർ സർവീസിനും, 33 എണ്ണം ഹോം ഗാർഡ്, സിവിൽ ഡിഫൻസ് സർവീസിനും, 25 എണ്ണം കറക്ഷണൽ സർവീസസിനും ലഭിച്ചിട്ടുണ്ട്.

## ജനുവരി 26

- എഴുപത്തിയേഴാം റിപ്പബ്ലിക് ദിനം ആഘോഷിച്ചു. യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് അന്റോണിയോ കോസ്റ്റയും യൂറോപ്യൻ കമ്മീഷൻ പ്രസിഡന്റ് ഉർസുല വോൺ ഡെർ ലെയ്നും ആഘോഷങ്ങളിൽ മുഖ്യാതിഥികളായി പങ്കെടുത്തു. ദേശീയ തലസ്ഥാനത്തിന്റെ പ്രധാന ആകർഷണമായ കർതവ്യ പാതയിൽ നടന്ന പരിപാടിയുടെ മുഖ്യ പ്രമേയം 'വന്ദേമാതരം' 150 വർഷങ്ങൾ പിന്നിടുന്നു എന്നതായിരുന്നു. ഓപ്പറേഷൻ സിന്ദൂരിൽ ഉപയോഗിച്ച മിസൈലുകൾ, യുദ്ധവിമാനങ്ങൾ, പുതുതായി ഉയർത്തിയ യൂണിറ്റുകൾ, മാരകായുധ സംവിധാനങ്ങൾ എന്നിവയുൾപ്പെടെയുള്ള സൈനിക ശക്തിയുടെ മഹത്തായ പ്രദർശനത്തോടെയാണ് ഇന്ത്യ 77-ാമത് റിപ്പബ്ലിക് ദിനത്തിന് തുടക്കമിട്ടത്. കേരളത്തിന്റെയടക്കം 30 ടാബ്ലോകളാണ് പരേഡിൽ അണിനിരന്നത്.

## ജനുവരി 27

- ഇന്ത്യയും യൂറോപ്യൻ യൂണിയനും ദീർഘകാലമായി കാത്തിരുന്ന സ്വതന്ത്ര വ്യാപാര കരാറിൽ (എഫ്ടിഎ) ഒപ്പിട്ടു. നയതന്ത്രം, വാണിജ്യം എന്നിവയിലെ ഏറ്റവും നിർണായകമായ വ്യാപാര ഇടപാടുകളിൽ ഒന്നായി മാറാൻ സാദ്ധ്യതയുള്ളതാണ് ഈ വ്യാപാര കരാർ. മദർ ഓഫ് ഡീൽസ് എന്ന പേരിൽ വിശേഷിക്കപ്പെട്ട ഈ കരാർ എണ്ണ -വാതക മേഖലയ്ക്ക് വൻ നേട്ടമുണ്ടാക്കുമെന്ന് പ്രധാന മന്ത്രി നരേന്ദ്ര മോദി പറഞ്ഞു.

## ജനുവരി 28

- 2025-26 സീസൺ ഐഎസ്എൽ (ISL) മത്സരക്രമം പ്രഖ്യാപിച്ചു. ഐഎസ്എൽ ഉദ്ഘാടന മത്സരത്തിൽ മോഹൻ ബഗാൻ കേരള ബ്ലാസ്റ്റേഴ്സിനെ നേരിടും. ഫെബ്രുവരി 14ന് കൊൽക്കത്തയിൽ വൈകീട്ട് 5 മണിക്കാണ് മത്സരത്തിന് കിക്കോഫ് ആകുക.

## ജനുവരി 29

- റിയാദിലെ അലിഫ് ഇൻറർനാഷനൽ സ്കൂൾ വിദ്യാർഥികളുടെ സർഗാത്മക മികവിന് ഗിന്നസ് വേൾഡ് റെക്കോഡ് അംഗീകാരം. ലോകത്തിലെ 'ഏറ്റവും വലിയ ക്രിയേറ്റീവ് റൈറ്റിങ് ഇവൻറ്' വിജയകരമായി സംഘടിപ്പിച്ചതിനാണ് സ്കൂൾ ഈ ആഗോള നേട്ടം കൈവരിച്ചത്.

## ജനുവരി 30

- 38-മത് കേരള സയൻസ് കോൺഗ്രസ് ജനുവരി 30 മുതൽ ഫെബ്രുവരി രണ്ടുവരെ നടക്കും. എറണാകുളം സെന്റ് ആൽബർട്സ് കോളേജാണ് കേരള സയൻസ് കോൺഗ്രസിന് വേദിയാവുക. കാലാവസ്ഥാ മാറ്റം, തീരക്ഷയം, സമുദ്ര മലിനീകരണം തുടങ്ങിയ വെല്ലുവിളികളെ ശാസ്ത്രീയ ഗവേഷണത്തിലൂടെയും സാങ്കേതിക നവീകരണങ്ങളിലൂടെയും നേരിടുന്നതിനോടൊപ്പം സമുദ്ര വിഭവങ്ങളുടെ സുസ്ഥിര വിനിയോഗം പ്രോത്സാഹിപ്പിക്കുകയാണ് 38-മത് കേരള സയൻസ് കോൺഗ്രസിന്റെ ലക്ഷ്യം.

## ജനുവരി 31

- ഓസ്ട്രേലിയൻ ഓപ്പൺ ടെന്നിസ് മിക്സ്ഡ് ഡബിൾസിൽ ഓസ്ട്രേലിയയുടെ ഒലീവിയ ഗെഡാകി – ജോൺ പിയേഴ്സ് സഖ്യം കിരീടം നിലനിർത്തി. 1989നു ശേഷം ആദ്യമായാണ് ഓസ്ട്രേലിയൻ ഓപ്പണിൽ, മിക്സ്ഡ് ഡബിൾസ് സഖ്യം കിരീടം നിലനിർത്തുന്നത്.

# മലയാളം: ചരിത്രവും സംസ്കാരവും

(1-ാം പേജിൽ നിന്നും തുടർച്ച)

പമ്പയ്ക്കു സമീപത്തെ മാതംഗാശ്രമത്തിലെത്തിയ രാമ-ലക്ഷ്മണന്മാർ 'ശബരി'യെ കണ്ടു വണങ്ങിയശേഷമാണ് യാത്ര തുടങ്ങിയത്. ചുരുക്കിപ്പറഞ്ഞാൽ നാമൊക്കെ കരുതുന്നതിനും ചിന്തിക്കുന്നതിനുമൊക്കെ എത്രയോ മുമ്പുതന്നെ കേരളവും മലയാളവും ഇവിടെ നിലനിന്നിരുന്നു! അതിന്റേതായ മാഹാത്മ്യവും പവിത്രതയും തന്നെയാണ് ഈ നാടിനും ഈ ഭാഷയ്ക്കുമുള്ളതെന്നതും വസ്തുത.

ഈ പ്രദേശത്തുനിറഞ്ഞുനിൽക്കുന്ന ഈശ്വരീയത ദശരഥനന്ദനൻ ശ്രീരാമനെ വല്ലാതെ ആകർഷിച്ചുവെന്നുവേണം കരുതാൻ. ഇത് 'ദൈവത്തിന്റെ സ്വന്തം നാട്' ആണെന്ന് അന്നുതന്നെ അദ്ദേഹം മനസ്സിൽ കാണുകയും ചെയ്തിരിക്കണം. അതുകൊണ്ടുതന്നെയാണ് പൂജകളിലും പ്രാർത്ഥനകളിലും യാഗ-യജ്ഞാദികളിലും താൽപര്യമുള്ള കോസലരാജ്യത്തെ ജനങ്ങൾക്ക് ഇവിടെ താമസിക്കാൻ ശ്രീരാമചന്ദ്രൻ അനുമതി നൽകിയതും. ഇത്തരത്തിൽ കേരളക്കരയിലേയ്ക്ക് വാസമുറപ്പിച്ചവർ ഇവിടെ വ്യാപകമായി യജ്ഞങ്ങളും യാഗങ്ങളും പൂജകളും നടത്തിക്കൊണ്ട് ഈശ്വരചിന്തയോടെ കഴിഞ്ഞുകൂടി. ഇത്തരത്തിൽ അന്ന് യാഗ-യജ്ഞാദികൾക്ക് വേദിയായ പ്രദേശങ്ങളാണ് പിൽക്കാലത്ത് ക്ഷേത്ര ഭൂമികളായി മാറിയത്. അവിടെയെല്ലാം മഹാക്ഷേത്രങ്ങൾ ഉയർന്നുവരികയും ചെയ്തു. ഈ ക്ഷേത്രങ്ങളിൽ ഭൂരിഭാഗത്തിലും ദേവ-ദേവീ പ്രതിഷ്ഠകൾ നടത്തിയിരിക്കുന്നത് ഋഷിമാരും മഹർഷിമാരുമാണെന്ന് ക്ഷേത്ര ഐതിഹ്യങ്ങളിൽ വ്യക്തമാക്കപ്പെട്ടിട്ടുണ്ട്.

മലയാളഭാഷയുടെ ഉപജ്ഞാതാവ് വസിഷ്ഠമഹർഷിയാണെന്ന് പുരാരേഖകളിൽ കാണുന്നു. തമിഴ് ഭാഷയുടെ ഉപജ്ഞാതാവാകട്ടെ അഗസ്ത്യമഹർഷിയും! ദശരഥ പുത്രന്മാരെ അംഗങ്ങൾ, ഉപാംഗങ്ങൾ, സ്മൃതികൾ, വ്യാകരണം തുടങ്ങിയവയൊക്കെ പഠിപ്പിച്ചത് ബ്രഹ്മപുത്രനായ വസിഷ്ഠമഹർഷിയാണെന്ന് രാമായണം ബാലകാണ്ഡത്തിൽ വ്യക്തമാക്കിയിട്ടുണ്ട്. ഇത്തരത്തിലുള്ള ഐതീഹ്യങ്ങളുടെയും ചരിത്ര യാഥാർത്ഥ്യങ്ങളുടെയും സത്തെടുത്ത് ചാലിച്ച് ചേർത്തതിന്റെ മഹനീയതയും ദിവ്യത്വവും സംസ്കാരപ്പെരുമയും ധാർമ്മിക ചൈതന്യവുമെല്ലാം മലയാളത്തിനും മലയാളഭാഷയ്ക്കും മാത്രം സ്വന്തം.

വസ്തുതകളെല്ലാം നിരത്തിവച്ച് വിശകലനം ചെയ്യുമ്പോൾ മലയാളം മറ്റേതെങ്കിലുമൊന്നിന്റെ ശാഖയോ ഉപശാഖയോ ആയിരുന്നുവെന്ന് വിചാരിക്കുന്നത് അസംഗതമാണ്. മലയാളഭാഷയ്ക്ക് മറ്റ് ദ്രാവിഡ ഭാഷകളിൽനിന്നും പ്രത്യേകമായൊരു വ്യക്തിത്വം തെളിഞ്ഞു നിൽക്കുന്നുവെന്നതും ചൂണ്ടിക്കാട്ടപ്പെടേണ്ടതാണ്. ലോകത്താകമാനം ഏതാണ്ട് നാല് കോടിയിലധികം ജനങ്ങൾ മലയാളം കൈകാര്യം ചെയ്യുന്നുണ്ട്. കേരളത്തിലെ മൊത്തം ജനസംഖ്യയിൽ 97 ശതമാനം പേരും കൈകാര്യം ചെയ്യുന്നത് മലയാളമാണ്. രണ്ടു ശതമാനം തമിഴ് ഭാഷ കൈകാര്യം ചെയ്യുമ്പോൾ കന്നഡ, തുളു, കൊങ്ങിണി തുടങ്ങിയുള്ള ഭാഷകൾ കൈകാര്യം ചെയ്യുന്നവരെല്ലാം ചേർന്ന് ഒരു ശതമാനത്തോളം വരും. ഇന്ത്യൻ ഭരണഘടനയിലെ എട്ടാം ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുള്ള 22 ഭാഷകളിൽ ഒന്നാണ് മലയാളം.

# സമാധാനത്തിന്റെ മാടപ്രാവുകൾ - ഷോൺ ഹെൻറി ഡ്യൂനന്റ്

ആഷാ റാണി

അന്തർദേശീയ റെഡ് ക്രോസ് സൊസൈറ്റിയുടെ സ്ഥാപകനായിരുന്ന ഷോൺ ഹെൻറി ഡ്യൂനന്റ് 1828 മെയ് 8ന് ജനീവയിൽ ബിസിനസുകാരനായ ജീൻ-ജാക്വസ് ഡ്യൂനന്റിന്റെയും അന്റോണെറ്റ് ഡ്യൂനന്റ്-കൊളാഡന്റെയും ആദ്യ മകനായി ജനിച്ചു. സമ്പന്നതയിൽ ജനിച്ച ഡ്യൂനന്റിന്റെ മാതാപിതാക്കൾ സാമൂഹിക സേവന പ്രവർത്തനങ്ങളിൽ തൽപരരായിരുന്നു. സാമൂഹിക സേവനത്തിന്റെ പ്രസക്തിയും മഹത്വവും ചെറുപ്പം മുതൽതന്നെ മനസ്സിലാക്കിയിരുന്ന ഡ്യൂനന്റ് അശരണരോട് കനിവുള്ള കനിവുള്ള ആളായിരുന്നു. 1859 ൽ ബിസിനസ് സംബന്ധമായ ഒരു യാത്രയ്ക്കിടയിലാണ് ഇറ്റലിയിൽ 'സോൾഫെറിനോ' യുദ്ധം നടക്കുന്ന സ്ഥലത്ത് ഡ്യൂനന്റ് എത്തിയത്.

ഫ്രാൻസും ഓസ്ട്രിയയും തമ്മിലുണ്ടായ സോൾഫെറിനോ യുദ്ധത്തിന്റെ ബാക്കിപത്രമെന്നോണം യുദ്ധഭൂമിയിൽ അവശേഷിച്ച ആയിരക്കണക്കിനാളുകളുടെ രോദനം ഡ്യുനന്റ് എന്ന മനുഷ്യസ്നേഹിയുടെ കരളലിയിക്കുന്നതായിരുന്നു. തദ്ദേശവാസികളായ സ്ത്രീകളെയും പെൺകുട്ടികളെയും സംഘടിപ്പിച്ചുകൊണ്ട് മുറിവേറ്റ ഭടന്മാരെ ചികിൽസിക്കുന്ന ദൗത്യം അദ്ദേഹം സ്വയം ഏറ്റെടുത്തു. യുദ്ധത്തിൽ ഇരുപക്ഷത്തുമായി പരിക്കേറ്റ അനേകായിരങ്ങളെ ചികിത്സിക്കുന്നതിനും ശുശ്രൂഷിക്കുന്നതിനുമായി ഒരു ക്രൈസ്തവ ദേവാലയത്തിൽ ഒരു താത്ക്കാലിക ആശുപത്രി സ്ഥാപിച്ചു. ഈ യുദ്ധ ദുരന്തങ്ങൾക്കു ദൃക്സാക്ഷിയാകേണ്ടി വന്നപ്പോഴാണ് റെഡ് ക്രോസ് സൊസൈറ്റിയെക്കുറിച്ചുള്ള ആശയം ഡ്യൂനന്റിനുണ്ടായത്. ജനീവയിൽ തിരിച്ചെത്തിയ ഡ്യൂനന്റ് തന്റെ അനുഭവങ്ങൾ വിവരിച്ചുകൊണ്ട് 1862-ൽ എ മെമ്മറി ഒഫ് സോൾ ഫെ റിനോ എന്ന കൃതി പ്രസിദ്ധീകരിച്ചു.

യുദ്ധങ്ങളിൽ പരിക്കേൽക്കുന്ന സൈനികരെ ചികിത്സിക്കുന്നതിനുവേണ്ടി ഒരു സ്ഥിരം സംഘടന ആവശ്യമാണെന്ന ആശയം ഈ കൃതിയിലൂടെ ഡ്യൂനന്റ് അവതരിപ്പിച്ചു. 1863-ൽ ജനീവയിൽ ചേർന്ന സമ്മേളനം അന്തർദേശീയ റെഡ് ക്രോസ് കമ്മിറ്റിക്ക് രൂപംനൽകി. 1864-ൽ ജനീവയിൽ നടന്ന രണ്ടാമതു സമ്മേളനത്തിൽ 12 രാഷ്ട്രങ്ങൾ പങ്കെടുത്തിരുന്നു. ഈ സമ്മേളനം അംഗീകരിച്ച പ്രഖ്യാപനം ജനീവ കൺവെൻഷൻ എന്നാണറിയപ്പെടുന്നത്.

തന്റെ മഹത്തായ ആശയ പ്രചാരണത്തിനായി മുഴുവൻ സമയവും നീക്കിവച്ച ഡ്യുനന്റ് 1867 ൽ ബിസിനസ് തകർന്ന് പാപ്പരായി തീർന്നു. പിന്നീട് ദാരിദ്ര്യത്തിൽപ്പെട്ട് സ്വന്തം നാടുവിട്ട അദ്ദേഹം കുറേക്കാലത്തേക്ക് വിസ്മൃതിയിലായി. ഹെൻറി ഡ്യുനന്റിന്റെ സേവനങ്ങളെ അംഗീകരിച്ചുകൊണ്ട് 1901 ലെ സമാധാനത്തിനുള്ള ആദ്യത്തെ നൊബേൽ സമ്മാനത്തിന് അദ്ദേഹം അർഹനായി. സമ്മാനമായി ലഭിച്ച തുകപോലും അദ്ദേഹം ജീവകാരുണ്യ പ്രവർത്തനങ്ങൾക്കായാണ് വിനിയോഗിച്ചത്. 1910ൽ മരണപ്പെട്ട ഹെൻറി ഡ്യുനന്റിന്റെ ജന്മദിനമായ മേയ് എട്ട് രാജ്യാന്തര റെഡ് ക്രോസ് ദിനമായി ആചരിക്കുന്നു.

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്.എസിന് വേണ്ടി ഡോ. എം.ആർ. തമ്പാൻ സമ്മാനിക്കുന്നു



ഡോ മൊയ്തീൻകുട്ടി എ. ബി.


ഡോ. വനജ . ടി.



സലീം ഇനുദ്ദീൻ

## ഡോ മൊയ്തീൻകുട്ടി എ. ബി.

തൃശൂർ അഴീക്കോട് സ്വദേശി. ദീർഘകാലം കാലിക്കറ്റ് യൂണിവേഴ്സിറ്റി അറബി വിഭാഗം അധ്യാപകനും പ്രൊഫസറുമായിരുന്നു. നൂറ്റമ്പതോളം ലേഖനങ്ങളും ഗവേഷണ പ്രബന്ധങ്ങളും,പുസ്തകളും ചില വിവർത്തനങ്ങളും പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഭാഷാ സാഹിത്യ വിഭാഗം ഡീൻ, അറബി പഠന വിഭാഗം തലവൻ, ന്യൂനപക്ഷ സെൽ കൺവീനർ, പഞ്ചവർഷ ബിരുദ കോഴ്സ് യൂണിവേഴ്സിറ്റി തല കമ്മിറ്റി മെമ്പർ, വിദൂര വിദ്യാഭ്യാസ ഉപദേശക സമിതി അംഗം, അറബി ബിരുദാനന്തര ബിരുദ ബോർഡ് ഓഫ് സ്റ്റഡീസ് ചെയർമാൻ, ഫറൂഖ് ഓട്ടോണമസ് കോളേജ് യൂണിവേഴ്സിറ്റി പ്രതിനിധി, എം.ഇ.എസ്. മമ്പാട് കോളേജ് വൈസ് ചാൻസിലർ നോമിനി, ശ്രീനാരയണ ഓപ്പൺ യൂണിവേഴ്സിറ്റി ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, അങ്ങനെ ധാരാളം നിലകളിൽ പ്രവർത്തിച്ചു. കേരള സംസ്ഥാന ന്യൂനപക്ഷക്ഷേമ ഡയറക്ടർ, ന്യൂനപക്ഷ വികസന ധനകാര്യ കോർപറേഷൻ ജനറൽ മാനേജർ, മാനേജിംഗ് ഡയറക്ടർ, ന്യൂനപക്ഷ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുള്ള സംസ്ഥാന കോംപിറ്റൻഡ് അതോറിറ്റി, മദ്രസാക്ഷേമനിധി ബോർഡ് അംഗം, പ്രധാനമന്ത്രി ജനവികാസ കാര്യക്രം സംസ്ഥാന നോഡൽ ഓഫീസർ, മൈനോരിറ്റി റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് കേരള സ്പെഷ്യൽ ഓഫീസർ, എന്നീ നിലകളിലും ചെയ്തു. സംസ്ഥാന തലത്തിൽ സേവനമനുഷ്ഠിച്ചു. കാലിക്കറ്റ് യൂണിവേഴ്സിറ്റി വിദൂര വിദ്യാഭ്യാസ ഡയറക്ടർ, ചെയർ ഫോർ യു.ജി.സി. ജെ.ആർ.എഫ്. നാഷണൽ എലിജിബിലിറ്റി ടെസ്റ്റ് എക്സാമിനേഷൻ കോർഡിനേറ്റർ, സെനറ്റ് മെമ്പർ, ലാംഗ്വേജ് ഫക്കൽറ്റി മെമ്പർ, ഡിപ്പാർട്ടുമെന്റ് സ്റ്റുഡൻസ് യൂണിയൻ പ്രസിഡന്റ്, കാലിക്കറ്റ് യൂണിവേഴ്സിറ്റി ലൈഫ് ലോങ്ങ് എഡ്യുക്കേഷൻ ഗവേണിംഗ് കൗൺസിൽ മെമ്പർ എന്നീ നിലകളിലും സേവനം ചെയ്തു. വാടാനപ്പള്ളിയിൽ വിദ്യാർത്ഥികൾക്ക് സൗജന്യ കരിയർ ഗൈഡൻസും കൗൺസിലിംഗും നടത്തിവരുന്ന സെന്റർ ഫോർ ഇൻഫർമേഷൻ ആന്റ് ഗൈഡൻസ് ഇന്ത്യയുടെ പ്രസിഡന്റാണ്.

## ഡോ. വനജ . ടി. Ph.D

കേരള കാർഷിക സർവകലാശാലയുടെ ഉത്തര മേഖല ഗവേഷണ വിഭാഗം മേധാവി. കേരള കാർഷിക സർവകലാശാലയുടെ RARS പിലിക്കോട് മേധാവി. കേരള ഗവൺമെന്റിന്റെ പ്രൊജക്റ്റ് ഡയറക്ടർ. ശാസ്ത്ര പുസ്തകങ്ങൾ, ഗവേഷണ പ്രബന്ധങ്ങൾ തുടങ്ങിയവ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ജൈവ നെൽകൃഷി മേഖലയ്ക്കായി ഒട്ടേറെ സംഭാവനകൾ നൽകി. 2010ൽ കൈപ്പാട് ഫാർമേഴ്സ് സൊസൈറ്റി രൂപീകരിച്ച് ആരും ശ്രദ്ധിക്കപ്പെടാതെ അന്യം നിന്നു കൊണ്ടിരുന്ന കൈപ്പാടിന്റെ ഉന്നമനത്തിനായി പ്രവർത്തിച്ചു. സൊസൈറ്റിയുടെ കൈകളായി പ്രവർത്തിക്കാൻ Food Security Army ഗ്രൂപ്പുകൾ ഉണ്ടാക്കി വിവിധ മേഖലകളിൽ പരിശീലനങ്ങൾ നൽകി. 2014ൽ കൈപ്പാട് അരിയ്ക്കു പാറ്റന്റെ വകഭേദമായ ഭൗമ സൂചിക പദവി നേടിക്കൊടുത്തു. 2016-2019: കേരള ഗവൺമെന്റ് തലത്തിൽ കൈപ്പാടിന്റെ വികസനത്തിനായി കേന്ദ്രീകൃത ഏജൻസിയ്ക്കായുള്ള പ്രവർത്തന ഫലമായി 2019ൽ ഗഅളട എന്ന കൈപ്പാട് ഏജൻസി നിലവിൽ വന്നു. 2021 മലബാർ കൈപ്പാട് ഫാർമർ പ്രൊഡ്യൂസർ കമ്പനി രുപീകരിച്ച് പ്രധാന ഉപദേഷ്ടാവായി പ്രവർത്തിക്കുന്നു. ജൈവ നെൽകൃഷി വ്യാപനത്തിനായി വിവിധ പഞ്ചായത്തുകൾ തിരഞ്ഞെടുത്ത് ഞാറ്റടി മുതൽ കൊയ്ത്തു വരെ കർഷകന്റെ പാടത്തു തന്നെ പരിശീലനങ്ങൾ നൽകി. കുരുമുളക്, തെങ്ങു കൃഷികളിൽ നിരവധി ecotypes ശേഖരണവും വിശകലനും നടത്തിയിട്ടുണ്ട്. കുരുമുളക് കൃഷിയിൽ നിർണ്ണായകമായ നിരവധി plant breeding works ഉം നടത്തി. ഒരു ഹെറിറ്റേജ് അഗ്രി ടൂറിസം സെന്റർ കേരള കാർഷിക സർവകലാശാലയുടെ പീലിക്കോട് ഉള്ള ഉത്തരമേഖലാ കാർഷിക ഗവേഷണ കേന്ദ്രത്തിൽ സ്ഥാപിച്ചു പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു. പ്രൊജക്ടുകൾ പൂർത്തികരിക്കുകയും, മെഗാ പ്രൊജക്ടുകൾ നടത്തി കൊണ്ടിരിക്കുകയും ചെയ്യുന്നു. 2012ൽ ഫ്രാൻസിൽ വെച്ച് നടന്ന ആദ്യത്തെ അന്താരാഷ്ട്ര ജൈവ നെൽകൃഷി സമ്മേളനത്തിലും. 2023ൽ ജപ്പാനിൽ വെച്ച് നടന്ന നാലാമത് അന്താരാഷ്ട്ര ജൈവ നെൽകൃഷി സമ്മേളനത്തിലും,ഇന്ത്യയെ പ്രതിനിധീകരിച്ചു പ്രബന്ധം അവതരിപ്പിച്ചു. ശാസ്ത്ര സാങ്കേതിക വിദ്യയിൽ സമഗ്ര സംഭാവനയ്ക്കു വനിതാരത്ന പുരസ്കാരം, മികച്ച കൃഷി ശാസ്ത്രജ്ഞൻ/ശാസ്ത്രജ്ഞയ്ക്കുള്ള അവാർഡ്, 2022ൽ സെൻട്രൽ യുണിവേഴ്സിറ്റിയുടെ Women Achever അവാർഡ് തുടങ്ങി മറ്റു അംഗീകാരങ്ങൾ ലഭിച്ചിട്ടുണ്ട്.

## സലീം ഇനുദ്ദീൻ

തൃശൂർ ചാവക്കാട് സ്വദേശി. വ്യവസായ പ്രമുഖൻ, സാമൂഹ്യ പ്രവർത്തകൻ. 1973ൽ ഷാർജയിൽ തന്റെ പ്രവാസ ജീവിതം ആരംഭിച്ചു. കലാപരമായി പകർത്തിയ ഫോട്ടോഗ്രാഫുകൾക്ക് വളരെയധികം പ്രശംസ നേടിയിട്ടുണ്ട്. ദുബായ് കൈരളി കലാ കേന്ദ്രത്തിന്റെ സെക്രട്ടറിയായാണ് സാമൂഹിക ജീവിതം ആരംഭിച്ചത്. 1980-ൽ, ഷാർജയിലെ ഇന്ത്യൻ അസോസിയേഷൻ മാനേജ്മെന്റ് കമ്മിറ്റി അംഗമായി. പിന്നീട് ജനറൽ സെക്രട്ടറിയായും, പ്രസിഡന്റായും സേവനമനുഷ്ഠിച്ചു. ഷാർജ ഇന്ത്യൻ സ്കൂളിന്റെ ഭരണം ആധുനികവൽക്കരിക്കുന്നതിലും അദ്ദേഹം നിർണായക പങ്കു വഹിച്ചിട്ടുണ്ട്. ക്രോസിംഗ്സ് ഇന്റർനാഷണൽ ഗ്രൂപ്പിന്റെ മാനേജിംഗ് ഡയറക്ടറുമാണ്. ഈ ഗ്രൂപ്പിന്റെ കീഴിൽ മൗറിഷ്യസിലും ഇന്ത്യയിലും പ്രവർത്തനങ്ങളുണ്ട്. തൃശ്ശൂരിലുള്ള സെന്റർപോയിന്റ് ഷോപ്പിംഗ് മാൾ, മാനേജിംഗ് പാർട്ണറും സിഇഒയുമാണ്. പരിസ്ഥിതി സംരക്ഷണം നിലനിർത്തിക്കൊണ്ട് സുസ്ഥിര ജീവിതത്തിനായി നിരവധി സംരംഭങ്ങൾ സ്വീകരിച്ചു. ഭാരതപ്പുഴയെ മലിനീകരണത്തിൽ നിന്ന് സംരക്ഷിക്കുന്നതിനുള്ള ഒരു പ്രത്യേക പരിപാടി നിലവിൽ നടക്കുന്നു



അഡ്വ.പി.ചാത്തുകുട്ടി


ഡോ.അബ്ദുൾ മജീദ്.ടി.എ



അജികുമാർ.കെ


ശോഭ ശിവാനി (ബി.ശോഭ) വേണ്ടി ഭർത്താവ്

## അഡ്വ.പി.ചാത്തുകുട്ടി

വയനാട് നോർത്ത് കൽപ്പറ്റ സ്വദേശി. സാമൂഹ്യ പ്രവർത്തകൻ, അഭിഭാഷകൻ. ക്രിമിനൽ അഭിഭാഷകൻ, എസ്.ബി.ഐ., മറ്റ് നാഷണലൈസ്ഡ് ബാങ്കുകളുടെയും മറ്റ് ധനകാര്യ സ്ഥാപനങ്ങളുടെയും പാനൽ അഡ്വക്കറ്റ് എന്നീ നിലകളിൽ പ്രവർത്തിച്ചു. കൽപ്പറ്റ മുനിസിപ്പാലിറ്റിയുടെ പ്രഥമ ചെയർമാൻ, മലബാർ ദേവസ്വം ബോർഡ് പ്രസിഡണ്ട്, ശ്രീനാരായണ അന്തർദേശീയ പഠന കേന്ദ്രത്തിന്റെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം, വിംസ് മെഡിക്കൽ കോളേജിന്റെ എത്തിക്സ് ബോർഡ് അംഗം, കോഴിക്കോട് ബാബുരാജ് മെമ്മോറിയൽ മ്യൂസിക് അക്കാദമിയുടെ ലൈഫ് മെമ്പർ, റോട്ടറി ക്ലബ്ബ് കൽപ്പറ്റയുടെ ഫൗണ്ടർ സെക്രട്ടറി സൊസൈറ്റി, പ്രകൃതി സംരക്ഷണ സമിതി, ചെയർമാൻ, ശ്രീനാരായണ ഗുരു എജ്യൂക്കേഷണൽ ട്രസ്റ്റ് കോയമ്പത്തൂർ ആന്റ് ശ്രീനാരായണ ഗുരുകോളേജ് കോയമ്പത്തൂർ, ഡയറക്ടർ എസ്.എൻ.ഇ.എസ് സൊസൈറ്റി, കോഴിക്കോട് ആജീവനാന്ത മാനേജിംഗ് ട്രസ്റ്റി സി.എം.എസ്. എജ്യൂക്കേഷൻ ചാരിറ്റബിൾ സൊസൈറ്റി, ഡയറക്ടർ, പഴശ്ശി ട്രസ്റ്റ് ആന്റ് ട്രൈബൽ ഹോസ്റ്റൽ, എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. ബെസ്റ്റ് സോഷ്യൽ വർക്ക് അവാർഡ് (എസ്.എൻ.ജി.ഇ.ഡി.ബറോഡ), പോപ്പുലർ ലോയേഴ്സ് അവാർഡ് (ശാന്തിഗിരി ആശ്രമം തിരുവനന്തപുരം), കേരളാ കൗമുദിയുടെ എക്സലന്റ് അവാർഡ് തുടങ്ങിയുള്ള അവാർഡുകളും അംഗീകാരങ്ങളും ലഭിച്ചിട്ടുണ്ട്.

## ഡോ.അബ്ദുൾ മജീദ്.ടി.എ

കാസർകോജ് ഉദുമ സ്വദേശി. പ്രൊഫസർ, അറബി വിഭാഗം കാലിക്കട്ട് സർവ്വകലാശാല. കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് മൂന്നു ദശാബ്ദത്തിലധികം ദീർഘകാല സേവനപരിചയം. പന്ത്രണ്ട് പി.എച്ച്.ഡി. ഗവേഷണ പ്രബന്ധങ്ങൾക്ക് മേൽനോട്ടം വഹിച്ചിട്ടുണ്ട്. പന്ത്രണ്ടോളം ഗ്രന്ഥങ്ങൾ എഡിറ്റ് ചെയ്തിട്ടുണ്ട്. ദേശീയ അന്താരാഷ്ട്ര റിസർച്ച് ജേണലുകളിൽ നിരവധി ഗവേഷണ പ്രബന്ധങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. നിരവധി അന്താരാഷ്ട്രവും ദേശീയവുമായ സെമിനാറുകളും കോൺഫറൻസുകളിലും പങ്കെടുത്തു. ഗവേഷണ രംഗത്ത് മികച്ച സംഭാവനകൾ ചെയ്തു. പിന്നോക്ക മേഖലകളിലെ വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി നിരന്തരമായി പ്രവർത്തിച്ചുവരുന്ന ഒരു വിദ്യാഭ്യാസ പ്രവർത്തകൻ കൂടിയാണ്. സർവ്വകലാശാല സെനറ്റ്, അക്കാദമിക് കൗൺസിൽ എന്നിവയിൽ അംഗമായും യു.ജി.പഠന ബോർഡ് ചെയർമാനായും സേവനമനുഷ്ഠിച്ചു. അക്കാദമിക് നയരൂപീകരണത്തിലും പാഠ്യപദ്ധതി വികസനത്തിലും നിർണ്ണായക പങ്കുവഹിച്ചു.

## അജികുമാർ.കെ

ആലപ്പുഴ വെൺമണി സ്വദേശി. കഴിഞ്ഞ 25 വർഷമായി നാടൻപാട്ട് കലാരംഗത്തു സജീവമായി പ്രവർത്തിക്കുന്നു. കേരളത്തിലെ വിവിധ നാടൻപാട്ട് സമിതികളിലായി 175-ൽ അധികം വേദികളിൽ പരിപാടി അവതരിച്ചിട്ടുണ്ട്. മറ്റ് കലാസാംസ്കാരിക മേഖലയിലും സജീവമായി പ്രവർത്തിക്കുന്നു. നാടൻപാട്ട് കലാകാരൻ എന്ന നിലയിൽ നാട്ടിലെ വിവിധ സാംസ്കാരിക സംഘടനകളിൽ നിന്നും ധാരാളം ആദരവുകൾ ലഭിച്ചിട്ടുണ്ട്. കേരളോത്സവം, സ്കൂൾ കലോത്സവം തുടങ്ങിയ മത്സരവേദികളിൽ ജഡ്ജാണ്. വെൺമണി കൃഷിഭവൻ നേതൃത്വംനൽകുന്ന കാർഷിക വികസന സമിതി അംഗമായും പ്രവർത്തിക്കുന്നു. പുരാണപാരായണം, ജീവകാരുണ്യ പ്രവർത്തനം, പ്രോഗ്രാം അനൗൺസ്മെന്റ് എന്നീ മേഖലയിലും പ്രവർത്തിക്കുന്നു. രാഷ്ട്രീയരംഗത്തും സജീവമാണ്. നിലവിൽ സി പി ഐ വെൺമണി ലോക്കൽ കമ്മറ്റി അംഗമായും,ചെങ്ങന്നൂർ ഏരിയകമ്മറ്റി അംഗമായും പ്രവർത്തിക്കുന്നു.

## ശോഭ ശിവാനി (ബി.ശോഭ)

എറണാകുളം കളമശ്ശേരി സ്വദേശി. ചലചിത്ര പിന്നണിഗായിക, സ്റ്റേജ് പെർഫോമിങ്ങ് ഗായിക സിനിമകളിലും ടെലിവിഷൻ സീരിയലുകളിലും മ്യൂസിക്കൽ ഡിവോഷണൽ ആൽബങ്ങളിലും പാടിയിട്ടുണ്ട്. സ്റ്റേറ്റ് ഗവൺമെന്റ് അവാർഡ് നൈറ്റുകൾ, ടെലിവിഷൻ സ്റ്റേജ് ഷോകൾ ഉൾപ്പെടെ അനേകം ഷോകളിലും മുപ്പത് വർഷമായി പാടി വരുന്നു. ആകാശവാണി ഓൾ ഇന്ത്യ ലൈറ്റ് മ്യൂസിക് കോമ്പറ്റീഷനിലും ദൂരദർശൻ ഹംസധ്വനി ആലാപനം മ്യൂസിക് റിയാലിറ്റി ഷോയിലും വിജയം കൈവരിച്ചു. അകത്തു നിന്നും ലൈറ്റ് മ്യൂസിക്കിന് ഉയർന്ന പദവിയായ ‘എ’ ഗ്രേഡ് ലഭിച്ചു. കേരള യൂണിവേഴ്സിറ്റി ലൈറ്റ് മ്യൂസിക് മത്സരം, മാതൃഭൂമി കലോത്സവം ലൈറ്റ് മ്യൂസിക് മത്സര എന്നിവയിൽ വിജയിച്ചതിനുപുറമേ എം.ജി ഫൗണ്ടേഷൻ ബെസ്റ്റ് സിംഗർ ടെലിവിഷൻ അവാർഡ്, തൂത്തുക്കുടി മലയാളി അസോസിയേഷൻ ഗാനമധുരി ചലചിത്ര പിന്നണി ഗായിക അവാർഡ് എന്നിവയും ലഭിച്ചു. 2017 ൽ ഇൻഡിവുഡ് എക്സലൻസ് ബെസ്റ്റ് സിംഗർ അവാർഡ് ഉൾപ്പെടെ പ്രാദേശികമായ മറ്റനവധി പുരസ്ക്കാരങ്ങളും നേടിയിട്ടുണ്ട്. മാക്ട, സമം, കാഫ്, കെ.സി.ഡബ്ലിയുബി എന്നിവയുടെ അംഗമായി പ്രവർത്തിക്കുന്നു. സ്വന്തമായി ശോഭ ശിവാനീസ്, ‘തിര’ മ്യൂസിക് ബാൻഡ്, കൊച്ചിൻ എന്നീ സംഗീത സ്ഥാപനങ്ങൾ നടത്തുവരുന്നു.



സരസ്വതി അമ്മ


മണലൂർ ഗോപിനാഥ്



പ്രൊഫ. കെ കെ മഹ്മൂദ്, വടകര

## സരസ്വതി അമ്മ

തിരുവനന്തപുരം സ്വദേശി. 1978-ൽ തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്റ്റാഫ് നേഴ്സായി. 31 വർഷത്തെ സർക്കാർ സർവ്വീസ്സിൽ ജനറൽ സർജറി, യൂറോളജി, യൂറോ സർജറി, സർജിക്കൽ ഗ്യാസ്ട്രോ എൻട്രോളജി, ഓപ്പൺ ഹാർട്ട് സർജറി, ഓർത്തോപീഡിക് സർജറി, എമർജൻസി സർജറി എന്നിവയുൾപ്പെടെ 16 ഓപ്പൺ തീയേറ്ററുകൾ ഉൾക്കൊള്ളുന്ന മേജർ ഓപ്പറേഷൻ തീയേറ്റർ സമുച്ചയത്തിൽ 20ലധികം വേരിയന്റുകളിൽ ജോലി ചെയ്തിട്ടുണ്ട്. 2000 മുതൽ മുഴുവൻ ഓപ്പറേഷൻ തീയേറ്റർ സമുച്ചയത്തിന്റെയും ഭരണപരമായ ചുമതല വഹിച്ചിട്ടുണ്ട്. മെഡിക്കൽ കോളേജിൽ ഓപ്പറേഷൻ തീയേറ്റർ സ്ക്രബ് ഇൻചാർജ് ആയിരുന്നു. തിരുവനന്തപുരം മെഡിക്കൽകോളേജിൽ നിന്നും നേഴ്സിംഗ് സൂപ്രണ്ട് - ഗ്രേഡ് -1 ആയി റിട്ടയർ ചെയ്തു. ഇപ്പോൾ ശാസ്തമംഗലം ശ്രീരാമകൃഷ്ണ ചാരിറ്റബിൾ ആശുപത്രിയിൽ നഴ്സിംഗ് സൂപ്രണ്ടായി ഫുൾടൈം വർക്ക് ചെയ്യുന്നു.

## മണലൂർ ഗോപിനാഥ്

തൃശ്ശൂർ കാഞ്ഞാണി സ്വദേശി.40 വർഷമായി ഓട്ടൻതുള്ളൽ കലാകാരൻ. കേരളത്തിലും, ബാംഗ്ലൂർ, ഡൽഹി, തമിഴ്നാട് എന്നിവിടങ്ങളിലും ഹോംങ്കോങ്ങ്, ദോഹ, ഖത്തർ, ദുബായ്, ലണ്ടൻ, മസ്കറ്റ്, മലേഷ്യ, തായ്‌ലാന്റ് എന്നീ വിദേശ രാജ്യങ്ങളിലും ഓട്ടൻതുള്ളൽ അവതരിപ്പിച്ചിട്ടുണ്ട്. ശരാശരി ഒരു വർഷം 50-ൽ കൂടുതൽ ക്ഷേത്രങ്ങളിൽ ശീതങ്കൻ തുള്ളലും, പറയൻ തുള്ളലും അവതരിപ്പിച്ചുവരുന്നു. കേരള ആരോഗ്യവകുപ്പിന്റെ കുഷ്ഠരോഗ നിർമ്മാർജ്ജന യജ്ഞത്തിന്റെ ഭാഗമായി അശ്വമേധം എന്ന തുള്ളൽ രചിച്ച് വിവിധ സ്ഥലങ്ങളിൽ അവതരിപ്പിച്ചു. ലഹരിയ്ക്ക് എതിരെയുള്ള പോരാട്ടത്തിൽ പങ്കുചേർന്ന് സർക്കാർ തലത്തിൽ ലഹരി വിരുദ്ധ ഓട്ടൻതുള്ളൽ സ്കൂളുകൾ, കോളേജുകൾ തുടങ്ങി നിരവധി വേദികളിൽ അവതരിപ്പിച്ചു. പുതിയ തലമുറയിൽ ഈ കല എത്തിക്കുന്നതിനു വേണ്ടി സ്കൂൾ, കോളേജു തലങ്ങളിൽ സൗജന്യമായി തുള്ളൽ അവതരിപ്പിക്കുന്നു. ഇതുകൂടാതെ കളരിപയറ്റ്, ചെണ്ട, സംഗീതം, നൃത്തം, ചിത്രകല, ഉപകരണസംഗീതം എന്നിവയും ചെയ്യുന്ന്. 150 കുട്ടികൾ തുള്ളൽ കളരിയിൽ പഠനം നടത്തുന്നുണ്ട്. പ്രധാന അദ്ധ്യാപകനായി സേവനമനുഷ്ഠിച്ചുവരുന്നു. സാമ്പത്തികമായി ബുദ്ധിമുട്ടുന്ന കളരിയിലെ കുട്ടികൾക്ക് തുടർ പഠനത്തിന് ധനസഹായം ചെയ്തുവരുന്നു. പത്ത് ലക്ഷം രൂപ ചിലവിൽ തുള്ളലിന് വേണ്ടി ഒരു കൂത്തമ്പലം പണിതീർത്തിട്ടുണ്ട്. ഗുരുവായൂർ ദേവസ്വത്തിന്റെ ശ്രീ ഗുരുവായൂരപ്പൻ ക്ഷേത്രകലാ പുരസ്കാരം, കേരള സംഗീത നാടക അക്കാദമി പുരസ്കാരം, ലക്കിടി കുഞ്ചൻസ്മാരക പുരസ്കാരം, പ്രവാസി പുരസ്കാരം, മമ്മിയൂർ ദേവസ്വം പുരസ്കാരം, കൊടുങ്ങല്ലൂർ കുഞ്ഞുകുട്ടൻ സ്മാരക പുരസ്കാരം, തോപ്പിൽ ഭാസി പുരസ്കാരം തുടങ്ങി മുപ്പതോളം അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

## പ്രൊഫ. കെ കെ മഹ്മൂദ്, വടകര

വടകര സ്വദേശി. ഗവൺമെൻറ് വിക്ടോറിയ കോളേജ്,പാലക്കാട്, പി.എസ്.എം.ഒ കോളേജ്, തിരൂരങ്ങാടി HOD, PG Department of History, വിസിറ്റിംഗ് പ്രൊഫസർ, ഇസ്ലാമിക് ചെയർ, കോഴിക്കോട് സർവ്വകലാശാല, സിൻഡിക്കേറ്റ്, മെമ്പർ, താഴെ അങ്ങാടി സർവീസ് സൊസൈറ്റി ട്രസ്റ്റ് രൂപീകരണം നടത്തി തീരപ്രദേശത്ത് ജീവകാരുണ്യ പ്രവർത്തനങ്ങൾ, വടകര ഇസ്ലാമിക് വെൽഫെയർ അസോസിയേഷൻ രൂപീകരണം , വടകര മുൻസിപ്പൽ പ്രദേശത്ത് ജീവകാരുണ്യ നിർമ്മാണ പ്രവർത്തനങ്ങൾ, ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്കുള്ള പഠന പരിശീലന കേന്ദ്രം - വിവ സ്കൂൾ ഫോർ മെന്റലി ചാലഞ്ച്ഡ് പ്രസിഡൻറ്, നൂറിലധികം കുട്ടികൾ പഠന പരിശീലനം നേടുന്നു. ദയ പെയിൻ ആൻഡ് പാലിയേറ്റീവ് ക്ലിനിക് - പ്രസിഡൻറ്, വടകര താലൂക്കിലെ വിവിധ പ്രദേശങ്ങളിൽ കാൻസർ വൃക്ക തുടങ്ങിയ മാരക രോഗങ്ങൾ ബാധിച്ചവർക്ക് സാന്ത്വന ചികിത്സ, നൽകുന്ന ഹോംകെയർ ആണിത്. മലബാർ ഹയർ എജുക്കേഷനൽ സൊസൈറ്റി - പ്രസിഡൻറ്. MHES കോളേജ് ഓഫ് സയൻസ് & ടെക്നോളജി 2003-ൽ ആരംഭിക്കുന്നു. കോളേജ്. പിജി, യുജി കോഴ്സുകളിലായി 1300-ൽ അധികം കുട്ടികൾക്ക് ഉന്നത വിദ്യാഭ്യാസം നൽകുന്നു. മനാറുൽ ഇസ്ലാം സഭ - പ്രസിഡൻറ്, സഭയ്ക്ക് കീഴിൽ 5 ഘ.ജ സ്കൂൾ, ഹൈസ്കൂൾ, ഹയർ സെക്കൻഡറി സ്കൂൾ, വൊക്കേഷണൽ ഹയർ സെക്കൻഡറി സ്കൂൾ. വടകര ജുമാഅത്ത് പള്ളി ദർസ് കമ്മിറ്റി - വൈസ് പ്രസിഡൻറ്, സെക്കൻഡറി & ഹയർ സെക്കൻഡറി മദ്രസ, ഇഹ്‌ളുൾ ഖുർആൻ കോളേജ്, അൽദിർ പബ്ലിക് സ്കൂൾ, വനിതാ കോളേജ്എന്നിവ പ്രവർത്തിക്കുന്നു. വടകര മണ്ഡലം മുസ്‌ലിം ലീഗ് കമ്മിറ്റി - വൈസ് പ്രസിഡൻറ്, വടകര സിറ്റിസൺസ് കൗൺസിൽ രൂപീകരണം ഇടക്കാല പ്രസിഡൻറ്. ഒയിസ്ക ഇന്റർനാഷണൽ വടകര ചാപ്റ്റർ ഇടക്കാലത്ത് ചാപ്റ്റർ പ്രസിഡൻറ്. ജില്ലാ പ്രസിഡൻറ്, സംസ്ഥാന വൈസ് പ്രസിഡൻറ്. ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റി വടകര താലൂക്ക് - ചെയർമാൻ. ഇപ്പോൾ ഹരിതാമൃതം ചീഫ് കോ-ഓർഡിനേറ്റർ. വടകര മുനിസിപ്പൽ കൗൺസിലർ - 1995- 2020.

# 'ഭാരത് സേവക്' ബഹുമതി നൽകി ആദരിച്ചു

'ഭാരത് സേവക്' ബഹുമതികൾ ബി.എസ്.എസിന് വേണ്ടി ഡോ. എം.ആർ. തമ്പാൻ സമ്മാനിക്കുന്നു



അഡ്വ.പി.പരമേശ്വരൻ



രശ്മി എം.കെ



ജയേന്ദ്രൻ



മനോജ് പി. കമ്മത്ത്

### അഡ്വ.പി.പരമേശ്വരൻ

പാലക്കാട് ജില്ലയിലെ ചാലിശ്ശേരി സ്വദേശി. തികച്ചും ഗുരുകുലസമ്പ്രദായത്തിൽ ഋഗ്വേദ സംഹിത മുഴുവൻ ഹൃദിസ്ഥമാക്കി. 1916-ൽ ആരംഭിച്ച ബ്രഹ്മസ്വം മഠം വിദ്യാർത്ഥിസംഘത്തിന്റെ സജീവപ്രവർത്തകനായി. നിരവധി നാടകങ്ങളിലും അഭിനയിച്ചു. ഗുറാത്ത് ഗവർണർ കെ.കെ.വിശ്വനാഥന്റെ പേഴ്സണൽ അസിസ്റ്റന്റായിരുന്നു. സുപ്രീം കോടതിയിൽ കേന്ദ്ര സർക്കാരിന്റെ അഡ്വക്കേറ്റായി 1985-ൽ ചുമതലയേൽക്കുകയും 35,000-ത്തോളം കേസുകൾ കൈകാര്യം ചെയ്യുകയുമുണ്ടായി. 1939-ൽ ദൽഹിയിൽ ആരംഭിച്ച കേരള ക്ലബ്ബിന്റെ സെക്രട്ടറി, വൈസ് പ്രസിഡണ്ട് എന്നീ നിലകളിൽ പ്രവർത്തിച്ചു. ഹരിദ്വാറിലെ അയ്യപ്പക്ഷേത്രത്തിന്റെ ട്രസ്റ്റിയായി തുടരുന്നു. ബ്രഹ്മസ്വം മഠം വേദഗവേഷണകേന്ദ്രത്തിന്റെ ചെയർമാനായി പ്രവർത്തിച്ചു. റൂറൽ ലിറ്ററി ഫെസ്റ്റ് 2025 ചാലിശ്ശേരി അവാർഡ്, കടവല്ലൂർ അന്യോന്യം പരിഷത്തിന്റെ 'വേദബന്ധു' പുരസ്കാരം 2025 എന്നിവ ലഭിച്ചു. ബ്രഹ്മസ്വം മഠം പ്രസിഡണ്ടായി തുടരുന്നു.

### രശ്മി എം.കെ

ഒടകര സ്വദേശി. അക്യൂപങ്ക്ചർ ചികിത്സാരംഗത്ത് പ്രവർത്തിക്കുന്നു. ശാസ്ത്രീയവും സമഗ്രവുമായ അക്യൂപങ്ക്ചർ ചികിത്സയിലൂടെ സുരക്ഷിതവും ഫലപ്രദവുമായ ചികിത്സ നിരവധി രോഗികൾക്ക് നൽകിവരുന്നു. മൂന്ന് വർഷക്കാലം ജനതാ ആശുപത്രിയിൽ ഹോളിസ്റ്റിക് വിഭാഗം മേധാവിയായി സേവനം അനുഷ്ഠിച്ചു. വടകര സഹകരണ അയുർവേദ ആശുപത്രിയിൽ വകുപ്പ് മേധാവിയായും പ്രവർത്തിച്ചു. ആയുർവേദം, നാച്ചുറോപ്പതി, യോഗ തെറാപ്പി, അക്യൂപങ്ക്ചർ എന്നിവയെ ഏകോപിപ്പിച്ച സമഗ്ര വെൽനസ് സംരഭമാണ് ആയുർമന്ത്ര. ചുരുങ്ങിയ കാലം കൊണ്ട് തന്നെ ആയുർമന്ത്രയെ ജനഹൃദയങ്ങളിൽ എത്തിച്ചു. ശരീരം, മനസ്, ആത്മാവ് എന്നിവയെ ഒരുപോലെ സ്പർശിക്കുന്ന മഹത്തായ ചികിത്സാ ദർശനമാണ് ആയുർമന്ത്ര നൽകുന്നത്. മികച്ച ചികിത്സയ്ക്കൊപ്പം ആരോഗ്യകരമായ ജീവിത ശൈലി ഒരു സമൂഹത്തിലേക്ക് എത്തിക്കുന്നു. ഹരിതാമൃതം മികച്ച ഹോളിസ്റ്റിക് കൺസൾട്ടന്റ് പുരസ്ക്കാരം ലഭിച്ചു. കോഴിക്കോട് കേരള ആയുർവേദ വൈദ്യശാല മികച്ച ഹോളിസ്റ്റിക് കൺസൾട്ടന്റായി ആദരിക്കുകയുമുണ്ടായി.

### ജയേന്ദ്രൻ

എറണാകുളം പിങ്ങാരപ്പള്ളി സ്വദേശി. ശിൽപ്പി, ചിത്രകാരൻ. വിവിധ പരസ്യ ഏജൻസികളിൽ നാല് വർഷത്തോളം ആർട്ട് ഡയറക്ടറായി സേവനമനുഷ്ഠിച്ചു. കേരളത്തിലെ സർക്കാർ വിദ്യാലയങ്ങളിൽ ചിത്രകലാ അധ്യാപകനായി പ്രവർത്തിച്ചു. സൗദി അറേബ്യയിൽ സെറാമിക് ആർട്ടിസ്റ്റായി ജോലി ചെയ്തിട്ടുണ്ട്. ടൂൺസ് ആനിമേഷൻ ഇന്ത്യയിൽ പ്രവർത്തിച്ചു. മലയാളത്തിലെ പ്രമുഖ ആനുകാലികങ്ങളിൽ ചിത്രകാരനായി വർഷങ്ങളോളം പ്രവർത്തിച്ചു. പ്രകൃതിയിലെ ഘടകങ്ങളെ മനുഷ്യന്റെയും മൃഗങ്ങളുടെയും വികാരങ്ങളുമായി സമന്വയിപ്പിക്കുന്ന, ശൈലിയാണ് സ്വീകരിച്ചിട്ടുള്ളത്. നിരവധി പോർട്രെയ്റ്റ് ശിൽപങ്ങളും റിലീഫ് വർക്കുകളും നിർമ്മിച്ചിട്ടുണ്ട്. കൊച്ചി കേന്ദ്രമാക്കി ശിൽപകല, ചിത്രകല, ചിത്രീകരണം എന്നീ മേഖലകളിൽ സ്വതന്ത്ര കലാകാരനായി പ്രവർത്തിച്ചു വരുന്നു. സംസ്ഥാന ബാലസാഹിത്യ ഇൻസ്റ്റിറ്റ്യൂട്ട് അവാർഡ് ലഭിച്ചു.

### മനോജ് പി. കമ്മത്ത്

കൊച്ചി ഏലംങ്കര സ്വദേശി. മീഡിയ വിദഗ്ധൻ, ക്രിയേറ്റീവ് കൺസൾട്ടന്റ്, മോട്ടിവേഷണൽ സ്പീക്കർ, ഗായകൻ. മൂന്ന് പതിറ്റാണ്ടിലേറെയായി മാധ്യമരംഗത്തും സാമൂഹിക സേവനരംഗത്തും സജീവസാന്നിധ്യമാണ്. 1999 മുതൽ 2014 വരെ വിഷ്വൽ മീഡിയയിൽ ചീഫ് പ്രൊഡ്യൂസർ, ഡയറക്ടർ, അസ്സോസിയേറ്റ് ആന്റ് അസിസ്റ്റന്റ് ഡയറക്ടർ, റിസർച്ചർ എന്നീ നിലകളിൽ ടെലിവിഷൻ ചാനലുകളിൽ. പ്രവർത്തിച്ചു. 40 വർഷത്തിലേറെയായി ടെലിവിഷൻ, റേഡിയോ, സ്റ്റേജ് ഷോകൾ നടത്തുന്ന പ്രൊഫഷണൽ ഗായകൻ. വോക്കൽ ട്രെയിനിംഗ്, ഗ്രൂമിംഗ് എന്നിവയിൽ വിദഗ്ധൻ. കാമ്പസ് റേഡിയോ പ്രോജക്റ്റുകളുടെ കോർഡിനേറ്റർ. സംഗീതത്തിലൂടെയുള്ള പ്രചോദനാത്മക പ്രഭാഷണങ്ങൾ വഴി വിദ്യാർത്ഥികളെ ശാക്തീകരിക്കുന്നു. പരിസ്ഥിതി സംരക്ഷണം, റോഡ് സുരക്ഷ, ലഹരിവിരുദ്ധ പ്രവർത്തനങ്ങൾ എന്നിവയിൽ സജീവമായ ഇടപെടലുകൾ നടത്തുന്നു. ക്ലീൻ തൃശൂർ പദ്ധതിയുടെ ആശയം. സ്വച്ഛ് ഭാരത് അവാർഡിന് അർഹനാക്കി. തൃശൂർ കോർപ്പറേഷൻ സ്റ്റേഡിയം ഒറ്റയ്ക്ക് വൃത്തിയാക്കി തുടങ്ങിയ ഇദ്ദേഹത്തിന്റെ പ്രവർത്തനം കണ്ട് പിറ്റേദിവസം ജനങ്ങൾ ഒന്നടങ്കം ഏറ്റെടുക്കുകയും സ്റ്റേഡിയം പ്ലാസ്റ്റിക് വിമുക്തമാക്കുകയും ചെയ്തു. ലഹരി വിരുദ്ധ പോരാട്ടം വിദ്യാലയങ്ങളിൽ ലഹരി വിരുദ്ധ ക്ലാസുകളും കരിയർ ഗൈഡൻസ് സെഷനുകളും നടത്തുന്നു. അഗതിമന്ദിരങ്ങൾ, അനാഥാലയങ്ങൾ, ഭിന്നശേഷിയുള്ള കുട്ടികൾ എന്നിവർക്കായി വസ്ത്രങ്ങൾ, ഭക്ഷണസാധനങ്ങൾ, പഠനോപകരണങ്ങൾ എന്നിവ വിതരണം ചെയ്യുന്നു. പതിനഞ്ചു വർഷത്തിലേറെ ദൃശ്യ മാധ്യമ രംഗത്ത് പ്രവർത്തിച്ച ശേഷം മാതൃഭൂമി ക്ലബ് എഫ്.എം തൃശൂർ സ്റ്റേഷൻ ഹെഡായി 8 വർഷം സേവനമനുഷ്ഠിച്ചു.



ജി.ഗോപകുമാർ



കോയപ്പതൊടി പാലപ്പുറമുഹമ്മദ് ബഷീറിന് വേണ്ടി



മൊയ്തു പി.കെ



ഷഫീഖ്. എസ്സ്



എം.എച്ച്. സുലൈമാൻ

### ജി.ഗോപകുമാർ

മാവേലിക്കര ചെട്ടികുളങ്ങര സ്വദേശി. മാധ്യമ പ്രവർത്തകൻ കുത്തിയോട്ട കലാകാരൻ. 15 വർഷമായി വാർത്ത മാധ്യമ രംഗത്ത് പ്രവർത്തിക്കുന്നു. ജന്മഭൂമി തൃശ്ശൂർ എഡിഷൻ സബ് എഡിറ്റർ ആണ്. 45 വർഷമായി ശ്രീ ലളിതാംബിക കുത്തിയോട്ട സമിതിയിൽ പ്രവർത്തിക്കുന്നു. 30 വർഷമായി ചുവടിന്റ ആശാനാണ്. കുത്തിയോട്ടത്തിന്റെ ആചാര അനുഷ്ഠാനങ്ങളെ കുറിച്ച് 'ചെട്ടികുളങ്ങര ഭഗവതി ക്ഷേത്ര ഐതീഹ്യവും ചരിത്രവും' എന്ന ഗ്രന്ഥത്തിന്റെ രചയിതാവാണ്. മാവേലിക്കര ഏ.ആർ. രാജരാജവർമ്മ സാംസ്കാരികനിലയം പ്രശസ്തിപത്രം നൽകി അനുമോദിച്ചു. ഒരുമ സാംസ്കാരിക സംഘടനയും ചെട്ടികുളങ്ങര മേനാമ്പള്ളി ഹൈന്ദവ കരയോഗവും ആദരിച്ചു. സിനിമ സീരിയൽ രംഗത്ത് സഹസംവിധായകനായും പ്രവർത്തിച്ചു. വിവിധ ആൽബങ്ങൾ സംവിധാനം ചെയ്തു. ഷോർട്ട് ഫിലിം, ഡോക്യുമെന്ററി എന്നിവ സംവിധാനം ചെയ്തിട്ടുണ്ട്.

### കോയപ്പതൊടി പാലപ്പുറമുഹമ്മദ് ബഷീർ

മലപ്പുറം വാഴക്കാട് സ്വദേശി. കലാകാരൻ, പ്രഭാഷകൻ. ധാരാളം സ്റ്റേജുകളിൽ ഗാനങ്ങൾ ആലപിക്കുകയും, പ്രഭാഷണം നടത്തുകയും ചെയ്തിട്ടുണ്ട്. ഫ്രൻസ് മ്യൂസിക്കൽ എന്ന സ്ഥാപനം നടത്തുന്നു, ഹർമോണിയം, തബല, ഗിറ്റാർ, വയലിൻ തുടങ്ങിയവയും കൈകാര്യം ചെയ്യുന്നു. പതിനഞ്ചോളം പ്രമുഖ ഗായകരോടൊപ്പം ഗാനങ്ങൾ ആലപിച്ചിട്ടുണ്ട്. മാപ്പിളപ്പാട്ടിലെ കുലപതികളായ മഹാകവി മോയിൻകുട്ടി, കാസർകോട്ടേ ഉബൈദ്, കെ.എസ്.കാതർ, എസ്.ഐ.ജമീൽ തുടങ്ങിയവരുടെ പേരിലുള്ള കേരള അവാർഡുകളും ലഭിച്ചിട്ടുണ്ട്. ആയോധനകലയായ കളരിയിലും പ്രാവണ്യം നേടിയിട്ടുണ്ട്.

### മൊയ്തു പി.കെ

കോഴിക്കോട് വടകര സ്വദേശി. സാമൂഹിക-സാംസ്കാരിക രംഗത്ത് 22 വർഷമായി പ്രവർത്തിച്ചുവരുന്ന തിരുവള്ളൂർ സാംസ്കാരിക ലൈബ്രറി ഡയറക്ടർ, വടകര വിദ്യാഭ്യാസ സമിതി കൺവീനർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു. കേരള സേവ് പരിസ്ഥിതി ജില്ലാ സെക്രട്ടറി, തൊടന്നൂർ സബ് ജില്ലാ പരിസ്ഥിതി കൺവീനർ, വടകര ഏരിയാ വിദ്യാഭ്യാസ സമിതി സെക്രട്ടറി, മാപ്പിള കലാ അക്കാദമി വടകര താലൂക്ക് സെക്രട്ടറി എന്നീ സ്ഥാനങ്ങൾ വഹിക്കുന്നു. എഴുത്തുകാരൻകൂടിയാണ്. ലേഖനങ്ങൾ, നോവൽ, ചരിത്ര പുസ്തകങ്ങൾ എന്നിവ പ്രസിദ്ധീകരിച്ചിട്ടുണ്ട്. സ്പീക്കേഴ്സ് ഫോറം, ലിറ്ററേച്ചർ ഡവലപ്മെന്റ് എന്നീ അവാർഡുകൾ കരസ്ഥമാക്കി. തിരുവള്ളൂർ ശാന്തിനികേതൻ ഹയർ സെക്കണ്ടറി സ്ക്കൂൾ ഹിന്ദി അദ്ധ്യാപകനായി എട്ടു വർഷമായി സേവനം അനുഷ്ഠിക്കുന്നു.

### ഷഫീഖ്. എസ്സ്

കൊല്ലം ജില്ലയിലെ ഓച്ചിറ സ്വദേശി. വ്യത്യസ്തമായ പ്രായക്കാർക്ക് മനഃശാന്തിയും ആത്മവിശ്വാസവും പകരുന്ന സൈക്കോളജി കൗൺസിലർ ആണ്. കോഴിക്കോട് ഹൈ അക്കാഡമിയുടെ Co ordinatorഉം അധ്യാപകനും ആണ്. വിദ്യാർത്ഥികൾക്ക് മാനസിക വികസനത്തിനും വ്യക്തിത്വ വികാസത്തിനും ഉതകുന്ന മോട്ടിവേറ്റർ ആയും പ്രവർത്തിക്കുന്നു. മനുഷ്യാവകാശബോധവും മാനസികാരോഗ്യ ബോധവത്കരണവും വളർത്തുന്നതിൽ വളരെ ശ്രദ്ധേയനാണ്.

### എം.എച്ച്. സുലൈമാൻ

തിരു: തോന്നയ്ക്കൽ സ്വദേശി. പ്രോഗ്രാം എൻജിനീയർ അവതാരകൻ, കലാ-സാംസ്കാരിക ജീവകാരുണ്യ പ്രവർത്തകൻ, എൻജിനിയർ. കലാരംഗത്ത് താൽപ്പര്യമുള്ളവരിൽ നിന്ന് അവരുടെ കഴിവുകൾ വളർത്തിയെടുക്കുന്നതിനും കഴിവ് തെളിയിച്ചവർക്ക് കൂടുതൽ വേദി ഒരുക്കുകയും ചെയ്യുന്നു. സാംസ്കാരിക വകുപ്പിന്റെ കീഴിലുള്ള ഭാരത് ഭവൻ ഉൾപ്പെടെയുള്ള നിരവധി വേദികളിൽ സംഗീതത്തിന് പ്രാധാന്യമുള്ള പരിപാടികൾ അവതരിപ്പിച്ചു. ദേശീയ ബാലതരംഗത്തിന്റെയും ഫ്രീഡം ഫിഫ്റ്റിയുടെയും കർമശ്രേഷ്ഠ പുരസ്ക്കാരം, കേരള ഗ്രാമ സ്വരാജ് ഫൗണ്ടേഷന്റെ പ്രേംദേശ് പുരസ്ക്കാരം, സംസ്ഥാന ലഹരിവർജ്ജന സമിതിയുടെ മഹത്മാഗാന്ധി പുരസ്ക്കാരം, ജവഹർലാൽ നെഹ്റു കൾച്ചറൽ സൊസൈറ്റിയുടെ ചാച്ചാജി പുരസ്ക്കാർ, പുരസ്കാരം ഉൾപ്പെടെ നിരവധി പുരസ്ക്കാരങ്ങൾ നേടിയിട്ടുണ്ട്.



സോമൻ മാഹി



ഡോ. ബി ദേവരാജൻ നായർ



എം.ജി.സേവ്യർ



റോയി തോമസ്

### സോമൻ മാഹി

പുതുചേരി മാഹി സ്വദേശി. കവി, നാടകകൃത്ത്, നോവലിസ്റ്റ്, ഗാനരചയിതാവ്, ലേഖകൻ. ഒട്ടനവധി ആൽബങ്ങളിൽ അഭിനയിക്കുകയും, ഗാനങ്ങൾ എഴുതുകയും, സംവിധാനം ചെയ്യുകയും ചെയ്തു. നിരവധി ഷോർട്ട് ഫിലിമിന് അഭിനയവും, ഫിലിമിന് സഹസംവിധാനവും, അഭിനയവും ചെയ്തിട്ടുണ്ട്. നാടകരചന, നാടകഗാനം, നാടക സംവിധാനം, നാടകാഭിനയം, ഭാവാഭിനയം എന്നിവയും ചെയ്യുന്നു, ധാരാളം ആനുകാലികങ്ങളിൽ രചനകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. മാരിവിൽ പുരസ്കാരം, സഞ്ജയൻ പുരസ്കാരം, കണ്ണൂർ നർമ്മവേദിയുടെ പുരസ്കാരവും, കലാപ്രതിഭ പട്ടം തുടങ്ങി ധാരാളം അവാർഡുകൾ ലഭിച്ചിട്ടുണ്ട്. കണ്ണൂർ അരങ്ങിന്റെ പ്രസിഡന്റ്, കണ്ണൂർ സാംസ്കാരിക വേദിയുടെ ജോയിന്റ് സെക്രട്ടറി, മാഹി ബുക്സിന്റെ സെക്രട്ടറി, സാഹിത്യ വേദിയുടെ വർക്കിംഗ് പ്രസിഡന്റ്, ജനശബ്ദം മാഹി എക്സിക്യൂട്ടീവ് അംഗം, ഭാരതദേശം മാസികയുടെ പത്രാധിപ സമിതി അംഗം തുടങ്ങി ഒട്ടനവധി സ്ഥാനങ്ങൾ വഹിക്കുന്നു.

### ഡോ. ബി ദേവരാജൻ നായർ

കൊല്ലം അഞ്ചൽ സ്വദേശി. 32 വർഷത്തെ അധ്യാപകവൃത്തിക്ക് ശേഷം ഹയർ സെക്കൻഡറി സ്കൂൾ പ്രിൻസിപ്പലായി വിരമിച്ചു. തുടർന്ന് ഒരു സി.ബി.എസ്.ഇ സ്കൂളിന്റെ പ്രിൻസിപ്പലായി പ്രവർത്തിച്ചു. ചെറുകഥാകൃത്താണ്. ചെറുകഥാ സമാഹാരങ്ങൾ, 'നാടകം (വിവർത്തനം) എന്നിവ പ്രഭാത് ബുക്ക്ഹൗസ് പ്രസിദ്ധീകരിച്ചു. കലാസാഹിത്യ മേഖലകളിലും സാംസ്കാരിക മേഖലയിലും സജീവമായി പ്രവർത്തിച്ചുവരുന്നു. മികച്ച നാടകനടനും സംവിധായകനും കൂടിയാണ്. ഭാസനാടക പഠന കേന്ദ്രം സംസ്ഥാന സെക്രട്ടറി, അഞ്ചൽ ഐ. ഹാരിസ് ഗ്രന്ഥശാല പ്രസിഡന്റ് എന്നീ നിലകളിൽ പ്രവർത്തിച്ചിട്ടുണ്ട്. അഞ്ചൽ ലയൺസ് ക്ലബ്ബ് ട്രഷറർ, കേരള സ്റ്റേറ്റ് സർവീസ് പെൻഷനേഴ്സ് യൂണിയൻ (KSSPU) അഞ്ചൽ ബ്ലോക്ക് വൈസ് പ്രസിഡന്റ് എന്നീ നിലകളിലും പ്രവർത്തിച്ചുവരുന്നു. ജീവകാരുണ്യ പ്രവർത്തനങ്ങളിലും സജീവമാണ്. യൂണിവേഴ്സിറ്റി ഓഫ് സൗത്ത് അമേരിക്ക മികച്ച അധ്യാപകർക്ക് നൽകുന്ന ഡിലീറ്റ് അവാർഡിന് അർഹനായി. അഖിലേന്ത്യാ ടീച്ചേഴ്സ് ഫെഡറേഷൻ ഏർപ്പെടുത്തിയ ഗുരുശ്രേഷ്ഠ പുരസ്കാരവും ഭാരതീയ ദളിത് സാഹിത്യ അക്കാദമിയുടെ ദേശീയ പുരസ്കാരത്തിനും അർഹനായി.

### എം.ജി.സേവ്യർ

എറണാകുളം മരട് സ്വദേശി. സാമൂഹ്യ പ്രവർത്തകൻ. ഇന്ത്യൻ നേവിയിൽ നിന്നും സിവിലിയൻ ആയി റിട്ടയർ ചെയ്തു. പത്തു വർഷമായി പൊതു ആരോഗ്യ സേവനത്തിലാണ് ശ്രദ്ധ കേന്ദ്രീകരിച്ചത്. പ്രകൃതി ജീവനം, നാച്ചുറോപ്പതി, പാരമ്പര്യ നാട്ടുവൈദ്യം എന്നീ മേഖലയിൽ പ്രവർത്തിച്ചുവരുന്നവരെയെല്ലാം കൂട്ടിയിണക്കി രൂപീകരിച്ച വൈദ്യമഹാസഭയുടെ ജനറൽ സെക്രട്ടറിയായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. 2023 ൽ ആജചട ന്റെ പാരമ്പര്യ ശ്രേഷ്ഠ സേവന പുരസ്കാരം നേടിയിട്ടുണ്ട്. വൈദ്യൻമാർക്കെല്ലാം കേരളത്തിലും, രാജ്യവ്യാപകമായും പ്രവർത്തിക്കാനുള്ള കേന്ദ്ര അംഗീകാരത്തിനായും നിയമനിർമ്മാണത്തിനുമായി പ്രവർത്തിക്കുന്നു. ശുദ്ധമായ ഭക്ഷണം ജന്മാവകാശമാണ് എന്ന മുദ്രവാക്യത്തോടു പ്രവർത്തിക്കുന്ന 'ഭക്ഷ്യശ്രീ' എന്ന സ്ഥാപനത്തിൽ ഓർഗനൈസർ ആയി സേവനം അനുഷ്ഠിക്കുന്നു. ഭാരതീയ പാരമ്പര്യ നാട്ടുചികിത്സാ സംഘത്തിന്റെ പാരമ്പര്യ ശ്രേഷ്ഠ സേവ പുരസ്കാരം ലഭിച്ചിട്ടുണ്ട്.

### റോയി തോമസ്

ആലപ്പുഴ മാവേലിക്കര സ്വദേശി. ദുബായിൽ മിഡിൽ ഈസ്റ്റിലെ ഏറ്റവും വലിയ പബ്ലിഷിംഗ് കമ്പനിയായ മോട്ടിവേറ്റ് പബ്ലിഷിംഗ് കമ്പനിയിലും മറ്റനവധി പ്രസിദ്ധീകരണങ്ങളിലും ആർട്ട് ഡയറക്ടറായി ജോലി ചെയ്തു. ഗവൺമെന്റ് ഓഫ് ദുബായ്, ഡിപ്പാർട്ട്മെന്റ് ഓഫ് ടൂറിസം പുറത്തിറക്കിയ ഡെസ്റ്റിനേഷൻ ദുബായ് എന്ന മാഗസിന് ഏറ്റവും നല്ല ഡിസൈനർക്കുള്ള അവാർഡ് ലഭിക്കുകയുണ്ടായി. സ്നേഹതീരം സീനിയർ സിറ്റിസൺസ് ഫെലോഷിപ്പ് സംഘടനയുടെ ട്രഷറർ ആയി പ്രവർത്തിച്ചു. അഞ്ചുവർഷം കൊണ്ട് ബൈബിൾ കൈ കൊണ്ട് എഴുതി പൂർത്തിയാക്കി. ഇതിന് ആകെ 1700 പേജുകളും ഏകദേശം 117 പേനകളും ഉപയോഗിച്ചു. ഈ വിശുദ്ധ സത്യവേദപുസ്തകം തിരുവനന്തപുരം വെമ്പായത്തു പ്രവർത്തിക്കുന്ന വേർഡ് ടു വേൾഡ് മ്യൂസിയത്തിൽ ഇപ്പോൾ പ്രദർശനത്തിനായി വച്ചിരിക്കുന്നു. മലങ്കര ആർച്ച് ബിഷപ്പ് ബസേലിയസ് മാർ ക്ലിമ്മീസ് മെത്രാപ്പൊലീത്ത തിരുമേനി ആദരം നൽകി അനുഗ്രഹിച്ചു.

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്.എസിന് വേണ്ടി ഡോ. എം.ആർ. തമ്പാൻ സമ്മാനിക്കുന്നു


നജ്മ സലിം


മുനീർ പി.എ


സഫ്ന നസീഫ്


ജെൻസി എം.ജെ


സിനി ശ്യാം

## നജ്മ സലിം

ചെറുതുരുത്തിയിലെ കേരള കലാമണ്ഡലത്തിനടുത്തുള്ള പൈങ്കുളം ഗ്രാമത്തിലെ ഭാരതപ്പുഴയുടെ തീരത്തുള്ള പത്ത് ഏക്കർ കൃഷിഭൂമി  പൂർണ്ണമായും ജൈവകൃഷിയിടമായി വികസിപ്പിച്ചെടുത്ത് കൃഷിയിടത്തിന്റെ ചുമതല വഹിക്കുന്നു. 110 ഇൽ പരം വൃക്ഷലതാതികൾ ഉണ്ട്, സിന്തറ്റിക് രാസവസ്തുക്കളും കീടനാശിനികളും ഉപയോഗിക്കാതെ ഈ ഫാം പരിപാലിക്കുന്നതിനാൽ, 22 ഇനം പക്ഷികൾ പതിവായി ഈ  ഫാം  സന്ദർശിക്കുന്നു. പരിസ്ഥിതി സംരക്ഷിക്കുന്നതിനായി 5 കാർബൺ ക്രെഡിറ്റുകൾ ഉപയോഗിച്ച് ഈ പ്ലോട്ട് നിർമ്മിച്ചിരിക്കുന്നു. സുസ്ഥിര ജീവിതത്തിന്റെ ഭാഗമായി. സൗരോർജ്ജം, ബയോഗ്യാസ്, കാറ്റാടി ഊർജ്ജം, സൂര്യപ്രകാശം പ്രാപ്തമാക്കുന്ന ആകാശ ജാലകങ്ങൾ തുടങ്ങിയവയെല്ലാം ഈ ഫാമിന്റെ ഭാഗമാണ്. പശുക്കൾ, ആടുകൾ, നാടൻ കോഴികൾ, ഹംസങ്ങൾ, നായ്ക്കൾ, പൂച്ചകൾ, നിരവധി ഇനം പക്ഷികൾ എന്നിവയെ അവയുടെ സ്വാഭാവിക അന്തരീക്ഷത്തിൽ സൂക്ഷിക്കുന്നു. വംശനാശം സംഭവിച്ച ശുദ്ധ ജല മത്സ്യത്തെ പുനരുജ്ജീവിപ്പിക്കാനുള്ള നടപടികൾ പുരോഗമിക്കുന്നു.

## മുനീർ പി.എ

മലപ്പുറം ഉത്തുന്നം സ്വദേശി. രക്ഷാപ്രവർത്തനരംഗത്ത് പ്രവർത്തിക്കുന്നു. റെസ്ക്യൂ ടീമിന്റെ ജില്ലാ ഭാരവാഹി, ആംബുലൻസ് ഡ്രൈവറായി അനവധി അടിയന്തിരഘട്ടങ്ങളിൽ ജീവൻ രക്ഷിക്കുന്ന സേവനങ്ങൾ നിർവഹിച്ചിട്ടുണ്ട്, സന്നദ്ധസേവകനായും ജീവകാരുണ്യ പ്രവർത്തകനായും സമൂഹത്തിന്റെ വിവിധ തലങ്ങളിലേക്കുള്ള സഹായ പ്രവർത്തനങ്ങളിൽ സ്ഥിരസാന്നിധ്യമാണ്. പിന്നോക്ക വിഭാഗങ്ങളുടെയും ദുരിതബാധിതരുടെയും കഷ്ടതകൾ മനസ്സിലാക്കി പ്രവർത്തിക്കുന്ന പാലിയേറ്റിക് & ഫിസിയോതെറാപ്പി സെന്ററുകളുടെ സെക്രട്ടറിയായും ദീർഘകാലം സേവനം അനുഷ്ഠിച്ചിട്ടുണ്ട്.

## സഫ്ന നസീഫ്

കോഴിക്കോട് കൈതപ്പൊയിൽ സ്വദേശിനി. മോട്ടിവേഷൻ സ്പീക്കറായി ജീവിതത്തിലെ വെല്ലുവിളികൾ അതിജീവിക്കാൻ ആളുകളെ പ്രചോദിപ്പിക്കുന്ന ശക്തമായ സന്ദേശങ്ങളും പോസിറ്റീവ് എനർജിയും പങ്കുവയ്ക്കുന്നതിലൂടെ അനേകർക്ക് ആത്മവിശ്വാസവും പുതിയ ദിശകളും ലഭിക്കുന്നു. പാലിയേറ്റീവ് ഹെൽപ്പറായി വേദനയിലും ബുദ്ധിമുട്ടുകളിലും കഴിയുന്ന രോഗികൾക്ക് കരുതലും ആശ്വാസവും നൽകുന്നു പ്രൊഫഷണൽ സൈക്കോളജി കൗൺസിലറായും ശ്രദ്ധേയയാണ്. പാർശ്വവൽക്കരിക്കപ്പെട്ടവരെ സാമൂഹ്യമായും സാമ്പത്തികമായും വിദ്യാഭ്യാസപരമായും സമൂഹത്തിന്റെ മുൻനിരയിൽ എത്തിക്കുവാൻ പരിശ്രമിക്കുന്നു

## ജെൻസി എം.ജെ

എറണാകുളം ഇടപ്പള്ളി സ്വദേശിനി. 25 വർഷമായി അങ്കണവാടി പ്രവർത്തക, കൂടാതെ നിർഭയ വോളണ്ടിയർ, ഭാരതീയ ഹ്യൂമെൻ റൈറ്റ്സ് ഫോറം എന്ന മനുഷ്യാവകാശ സംഘടനയുടെ ആക്ടീവ് മെമ്പർ ചാരിറ്റി പ്രവർത്തക. ജനമൈത്രി സമിതി, വില്ലേജ് സമിതി എന്നിവയിൽ സജീവ പ്രവർത്തനം കാഴ്ചവയ്ക്കുന്നു. ബെസ്റ്റ് അങ്കണവാടി വർക്കർ അവാർഡ്, ഹ്യൂമെൻ റൈറ്റ്സ് ഫോറത്തിന്റെ ബെസ്റ്റ് ടാലന്റ് അവാർഡ്, ഡോ. അബ്ദുൽകലാം സ്റ്റഡി സെന്ററിന്റെ നാരി പുരസ്ക്കാർ, ജവഹർലാൽ നെഹ്റു അവാർഡ്, കേരളീയം അവാർഡ് തുടങ്ങി നിരവധി അവാർഡുകൾ കരസ്ഥമാക്കി. സ്ത്രീശാക്തീകരണം ലക്ഷ്യംവച്ച് പ്രവർത്തിക്കുന്നു.

## സിനി ശ്യാം

ദാദ്ര ആൻറ് നഗർ ഹവേലി സിൽവാസ താമസം. ചെറുകഥാകൃത്ത്. കൊറോണ കാലത്ത് ഏക മകന്റെ പോത്സാഹനത്തിൽ ചെറുകഥാ സമാഹാരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.  മലയാള സാഹിത്യ അക്കാദമിയുടെ അവാർഡിനർഹമായ വൈരുദ്ധ്യ വൈചിത്ര്യങ്ങൾ എന്ന കഥാസമാഹാരം (15കഥകൾ) ജനുവരിയിൽ പ്രസിദ്ധീകരണത്തിന് തയ്യാറെടുക്കുന്നു. 2024 ലെ തകഴി പുരസ്കാര പത്രത്തിനർഹയായിട്ടുണ്ട് 2024ലെ ഇന്ത്യൻ പ്രവാസികൾക്കായുള്ള ശ്രീമാൻ മെമ്മോറിയൽ പുരസ്കാരം എന്നിവ ലഭിച്ചു. കാലാന്തരങ്ങൾ എന്ന കഥാസമാഹാരം  ഷാർജ മുഹമ്മദ് ബിൻ റഷിദ് അന്താരാഷ്ട്ര ലൈബ്രറിയിലേയ്ക്ക് തിരഞ്ഞെടുത്തു.


അർച്ചന കൃഷ്ണൻ


നിസാമുദ്ദീൻ ജെ.


ഡോ. സാജിത


വി.ടി. ഹബീബ്

## അർച്ചന കൃഷ്ണൻ

പാലക്കാട്, ചിറ്റൂർ സ്വദേശി. ചിത്രകാരി, അഭിനേത്രി, ഗായിക, ചിത്രകല അധ്യാപിക, കല സംവിധായിക,. തൽസമയ ചിത്ര രചനയിലാണ് കൂടുതൽ സമയം ചിലവഴിക്കുന്നത്. ചിത്രകലയിൽ റിയലിസവും, അബ്സ്ട്രാക്ട് രീതിയും ഒരുപോലെ കൈകാര്യം ചെയ്യുന്നു. ബോർഡർലൈൻ, ഇഴ എന്നീ ഹ്രസ്വ ചിത്രങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. സിനിമാപിന്നണി ഗായികയാണ്. ഡോക്യുമെൻററിയിൽ സ്ഥിരമായി ശബ്ദം നൽകി വരുന്നു. ആരണ്യകാണ്ഡം, നന്നായി കൂടെ എന്നീ സിനിമകളിലും, ഗാന്ധിപഥം എന്ന  ഗാന്ധിയുടെ ജീവിതം ആസ്പദമാക്കിയുള്ള ചിത്ര രചനയിൽ ലോക റെക്കോർഡ്, ബക്കറ്റ് കൊച്ചി നടത്തിയ പ്രദർശനത്തിൽ ഏഷ്യൻ ബുക്ക് ഓഫ് റെക്കോർഡ്സും കരസ്ഥമാക്കിയിട്ടുണ്ട്. അന്താരാഷ്ട്ര വനം ദിനത്തോട് അനുബന്ധിച്ചുള്ള തെരുവോര  വരകളിൽ സജീവം.  ബെസ്റ്റ് ഡൈനാമിക് ടീച്ചർ അവാർഡ് തുടർച്ചയായിമൂന്ന് വർഷം കരസ്ഥമാക്കി.. ഇന്ത്യൻ ടാലന്റ് ഒളിമ്പ്യാഡ് അവാർഡ് ലഭിച്ചിട്ടുണ്ട്. പാലക്കാട് രചനാ സാഹിത്യവേദിയുടെ ജോയിൻറ് സെക്രട്ടറി. നിലവിൽ പാലക്കാട് ഭാരത് മാതാ പബ്ലിക്ക് സ്കൂൾ ചിത്രകലാ അധ്യാപികയാണ്.

## നിസാമുദ്ദീൻ ജെ.

തിരുവനന്തപുരം മണക്കാട് സ്വദേശി. സാധാരണ ജനങ്ങളുടെ സാമൂഹിക ആരോഗ്യ വിദ്യാഭ്യാസ സാമ്പത്തിക ആവശ്യങ്ങൾ മുൻനിർത്തി സാമൂഹ്യ സേവനപ്രവർത്തനങ്ങൾ നടത്തുന്നു. ആവശ്യഘട്ടങ്ങളിൽ രോഗികൾക്ക്, രക്തദാനം നടത്തുന്നു. സൗജന്യ മെഡിക്കൽ ക്യാമ്പുകൾക്ക് നേതൃത്വം നൽകുന്നത് കൂടാതെ പൊതു സമൂഹത്തെ ലഹരി മുക്തമാകുന്നതിന് വേണ്ടി ബോധവൽക്കരണ ക്ലാസുകൾ, സോഷ്യൽ മീഡിയയുടെ ഗുണദോഷങ്ങളെക്കുറിച്ചുള്ള അവബോധ പരിപാടികൾ എന്നിവ  സംഘടിപ്പിക്കുന്നു. കൗമാരക്കാർക്കും കുടുംബങ്ങൾക്കും ആവശ്യമായ മാനസിക സാമൂഹിക കൗൺസിലിംഗ് സേവനങ്ങളും നൽകിവരുന്നു. നിർദ്ധനരായ കുടുംബങ്ങൾക്ക് ഭക്ഷണ കിറ്റുകളും വസ്ത്രങ്ങളും വിദ്യാർത്ഥികൾക്ക് പുസ്തകം ബാഗ് മുതലായവ വിതരണം ചെയ്യുന്നു. സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥി സമൂഹത്തെ സഹായിക്കാൻ വിദ്യാഭ്യാസ സഹായങ്ങൾ ചെയ്യുന്നു. ഗ്രാമീണ മേഖലകളിലെ സാമ്പത്തിക  അവബോധം ലക്ഷ്യമാക്കി കഴിഞ്ഞ ആറു വർഷമായി നിരന്തരമായ പ്രവർത്തനങ്ങൾ നടത്തിവരികയാണ്. മുതിർന്ന പൗരന്മാർ, വിദ്യാർത്ഥികൾ, കർഷകർ, സ്വയംസഹായ സംഘങ്ങൾ, ചെറുകിട സംരംഭകർ തുടങ്ങി വിവിധ മേഖലകളിലുള്ളവർക്കായി 1200 ലധികം സാമ്പത്തിക അവബോധ ക്യാമ്പുകൾ സംഘടിപ്പിക്കുകയുണ്ടായി.

## ഡോ. സാജിത

ആലപ്പുഴ തൃക്കുന്നപ്പുഴ സ്വദേശിനി. മരുന്നുകളില്ലാതെതന്നെ രോഗങ്ങൾക്ക് ആശ്വാസം നൽകാമെന്ന ഉറച്ച വിശ്വാസത്തോടെ അക്യൂപങ്ചർ ആൻഡ് ഹീലിംഗ് മേഖലയെ തന്റെ ജീവിതദൗത്യമായി തിരഞ്ഞെടുത്തു. വേദനയോടെ എത്തിയ അനേകം വ്യക്തികൾക്ക്  ആരോഗ്യവും പ്രതീക്ഷയും തിരികെ നൽകാൻ കഴിഞ്ഞിട്ടുണ്ട്.

## വി.ടി. ഹബീബ്

ഈരാറ്റുപേട്ട സ്വദേശി. പി.എസ്.സി പരീക്ഷാ ട്രെയ്നർ& മോട്ടിവേറ്റർ മികച്ച വിദ്യാഭ്യാസ പ്രവർത്തകനുള്ള അവാർഡ് ലഭിച്ചിട്ടുണ്ട്. ഈരാറ്റുപേട്ട നൈനാർപള്ളി ജമാ അത്തിന് കീഴിലുള്ള സൗജന്യ പരീക്ഷാ പരിശീലന കേന്ദ്രത്തിന് നേതൃത്വം നൽകുന്നു. മാധ്യമം ദിനപത്രത്തിൽ പി.എസ്.സി പരീക്ഷാ പരിശീലന പംക്തി സംബന്ധിച്ച നിരവധി ലേഖനങ്ങൾ തുടർച്ചയായി പ്രസിദ്ധീകരിച്ചു. ക്വിസ്സ് മാസ്റ്ററായി പ്രവർത്തിക്കുന്നു. രജിസ്ട്രേഷൻ വകുപ്പ് ജീവനക്കാരനാണ്. തൊഴിൽ ലഭ്യതയ്ക്ക് വേണ്ട അടിസ്ഥാനം ഒരുക്കുന്നതിന്റെ മികവിന് വളരെയധികം ആദരവ് ലഭിച്ചിട്ടുണ്ട്.


ബിനോയ് മണി


രാജേഷ് കുമാർ.ആർ.കെ


ബിന്ദു രംഗനാഥ്


ജലജ ചന്ദ്രൻ


സബിത എ.റ്റി

## ബിനോയ് മണി

ജീവകാരുണ്യ പ്രവർത്തകൻ. വിശക്കുന്നവർക്ക് ഭക്ഷണം നൽകുന്നതിൽ പ്രത്യേക താൽപര്യം. 2015ൽ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ഒരു ക്യാൻസർ രോഗി മീൻകറി കൂട്ടി ചോറ് കഴിക്കാൻ ആഗ്രഹം പറഞ്ഞപ്പോൾ 5 പൊതി ചോറിൽ തുടങ്ങിയ അന്നദാനം ഇപ്പോൾ രണ്ട് ആശുപത്രികളിലായി നൂറുകണക്കിന് പേർക്ക് ഭക്ഷണം നൽകി വരുന്നു. നിരാലംബരായ അമ്മമാർക്കായി എന്റെ വീട് എന്ന പദ്ധതിക്ക് തുടക്കം കുറിച്ചു. നിർധന കുട്ടികൾക്ക് പഠനോപകരണ വിതരണത്തിന് പുറമെ, രോഗീകളുടെ വീടുകളിൽ അടിയന്തിര സഹായവുമെത്തിക്കുന്നു. വെള്ളപ്പൊക്കം, കോവിഡ് തുടങ്ങിയവ വന്നപ്പോൾ ധാരാളം സഹായങ്ങൾ എന്നിവ ചെയ്തിട്ടുണ്ട്. അധ്യാപകർ, ഗായകർ, കലാകാരൻമാർ, ജീവകാരുണ്യ പ്രവർത്തകർ തുടങ്ങിയവർക്ക പുരസ്ക്കാരങ്ങൾ സമ്മാനിക്കുന്നു. എക്സൈസ് വകുപ്പിന്റെ ജില്ലാതല ആദരവ്, മൂന്നു സ്കൂളുകളുടെ ആദരവ് എന്നിവ ലഭിച്ചിട്ടുണ്ട്. പഠിച്ച സ്കൂളുകളിൽ നിന്നും മാതൃകാ ദമ്പതി പുരസ്ക്കാരം, തിരുവാർപ്പ് ശ്രീകൃഷ്ണസ്വാമി ക്ഷേത്രത്തിൽ നിന്നും ആദരവ്, കലാഭവൻ മണി സേവസമിതിയുടെ ദേശീയ പുരസ്ക്കാരം എന്നിവയും ലഭിച്ചിട്ടുണ്ട്.

## രാജേഷ് കുമാർ.ആർ.കെ.

നെയ്യാറ്റിൻകര പെരുംങ്കടവിള സ്വദേശി. അഭിനേതാവ്, ആർട്ടിസ്റ്റ് കോ ഓർഡിനേറ്റർ. സ്കൂളിൽ പഠിക്കുന്ന കാലത്ത് നാടകങ്ങൾ, സ്കിറ്റ്,പാട്ടുകൾ, മൈംഷോ തുടങ്ങിയവയിൽ അഭിനയിച്ചിട്ടുണ്ട്. സീരിയൽ, സിനിമ മേഖലയിൽ പതിമൂന്ന് വർഷമായി പ്രവർത്തിക്കുന്നു. സിനിമകൾ കോർഡിനേറ്റ് ചെയ്യുകയും സിനിമയിലും സീരിയലുകളിലും അഭിനയിക്കുകയും ചെയ്തു. നിലവിൽ എട്ട് സീരിയലുകൾക്ക് കോഓർഡിനേഷൻ ചെയ്യുന്നു.  ആർട്ടിസ്റ്റ് കോ ഓർഡിനേറ്റർ അവാർഡ്,  നിത്യഹരിത പുരസ്കാരം,  നിലാവ് സാംസ്കാരിക പുരസ്കാരം, അക്ഷരം ചാരിറ്റബിൽ ട്രസ്റ്റിന്റെ എക്സലൻസ് അവാർഡ്  തുടങ്ങി ധാരാളം പുരസ്കാരങ്ങൽ ലഭിച്ചിട്ടുണ്ട്. ജീവകാരുണ്യ പ്രവർത്തകൻ കൂടിയാണ്. റോഡ് സേഫ്റ്റി അസോസിയേഷന്റെ ആക്സിഡന്റ് ക്ലയിം അംഗവും കൂടിയാണ്

## ബിന്ദു രംഗനാഥ്

ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് സ്വദേശിനി. മനുഷ്യജീവിതത്തെ വിലയിരുത്തുവാൻ പ്രാപ്തിയും ദുസ്സഹ സാഹചര്യങ്ങളെ മറികടക്കുവാൻ മനുഷ്യനെ പ്രാപ്തമാക്കുവാൻ കഴിവും ഉണ്ട്. 22 വർഷത്തെ സമർപ്പിത സേവനത്തോടെ ഒരു സ്കൂൾ ടീച്ചറായ ബിന്ദു രംഗനാഥ് അനേകം വിദ്യാർത്ഥികളുടെ സുസ്ഥിരമായ ഭാവിയെ രൂപപ്പെടുത്തിയിട്ടുണ്ട്. വ്യക്തികളുടെ മാനസികാരോഗ്യവും ആത്മ വിശ്വാസവും വളർത്തിയെടുക്കുവാൻ കൗൺസിലിംഗുകൾ നടത്തുന്നു.  ചികിത്സാരംഗത്തും സജീവമാണ്. പ്രഫഷണൽ പ്രാണീക് ഹീലർ എന്ന നിലയിൽ അനേകം പേരുടെ ജീവിതത്തിൽ ശാന്തിയും ആരോഗ്യവും പകരുന്നു.

## ജലജ ചന്ദ്രൻ

വർക്കല സ്വദേശിനി. 15 വർഷമായി ജീവകാരുണ്യ പ്രവർത്തനങ്ങളിൽ സജീവം. തെരുവുകളിലും അലഞ്ഞു നടക്കുന്ന  വൃദ്ധകളായ അമ്മമാർക്ക് പുതുവസ്ത്രങ്ങളും മരുന്നും, അവർക്ക് വേണ്ട താമസസൗകര്യങ്ങളും ഒരുക്കിക്കൊണ്ട് അവരുടെ അനാഥത്വ അവസ്ഥയെ മാറ്റി. സുഖമായി ജീവിക്കുവാനുള്ള അവസരം ഒരുക്കുന്നു. രോഗബാധിതരായ അമ്മമാരെ ആശുപത്രികളിൽ പ്രവേശിപ്പിച്ച് ചികിത്സിച്ച് സുഖപ്പെടുത്തി തിരികെ താമസസ്ഥലത്തേക്ക് എത്തിക്കുന്ന ചുമതലയും ഏറ്റെടുത്തു നടത്തുന്നു. ഒരു നേരത്തെ ഭക്ഷണം കഴിക്കാൻ നിവർത്തിയില്ലാത്തവർക്ക് തന്നാൽ കഴിയുന്നവിധം ആഹാരം എത്തിച്ചുകൊടുക്കുന്നു. ജീവകാരുണ്യപ്രവർത്തനങ്ങൾക്ക് വിവിധ സംഘടനകളുടെ പുരസ്ക്കാരങ്ങൾ ലഭിച്ചു. സ്വന്തം മക്കളുടെ വരുമാനത്തിന്റെ ഒരു ഓഹരി മാറ്റിവെച്ച് തന്റെ ചാരിറ്റി പ്രവർത്തനങ്ങൾക്ക് വേണ്ടി ചിലവഴിക്കുന്നു.

## സബിത എ.റ്റി.

നിലമ്പൂർ അകമ്പാടം ആനപ്പാറ സ്വദേശിനി. Cognitive Behavoral Therapist ആണ്. ബോഡി ലാംഗ്വേജ് മനസ്സിലാക്കി വ്യക്തികളുടെ ചിന്തകളും പെരുമാറ്റങ്ങളും ശരിയായ ദിശയിലേക്ക് മാറ്റാൻ പ്രവർത്തിക്കുന്നു. ഓർഫനേജുകൾ, ഓൾഡ് ഏജ് ഹോംസ്റ്റേ, സ്ക്കൂളുകൾ തുടങ്ങിയ സ്ഥാപനങ്ങളിൽ സൗജന്യ കൗൺസിലിംഗ് നൽകിക്കൊണ്ട് അനേകം മനുഷ്യരുടെ ജീവിതങ്ങൾക്ക് ദിശാബോധം നൽകി വരുന്നു. ഓൺലൈനായി കുട്ടികൾക്ക് ട്യൂഷൻ ക്ലാസുകളും നൽകുന്നു.

# ‘ഭാരത് സേവക്’ ബഹുമതി നൽകി ആദരിച്ചു

‘ഭാരത് സേവക്’ ബഹുമതികൾ ബി.എസ്.എസിന് വേണ്ടി ഡോ. എം.ആർ. തമ്പാൻ സമ്മാനിക്കുന്നു



മുഹമ്മദ് ഉബൈസ്



ഷിൽഡാ സെബാസ്റ്റ്യൻ



ഷീജ പെരുംന്തോട്ടത്ത്



നീന സുരേഷ്



സീന ജയചന്ദ്രൻ

### മുഹമ്മദ് ഉബൈസ്

പാലക്കാട് ജില്ലയിലെ മണ്ണാർക്കാട് കണ്ട മംഗലം സ്വദേശി. ഇസ്ലാമിക് എഡ്യൂക്കേഷനായി മതവിജ്ഞാനത്തെ ആധുനിക ജീവിതബോധത്തോടൊപ്പം കൊണ്ടുപോകുന്നു. ജീവിതം, മതം, സാമൂഹിക ഉത്തരവാദിത്വങ്ങൾ തുടങ്ങിയ വിഷയങ്ങളിൽ ശക്തമായ സന്ദേശങ്ങൾ നൽകിക്കൊണ്ട് ശ്രോതാക്കളെ പ്രചോദിപ്പിക്കുന്നിലും ആത്മവിശ്വാസം പകരുന്നതിലും ശ്രദ്ധേയനാണ്. മാനസിക സംഘർഷങ്ങളിലൂടെ പോകുന്നവർക്ക് മാനസികാശ്വാസവും പ്രതീക്ഷയും നൽകുന്നു.

### ഷിൽഡാ സെബാസ്റ്റ്യൻ

ആലപ്പുഴ കാട്ടൂർ സ്വദേശി. ഫാത്തിമാ ആശുപത്രി പെരുമ്പളം, സംഹതി പാലിയേറ്റിവ കെയർ മാരാരിക്കുളം, എ.എം എ പാലിയേറ്റിവ് കെയർ ആലപ്പുഴ, ജില്ലാ ഹോമിയോ ആശുപത്രി ആലപ്പുഴ, ഹോമിയോ ആശുപതി കുറ്റിക്കാട് ചേർത്തല എന്നിവിടങ്ങളിൽ ജോലി ചെയ്തിട്ടുണ്ട്. പാലിയേറ്റിവ് പ്രവർത്തന മേഖലയിൽ 14 വർഷത്തോളമായി സേവനം അനുഷ്ടിച്ചു വരുന്നു. ബസ് യാത്രക്കിടെ അസുഖ ബാധിതനായ യുവാവിനെ ആശുപത്രിയിലെത്തിച്ചതിന്റെ പേരിൽ ജീവൻ രക്ഷാ അവാർഡും ലഭിച്ചു, മോട്ടോർ ന്യൂറോസിസ് എന്ന അസുഖം ബാധിച്ച് കിടപ്പിലായ ഒരിക്കലും ചെരുപ്പ് ധരിച്ചിട്ടില്ലാത്ത ഒരു കുട്ടിയുടെ ചെരുപ്പുകളും താലോലിച്ച് ജീവിതം കഴിച്ചു കൂട്ടുന്ന ഒരുമ്മയുടെ ദുഃഖം പറയുന്ന കഥയും, കിടപ്പിലായ രോഗികളുടെ ജീവിതത്തെ ആസ്പദമാക്കി സാന്ത്വന സഞ്ചാര ക്കുറിപ്പുകൾ എന്ന പുസ്തകം എഴുതി. മികച്ച നഴ്സിങ്ങിന്റെ പേരിൽ ഒട്ടനവധി പുരസ്കാരങ്ങൾ ലഭിച്ചിട്ടുണ്ട്. Covid duty Best Nurse Award, Kayamkulam Muncipal Area palliative Care Best Nurse Award 2023, AMA Palliative Care Alappuzha 2023. Best Nurse kayamkulam Muncipal Aera 2024 Trained Nurses Association of India Award 2024, Indian Latin Catholic Best Nurse Award 2024എന്നിങ്ങനെ നിരവധി അവാർഡുകൾ ലഭിച്ചു. സാന്ത്വന സഞ്ചാരക്കുറിപ് എന്ന ബുക്കിന് India Book of Record ലഭിച്ചു. നിലവിൽ കായംകുളം താലൂക്ക് ആശുപത്രിയിൽ പാലിയേറ്റീവ് നേഴ്സായി ജോലി നോക്കുന്നു.

### ഷീജ പെരുംന്തോട്ടത്ത്

കരുനാഗപ്പള്ളി തഴവ സ്വദേശി. കവിതകൾക്കും നുറുങ്ങു കവിതകൾക്കും പുറമെ കഥകളും രചിച്ചിട്ടുണ്ട്. വിവിധ പുസ്തകങ്ങളിലും, മാസികളിലും രചനകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ഗാനങ്ങൾ രചിച്ച് സംഗീതം നൽകി വേദികളിൽ അവതരിപ്പിച്ചുവരുന്നു. ഹിന്ദിയിലും കവിതകളും, ഗാനങ്ങളും രചിക്കാറുണ്ട്. ചിത്രകാരി കൂടിയാണ്. പഞ്ചാരി, തായമ്പക എന്നിവ അഭ്യസിച്ച് വേദികളിൽ അവതരിപ്പിച്ചു വരുന്നു. സന്മാ അവാർഡ്, ഒ.എൻ.വി.ശ്രേഷ്ഠ പുരസ്കാരം, ശ്രീനാരായണ ധർമ്മ സംഘം ശിവഗിരി ട്രസ്റ്റ് പുരസ്കാരം, ലിംക ബുക്ക് ഓഫ് റെക്കോർഡ്, രവീന്ദ്ര നാഥ ടാഗോർ മീഡിയ അവാർഡ്, വിവിധ സംഘടനകളുടെ ആദരവ് തുടങ്ങിയുള്ള അവാർഡുകൾ ലഭിച്ചിട്ടുണ്ട്. നിലവിൽ കായംകുളം സെന്റ് മേരീസ് ബഥനി പബ്ലിക് സ്കൂളിൽ അദ്ധ്യാപികയായി പ്രവർത്തിക്കുന്നു.

### നീന സുരേഷ്

പത്തനംതിട്ട പെരുനാട് സ്വദേശി. എഴുത്തുകാരി, പെരുനാട് ഗ്രാമ പഞ്ചായത്ത് ജനപ്രതിനിധി, പൊതുപ്രവർത്തക. ധാരാളം കൃതികൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ബാലനോവൽ, ഓർമ്മക്കുറിപ്പുകൾ, ലേഖനങ്ങൾ തുടങ്ങിയവയും രചിച്ചിട്ടുണ്ട്. വിവിധ മാധ്യമങ്ങളിലും സോഷ്യൽ മീഡിയകളിലും, സാഹിത്യ വാട്സ്പ്പ് കൂട്ടായ്മകളിലും കവിതകളും, കഥകളും എഴുതിവരുന്നു. അക്ഷരമുറ്റം പുരസ്കാരം, കവിത സാഹിത്യകലാ സാംസ്കാരികവേദി പുനലൂരിന്റെ എം.ടി.വാസുദേവൻനായർ പുരസ്കാരം, സർഗ്ഗസ്വരം സാഹിത്യവേദി 2025-ലെ പുരസ്കാരം, ജനനി കലാസാഹിത്യ പുരസ്കാരം തുടങ്ങിയുള്ള അവാർഡുകൾ ലഭിച്ചിട്ടുണ്ട്.

### സീന ജയചന്ദ്രൻ

തൃശൂർ മണ്ണുത്തി സ്വദേശി. സാമൂഹിക. രാഷ്ട്രീയ, ജീവകാരുണ്യ പ്രവർത്തക, നർത്തകി, അഭിനേതാവ്. സാമൂഹ്യ പ്രവർത്തക. രക്തദാന മേഖലയിൽ പ്രവർത്തിച്ചുവരുന്നു. പ്രളയ സമയത്തും, കോവിഡ് സമയത്തും ഭക്ഷ്യധാന കിറ്റ് അടക്കമുള്ള ആവശ്യ സാധനങ്ങൾ അർഹതപ്പെട്ടവർക്ക് എത്തിച്ചുകൊടുത്തിട്ടുണ്ട്. നിർദ്ധനരായ കുട്ടികൾക്കുള്ള സ്കൂൾ കിറ്റുകൾ, രോഗികൾക്കുള്ള മെഡിസിൻ, ചികിത്സാ സഹായങ്ങൾ എത്തിച്ച് കൊടുത്തിട്ടുണ്ട്. സ്വന്തമായി സർഗ്ഗഭാവന എന്ന പേരിൽ ഒരു ഡാൻസ് ട്രൂപ്പ് തുടങ്ങുകയും ധാരാളം കുട്ടികളെ ഡാൻസ് പഠിപ്പിക്കുകയും, ഒട്ടനവധി വേദികളിൽ പ്രോഗ്രാം അവതരിപ്പിക്കുകയും ചെയ്തിട്ടുണ്ട്. ധാരാളം നാടകങ്ങളിൽ അഭിനയിച്ചിട്ടുണ്ട്. സാമൂഹ്യസേവനത്തിന് ഗ്ലോബൽ വിമൻ ഐക്കൻ അവാർഡ്. ഹോപ്പ് വേൾഡ് റിക്കാർഡ്, വേൾഡ് വിമൻസ് ഡേ അവാർഡ്, മദർ തെരേസ പുരസ്കാരം, കലാഭവൻ മണി പുരസ്കാരം, ഗാന്ധിഭവൻ പുരസ്കാരം, സ്നേഹകൂട് അഭയ മന്ദിര അവാർഡ് തുടങ്ങി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. നിലവിൽ തണൽ റവന്യൂ ടവർ ചാരിറ്റി സംഘടനയുടെ തൃശ്ശൂർ ജില്ലാ പ്രസിഡന്റ്, നാഷണൽ ഹ്യൂമൻ റൈറ്റ്സ് സ്റ്റേറ്റ് ജനറൽ സെക്രട്ടറി, ആൾ കേരള ബ്ലഡ് ഡൊണേഷൻ എമർജൻസി ടീം കോ ഓർഡിനേറ്റർ എന്നീ നിലകളിൽ പ്രവർത്തിക്കുന്നു.



റഷീദ ഫർസദ്



അനിൽകുമാർ



അഡ്വ. പി.ആർ. ചന്ദ്രമോഹൻ



കാർത്തിക എസ്. പിഷാരോടി



സജിന നൗഷാദ്



ഹാജിറ കെ.വി

### റഷീദ ഫർസദ്

മലപ്പുറം വെന്നിയൂർ സ്വദേശിനി. മാനസികാരോഗ്യ രംഗത്ത് സമർപ്പണത്തോടെ പ്രവർത്തിക്കുന്ന ഒരു പ്രൊഫഷണൽ സൈക്കോളജി കൗൺസിലറും സൈക്കോ തെറാപ്പിസ്റ്റുമാണ്. പഠനവൈകല്യങ്ങളോ പെരുമാറ്റ വെല്ലുവിളികളോ നേരിടുന്ന കുട്ടികളെയും വിദ്യാർത്ഥികളെയും ശരിയായ ദിശയിൽ എത്തിക്കുന്ന സ്പെഷ്യൽ എഡ്യൂക്കേറ്റർ ആയും പ്രവർത്തിക്കുന്നു. സമൂഹത്തിലെ വിവിധതലങ്ങളിലുള്ള പ്രശ്നങ്ങളെ തിരിച്ചറിയുകയും അതിന് പരിഹാരം കണ്ടെത്തുന്നതിനുള്ള പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുകയും ചെയ്യുന്നു. ഈ പ്രവർത്തനങ്ങൾ അനേകം ജീവിതങ്ങളെ മാറ്റിമറിച്ചിട്ടുണ്ട്. നിരവധി പുരസ്ക്കാരങ്ങളും അവാർഡുകളും ലഭിച്ചിട്ടുണ്ട്.

### അനിൽകുമാർ

തിരുവനന്തപുരം നെടുമങ്ങാട് സ്വദേശി, ജില്ലാ മജിസ്ട്രേറ്റ് കോടതിയിൽ നിന്നും ക്ലർക്കായി വിരമിച്ചു. തന്റെ വരുമാനത്തിൽ നിന്നും ചെറിയ ഒരു ഭാഗം ക്യാൻസർ രോഗികൾക്കും പാവങ്ങൾക്കും വേണ്ടി ചിലവാക്കുന്നു. ആശുപത്രികളിൽ ഉച്ചഭക്ഷണം എത്തിക്കുന്നു. മെഡിക്കൽകോളേജിലും മറ്റ് ആശുപത്രികളിലും അത്യാസന്ന നിലയിൽ എത്തുന്നവർക്ക് ബ്ലെഡ് അറേഞ്ച് ചെയ്തു നൽകുന്നു. തിരുവനന്തപുരം ആർ.സി.സിയിലെ രോഗികളുടെ പരിചരണക്കാർക്ക് ഉച്ചക്കും വൈകിട്ടും ഭക്ഷണം സ്നാക്സ്, ചായ എന്നിവ പലരുടെയും സഹായസഹകരണത്തോടെ ഏർപ്പാടാക്കി കൊടുക്കുന്നു. രോഗാവസ്ഥയിലുള്ളവർക്ക് അവരുടെ ആവശ്യങ്ങൾക്ക് സഹായിക്കുന്നു. നിരവധി ബഹുമതികളും പുരസ്ക്കാരങ്ങളും ലഭിച്ചിട്ടുണ്ട്.

### അഡ്വ. പി.ആർ. ചന്ദ്രമോഹൻ

തിരുവനന്തപുരം പേരൂർക്കട സ്വദേശി. ദേവസ്വംബോർഡിൽ എക്സിക്യൂട്ടീവ് എഞ്ചിനീയറായി വിരമിച്ചു. വഞ്ചിയൂർ കോടതിയിൽ പ്രാക്ടീസ് ചെയ്യുന്നു. ദേശസാൽകൃത ബാങ്കുകളിലും മറ്റ് ഷെഡ്യൂൾസ് ബാങ്കുകളിലും അംഗീകൃത വാല്യൂർ ആയി സേവനം നടത്തുന്നു. പൊതു പ്രവർത്തനത്തിലും, സജീവമായി നിൽക്കുന്നു മുതിർന്ന കോൺഗ്രസുകാരെ സംഘടിപ്പിച്ചുകൊണ്ട് സീനിയർ കോൺഗ്രസ് എന്ന സംഘടന രൂപീകരിച്ചും അതിന്റെ സംസ്ഥാന പ്രസിഡന്റായി സേവനം അനുഷ്ഠിച്ചുകൊണ്ട് അതു വഴി ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകുന്നു. തിരുവനന്തപുരത്ത് ഒട്ടനവധി സന്നദ്ധ സംഘടനാ പ്രവർത്തനങ്ങൾ

### കാർത്തിക എസ്. പിഷാരോടി

ചാലക്കുടി പോട്ട സ്വദേശി. നർത്തകി. സ്കൂൾവിദ്യാഭ്യാസം കാലം മുതലേ നൃത്തലോകത്തേക്ക് കടന്നു വന്നു. രണ്ടാം ക്ലാസിൽ അരങ്ങേറ്റം കുറിച്ചു. കേരളത്തെ പ്രതിനിധീകരിച്ച് നടനഗ്രാമത്തിലെ അംഗമായി പുതുച്ചേരി (പോണ്ടിച്ചേരി) ഗവ:പുതുച്ചേരി ഫെസ്റ്റ് 2023 ൽ കോരള നടനം അവതരണം നടത്തിയിട്ടുള്ളതും, പുതുച്ചേരി ഗവൺമെൻറിൻറെ കൾച്ചറൽസ്കോളർഷിപ്പിന് ശുപാർശ ചെയ്യപ്പെട്ടിട്ടുമുണ്ട്. 14 വർഷമായി ദേവാംഗന നാട്യഗൃഹം എന്ന പേരിൽസ്വന്തമായി നൃത്ത സ്ഥാപനം നടത്തി വരുന്നതോടൊപ്പം വാണീ നൃത്ത വിദ്യാലയം, വ്യാസ തിരുവനന്തപുരത്ത് വിദ്യാമന്ദിർഎന്നിവിടങ്ങളിലും നൃത്താദ്ധ്യാപനം നടത്തുന്നുണ്ട്. വിവിധ നൃത്താസ്വാദന ക്ലാസുകൾ, വർക്ക് ഷോപ്പുകൾഎന്നിവ നടത്തുന്നതോടൊപ്പം -കോളേജ് തലങ്ങളിലെ കലോത്സവങ്ങൾക്ക് പ്രത്യേക പരിശീലനം നൽകി കുട്ടികളെ സമ്മാനാർഹരാക്കിയിട്ടുണ്ട്. വിവിധ മത്സര വേദികളിൽവിധി കർത്താവായി പോകുന്നുണ്ട്.

### സജിന നൗഷാദ്

കോഴിക്കോട് വടകര സ്വദേശിനി. സ്ക്കൂൾ ടീച്ചറും മദ്രസാ അദ്ധ്യാപികയും സാമൂഹ്യപ്രവർത്തകയുമാണ്. അവശത അനുഭവിക്കുന്ന സമൂഹത്തിലെ വ്യക്തികൾക്കും കുടുംബങ്ങൾക്കും അവരുടെ ആവശ്യങ്ങൾ മനസ്സിലാക്കി സഹായിക്കുന്നു. വിദ്യാഭ്യാസം, സേവനം, മനഃശാന്തി എന്നീ പ്രധാന മൂല്യങ്ങൾക്ക് മുൻതൂക്കം നൽകുന്നു.

### ഹാജിറ കെ.വി

പാലക്കാട് ആമക്കാവ് സ്വദേശിനിയായ ഹാജിറ വിദ്യാഭ്യാസ രംഗത്തും സാമൂഹിക രംഗത്തും പ്രവർത്തിക്കുന്നു. ആലിക്കര മെറിഡിയൻ ഇംഗ്ലീഷ് സ്ക്കൂളിന്റെ പ്രിൻസിപ്പലെന്ന നിലയിൽ നൂതനപഠനരീതികളെ പിന്തുണച്ച് നൂറുകണക്കിന് കുട്ടികളുടെ ഭാവി ആകർഷകമാക്കുന്നതിൽ ശ്രദ്ധചെലുത്തുന്നു. മികച്ച ഇംഗ്ലീഷ് ട്രെയ്നറാണ്. മോട്ടിവേഷൻ സ്പീക്കർ എന്ന നിലയിൽ അനേകർക്ക് പുതിയ ദിശകൾ കണ്ടെത്താൻ വഴിതെളിച്ചിട്ടുണ്ട്.



ജിജി പി.എ



ഹയ്സൽ പോൾ



രജിൽ രാജ് പി



ഹേമ മാത്യു



മുഹമ്മദ് അൽഫിൻ.എസ്



ബേബി അനുശ്രീ

### ജിജി പി.എ

എറണാകുളം വല്ലാർപാടം സ്വദേശിനി. 14 വർഷമായി അങ്കണവാടി വർക്കറായി സേവനം അനുഷ്ഠിക്കുന്നു. പിന്നോക്ക പ്രദേശമായിരുന്ന വല്ലാർപാടം കരയിൽ മികച്ച രീതിയിലുള്ള പ്രവർത്തനം നടത്തി നിരവധി അംഗീകാരങ്ങൾ നേടിയിട്ടുള്ള ഒരു സാമൂഹ്യ പ്രവർത്തകയാണ് ജീവകാരുണ്യ പ്രവർത്തനങ്ങൾക്കുൾപ്പെടെ നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്. ഭാരതീയ ഹ്യൂമെൻ റൈറ്റ്സ് ഫോറം ജില്ല വൈസ് ചെയർമാൻകൂടിയാണ്. സ്ത്രീകളുടെയും കുട്ടികളുടെയും ഉന്നമനം ലക്ഷ്യംവച്ച് പ്രവർത്തിക്കുന്നു.

### ഹയ്സൽ പോൾ

കൊച്ചി ചുള്ളിക്കൽ സ്വദേശി. പത്തുവയസ്സുമുതൽ എഴുതുവാൻ തുടങ്ങി. ബാലനാടകമാണ് ആദ്യം എഴുതിയത്. പിന്നീട് ഗദ്യകവിതകളും കഥകളും എഴുതുവാൻ തുടങ്ങി. ‘കാലത്തിനു മുൻപേ’ എന്ന കവിതാസമാഹാരം, ‘ഗ്രീഷ്മത്തിൽ വിടർന്ന പൂക്കൾ’ എന്ന കഥാസമാഹാരം, മുപ്പത്തിരണ്ട് ലേഖനങ്ങൾ അടങ്ങിയ ചിന്താധ്വനികൾ എന്നീ മൂന്നു പുസ്തകങ്ങൾ പ്രസിദ്ധീകരിച്ചു. ‘ഇരുളിൻ മറവിൽ’ എന്ന ചെറുകഥയെ ആസ്പദമാക്കി ‘വൈ’ എന്ന പേരിൽ ഷോർട്ട് ഫിലിം നിർമ്മിച്ചു. അതിൽ സംഭാഷണവും എഴുതിയിട്ടുണ്ട്. പ്രസ്തുത ഫിലിമിന് വിവിധ മേഖലകളിലായി നൂറിൽ കൂടുതൽ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. ബെസ്റ്റ് സ്റ്റോറി റൈറ്റർ അവാർഡ്, കൂടാതെ വിവിധ മേഖലകളിലായി നൂറിൽ കൂടുതൽ അവാർഡുകൾ ലഭിച്ചിട്ടുണ്ട്. ചാരിറ്റി പ്രവർത്തനങ്ങളിൽ മിഷനറികളുമായി സഹകരിച്ച് പ്രവർത്തിക്കുന്നു.

### രജിൽ രാജ് പി

12 വർഷമായി നൃത്തരംഗത്ത് സജീവം കേരളത്തിനകത്തും പുറത്തും നിരവധി വേദികളിൽ നൃത്തം അവതരിപ്പിച്ചിട്ടുണ്ട്. കേരളനടനം പെർഫോമൻസ് ആണ് ചെയ്തു വരുന്നത്. പ്രാണ ഇന്റർനാഷണൽ ഡാൻസ് ഫെസ്റ്റിവൽ, AIDA ഇന്റർനാഷണൽ ഡാൻസ് ഫെസ്റ്റിവൽ, നാദം ഇന്റർനാഷണൽ ഡാൻസ് ഫെസ്റ്റിവൽ എന്നിവയിൽ പങ്കെടുത്തിട്ടുണ്ട്. ശ്രീരുദ്രം നാട്യഗൃഹം എന്ന പേരിൽ മലപ്പുറം തിരൂരിൽ നൃത്തവിദ്യാലത്തിന്റെ മാനേജിംഗ് ഡയറക്ടർ ആണ്.

### ഹേമ മാത്യു

കാല്ലം സ്വദേശി സ്വദേശിനി 35 വർഷത്തെ പരിചയസമ്പത്തുള്ള ബ്യൂട്ടീഷനും മേക്കപ്പ് ആർട്ടിസ്റ്റുമാണ്. സംസ്ഥാനതല ബെസ്റ്റ് മേക്കപ്പ് ആർട്ടിസ്റ്റ് സ്പെഷ്യൽ ജൂറി അവാർഡ് ലഭിച്ചിട്ടുണ്ട്. കവിതാരചനയിലും മികവ് തെളിയിച്ച് പുരസ്കാരം നേടിയിട്ടുണ്ട്. ഒട്ടേറെ പുരസ്കാരങ്ങൾക്കുപുറമെ അന്തർദേശീയ അവാർഡുകൾക്കും അർഹയായി.

### മുഹമ്മദ് അൽഫിൻ.എസ്

തിരുവനന്തപുരം കണിയാപുരം സ്വദേശി. കാർബോർഡിൽ മിനിയേച്ചർ രീതിയിൽ ക്രാഫ്റ്റുകൾ ചെയ്തുവരുന്നു. സ്വന്തമായി ജൈവ പച്ചക്കറി കൃഷി ചെയ്തു വരുന്നു. ക്രാഫ്റ്റ്, കൃഷി, മാലിന്യ സംസ്കരണം എന്നിവയിലുള്ള മികവിന് കേരള സർക്കാർ വനിതാ ശിശു വികസന വകുപ്പിന്റെ ഉജ്ജ്വല ബാല്യം 2023 പുരസ്കാരം, എ.പി.ജെ. അബ്ദുൾ കലാം സ്റ്റഡി സെന്റർ ബാലപ്രതിഭ പുരസ്കാരം, പോത്തൻകോട് ബ്ലോക്ക് പഞ്ചായത്ത് നൽകിയ അവാർഡ്, അണ്ടൂർക്കോണം ഗ്രാമ പഞ്ചായത്ത് നൽകിയ അവാർഡ് സ്നേഹപച്ച ചാരിറ്റബിൾ ട്രസ്റ്റ് നൽകിയ വിദ്യാജ്യോതി പുരസ്കാരം തുടങ്ങിയവയ്ക്ക് അർഹനായി. വിവിധ സന്നദ്ധ സംഘടനകൾ, സ്കുളുകൾ, ക്ലബ്ബുകൾ എന്നിവിടങ്ങളിൽ നിന്ന് സ്നേഹാദരങ്ങൾ കരസ്ഥമാക്കിയിട്ടുണ്ട്. നിലവിൽ മേനംകുളം സെന്റ് മാർത്താസ് സ്പെഷ്യൽ സ്കൂളിൽ പഠിക്കുന്നു.

### ബേബി അനുശ്രീ

ആലപ്പുഴ കായംകുളം സ്വദേശി. കുഞ്ഞു കവിയത്രിയാണ്. കഥാസമാഹാരം പ്രസിദ്ധീകരിച്ചിട്ടുണ്ട്. പൊതു വിദ്യാലയങ്ങളിൽ പുസ്തകമിറക്കിയ വിദ്യാർത്ഥിനിയെന്ന നിലയിൽ പൊതുവിദ്യാഭ്യാസവകുപ്പിന്റെ ആദരവ് ലഭിച്ചു. ഒ.എൻ.വി.കുറുപ്പ് സ്മാരക അക്ഷര ജ്യോതി പുരസ്കാരം, രവീന്ദ്രനാഥ ടാഗോർ പുരസ്കാരം, കായംകുളം ഉപജില്ലാ കലാസാഹിത്യവേദിയുടെ ആദരവ്, കട്ടച്ചിറ എൽ.പി. സ്കൂളിന്റെ ആദരവ് കൂടാതെ നിരവധി സംഘടനയുടെ ആദരവുകളും ലഭിച്ചിട്ടുണ്ട്. ഇതുകൂടാതെ കഥാപ്രസംഗകലയിലും മികവ് പുലർത്തുന്നു. നിലവിൽ കട്ടചിറ എൽ.പി. സ്കൂളിലെ മൂന്നാം ക്ലാസ്സ് വിദ്യാർത്ഥിനിയാണ്.

# ‘രംഗബോധമില്ലാത്ത കോമാളി’

(1 –ാം പേജിൽ നിന്നും തുടർച്ച)

കൂട്ടിക്കൊണ്ടുപോവുകയായിരുന്നു. തന്റെ ‘ഞാൻ ഗന്ധർവ്വൻ’ എന്ന ചിത്രത്തിന്റെ പ്രിവ്യൂ കാണാൻ കോഴിക്കോട്ട് എത്തിയതായിരുന്നു പത്മരാജൻ. രാത്രി താൻ താമസിച്ചിരുന്ന ലോഡ്ജിൽ മടങ്ങിയെത്തി എല്ലാവർക്കും "ശുഭരാത്രി’ ആശംസിച്ച് മുറിയിൽ കയറി കതകടച്ചതാണ്. അടുത്ത ദിവസം കിടക്കയിൽ മരിച്ച നിലയിൽ കാണുകയായിരുന്നു. ഗന്ധർവ്വനെക്കുറിച്ചുള്ള സിനിമ നിർമ്മിച്ചതിലെ ഗന്ധർവ്വ കോപമാണ് ഈ അത്യാഹിതത്തിന് കാരണമെന്നാണ് കടുത്ത ഈശ്വരവിശ്വാസികളായ ഞവരയ്ക്കൽ തറവാട്ടിലുള്ളവരും പപ്പേട്ടന്റെ ഭാര്യ രാധാലക്ഷ്മിയും വിശ്വസിക്കുന്നത്. പത്മരാജന്റെ ‘ഒരിടത്തൊരു ഫയൽവാൻ’, ‘അരപ്പട്ട കെട്ടിയ ഗ്രാമം’, ‘നമുക്ക് പാർക്കാൻ മുന്തിരിത്തോപ്പുകൾ’, ‘മൂന്നാംപക്കം’, ‘തൂവാനത്തുമ്പികൾ’ തുടങ്ങിയുള്ള എത്രയോ ചിത്രങ്ങൾ വൻ വിജയം നേടിയ ശേഷം ‘ഞാൻ ഗന്ധർവ്വൻ’ എന്ന ചിത്രത്തിന് തുടക്കമിടുമ്പോൾത്തന്നെ ദുഃശ്ശകുനങ്ങളായിരുന്നുവെന്ന് രാധാലക്ഷ്മി ഉറക്കെ ചിന്തിച്ചിട്ടുണ്ട്. ചിത്രത്തിന്റെ ആദ്യഘട്ടത്തിൽ നായകനെ തീരുമാനിക്കാനായി മുംബൈയിലേക്ക് പോകാൻ കയറിയ വിമാനത്തിൽ പക്ഷിയിടിച്ച് വിമാനം തിരിച്ചിറക്കി; ചിത്രീകരണ വേളയിൽ നായികാ- നായകന്മാർക്കടക്കം പലർക്കും പരിക്കുകൾ പറ്റി; പല കാരണങ്ങളാൽ പലവട്ടം ചിത്രീകരണം നിറുത്തിവെയ്ക്കേണ്ടി വന്നു; ഇതൊക്കെയും ഓരോരോ ദുഃശ്ശകുനങ്ങളായിരുന്നുവെന്നും രാധാലക്ഷ്മി ഓർക്കുന്നു. എന്നാൽ പത്മരാജന്റെ രണ്ട് സഹോദരമാരും 45-ാമത്തെ വയസ്സിലാണ് അന്തരിച്ചതെന്നതിനാൽ അത് കുടുംബദോഷമാണെന്ന് അഭിപ്രായപ്പെടുന്നവരും ഇല്ലാതില്ല. മലയാള നോവൽ സാഹിത്യത്തിനും ചലച്ചിത്ര ശാഖയ്ക്കും ഇനിയുമെത്രയോ വിലപ്പെട്ട സംഭാവനകൾ ലഭിക്കുമായിരുന്ന- അല്ലെങ്കിൽ ലഭിക്കേണ്ടിയിരുന്ന ആ അസാധാരണ നക്ഷത്രത്തെ തട്ടിയെടുത്തതിനെ ‘രംഗബോധമില്ലാത്ത കോമാളി’ എന്നല്ലാതെ മറ്റെന്തു വിളിക്കാൻ?

മലയാള കവിതാ രംഗത്തെയും ചലച്ചിത്രഗാനരംഗത്തെയും അതുല്യ ജ്വാലയായിരുന്ന വയലാർ രാമവർമ്മയും. “ഈ മനോഹരതീരത്ത് തരുമോ ഇനിയൊരു ജന്മംകൂടി” എന്നഭ്യർത്ഥിച്ചുകൊണ്ട് കാലയവനികയ്ക്കുള്ളിൽ മറഞ്ഞത് അദ്ദേഹത്തിന്റെ 47-ാംവയസ്സിലായിരുന്നു. 1975 ഒക്ടോബർ 27ന് മലയാള ഭാഷയ്ക്ക് സംഭവിച്ച ആ കനത്ത നഷ്ടം ഇനിയും നികത്താനായിട്ടില്ലായെന്ന വസ്തുതയും നിലനിൽക്കുന്നു!

എഴുത്തുകാരി ആർ. ആനന്ദവല്ലിക്ക് സമാനതകളില്ലാത്ത ദുരന്തത്തെയാണ് അഭിമുഖീകരിക്കേണ്ട വന്നത്. പ്രേമിച്ച് വിവാഹം കഴിച്ച തന്റെ ഭർത്താവിന്റേയും ഏറെ ഇഷ്ടപ്പെട്ടിരുന്ന തന്റെ ഇളയ സഹോദരന്റേയും, എന്തിനും സഹായിയായിരുന്ന തന്റെ അമ്മാവന്റേയും മൃതദേഹങ്ങൾ ഒരുമിച്ച് നാലുകെട്ടിന്റെ നടുത്തളത്തിൽ നിരത്തിക്കിടത്തിയത് കണ്ടുനിൽക്കേണ്ടിവന്ന ഹതഭാഗ്യയാണവർ. കായംകുളത്തിനടുത്ത് ചേപ്പാട് വച്ചുണ്ടായ വാഹനാപകടത്തിലായിരുന്നു ഈ ദുരന്തം സംഭവിച്ചത്. ഡ്രൈവറടക്കം അഞ്ചുപേർ സഞ്ചരിച്ചിരുന്ന കാർ റോഡുവക്കത്ത് നിറുത്തിയിട്ടിരുന്ന ലോറിക്കടിയിലേക്ക് ഇടിച്ചുകയറുകയായിരുന്നു. കാറിലുണ്ടായിരുന്ന അഞ്ചുപേരും തൽക്ഷണം മരിച്ചു. ആൾ ഇന്ത്യാ റേഡിയോയിൽ വാർത്തകൾ വായിച്ചിരുന്ന വിശ്വനാഥനായിരുന്നു ആനന്ദവല്ലിയുടെ ഭർത്താവ്. യൂണിവേഴ്സിറ്റി കോളേജിൽ എം.എയ്ക്ക് പഠിക്കവേ പ്രേമത്തിലായ ഇവർ വിവാഹിതരായി. വിശ്വനാഥൻ അപകടത്തിൽപ്പെടുമ്പോൾ അവർക്ക് പറക്കമുറ്റാത്ത മൂന്ന് പിഞ്ചു മക്കൾ. അവരിൽ മൂത്ത മകൻ മാധ്യമം ദിനപ്പത്രം സബ്എഡിറ്ററായി, രണ്ടാമത്തെമകൻ ‘വിചാരണ’ എന്ന പ്രസിദ്ധീകരണം നടത്തിയിരുന്നു, ഇളയമകൾ കോളേജ് ലക്ചറർ. സഹോദരൻ ശങ്കരപ്പിള്ളയുടെ പെണ്ണുകാണലിനായുള്ള യാത്രയായിരുന്നു ഈ ദുരന്തത്തിൽ കലാശിച്ചത്. ഭർത്താവിന്റേയും അനുജന്റേയും അമ്മാവന്റേയും ചേതനയറ്റ മുഖത്തേയ്ക്ക് നോക്കി നിർവ്വികാരയായി ഒറ്റ ഇരുപ്പിരുന്ന ആനന്ദവല്ലിയെ ഒന്ന് കരയിപ്പിക്കാൻ അന്ന് ബന്ധുക്കൾക്ക് ഏറെ പണിപ്പെടേണ്ടിവന്നു. “ഞാനും വിശ്വേട്ടനും പ്രേമിച്ച് കൊതിതീർന്നിട്ടില്ലായിരുന്നു” എന്ന് ആനന്ദവല്ലി എഴുതിയിട്ടുണ്ട്. അപകടത്തിൽപ്പെട്ടവർ അന്ന് കാണാൻപോയ പെൺകുട്ടി പിന്നീട് സന്ന്യാസിനിയായി! (പേരും വിവരങ്ങളും പറയുന്നില്ല) ചേപ്പാട് സംഭവത്തിനുശേഷം പിന്നീട് ആ കുട്ടിയെ ‘പെണ്ണുകാണാനായി’ പോയ യുവാവ് പാമ്പുകടിയേറ്റ് മരണമടഞ്ഞിരുന്നു. അതോടെ പെൺകുട്ടി എല്ലാം വിട്ടെറിഞ്ഞ് സന്യാസത്തിലേക്ക് തിരിയുകയായിരുന്നു വത്രേ!

കേരളത്തിന്റെ മുഖ്യമന്ത്രി പിണറായി വിജയന് നഷ്ടപ്പെട്ടത് 11 സഹോദരങ്ങളെയാണ്. പിണറായി വിജയന്റെ മാതാ-പിതാക്കളായ കല്യാണിക്കും മുണ്ടയിൽ കോരനും 14 മക്കളാണ് പിറന്നത്. ഇതിൽ 11 കുട്ടികളെയും മരണം കൂട്ടിക്കൊണ്ടുപോയി. അസാമാന്യ ധൈര്യശാലിയായ പിണറായി വിജയന് ഇന്നും ഇതോർക്കുമ്പോൾ നെഞ്ചുകലങ്ങുമെന്നാണ് അദ്ദേഹത്തോട് അടുപ്പമുള്ളവർ പറയുന്നത്.

എഴുത്തുകാരനും ബി.എസ്.എസ് ദേശീയ ചെയർമാനുമായ ബി.എസ്. ബാലചന്ദ്രന്റെ മനസ്സിനെ വല്ലാതെ തളർത്തിയത് പത്നി ഷീലടീച്ചറുടെയും മതാവ് ശ്രീദേവി കുഞ്ഞമ്മയുടെയും നിര്യാണമാണ്. അറിഞ്ഞുകൊണ്ട് ഒരു തെറ്റും ചെയ്യുകയോ തെറ്റുചെയ്യുന്നതിന് കൂട്ടുനിൽക്കുകയോ ചെയ്യാതെ നിയമവിധേയമായി മാത്രം പ്രവർത്തിച്ചുശീലിച്ചതുകൊണ്ടാവണം പ്രതിസന്ധികൾ അദ്ദേഹത്തിന്റെ മനസ്സിനെ തരിമ്പും ഉലച്ചിട്ടില്ല. ഇക്കാര്യത്തിൽ അദ്ദേഹത്തിന് വളരെ വ്യാപകമായ അംഗീകാരമാണ് ലഭിച്ചിട്ടുള്ളതും. എന്നാൽ മേൽപ്പറഞ്ഞ രണ്ടു മരണങ്ങളും അദ്ദേഹത്തിന്റെ മനസ്സിനെ വല്ലാതെ പിടിച്ചുലച്ചുകളഞ്ഞു. ഇവ രണ്ടും ബാലചന്ദ്രൻ സാറിന്റെ ആരോഗ്യസ്ഥിതിയെത്തന്നെ വല്ലാതെ ബാധിച്ചിട്ടുമുണ്ട്. തൊഴിൽ വിദ്യാഭ്യാസ-തൊഴിൽ പരിശീലനരംഗത്ത് മാതൃകാപരമായ പ്രവർത്തനങ്ങൾ കാഴ്ചവച്ച ഷീലടീച്ചറും സാധുജന സംരക്ഷകയും ഇരുളൂർ ദേവസ്വം ചെയർപേഴ്സനുമായിരുന്ന ശ്രീദേവിക്കുഞ്ഞമ്മയും കുടുംബത്തിന്റെ വിളക്കുകളായിരുന്നു.

കേരളത്തിലെ കമ്യൂണിസ്റ്റ് പാർട്ടിയുടെആദ്യകാല നേതാവ് പി.കൃഷ്ണപിള്ളയ്ക്കും ഭാര്യ പി. തങ്കമ്മയ്ക്കും 1946ൽ ജനിച്ച ഇരട്ടക്കുട്ടികൾ ഉടനെ മരിച്ചുപോയി. പി.കൃഷ്ണപിള്ളയെ കരഞ്ഞുകണ്ടിട്ടുള്ളത് ഈ ഒരൊറ്റ അവസരത്തിൽ മാത്രമാണെന്ന് അദ്ദേഹത്തിന്റെ സന്തതസഹചാരികളായിരുന്നവർ വ്യക്തമാക്കിയിട്ടുണ്ട്. പാമ്പുകടിയേറ്റ് കൃഷ്ണപിള്ള അന്തരിച്ചതിനു ശേഷം തങ്കമ്മയുടെ രണ്ടാംവിവാഹത്തിൽ ജനിച്ച പുത്രനാണ് പ്രശസ്ത പത്ര-ടെലിവിഷൻ പ്രവർത്തകനായിരുന്ന ടി.എൻ. ഗോപകുമാർ. യാതൊരു വരുമാനവുമില്ലാതെ പാവങ്ങൾക്കുവേണ്ടി പട്ടിണി കിടന്നു പ്രവർത്തിക്കുകയായിരുന്ന പി. കൃഷ്ണപിള്ളയ്ക്ക് തങ്കമ്മ ഗർഭിണിയായിരുന്നപ്പോൾ വേണ്ട മരുന്നോ ഭക്ഷണമോ വാങ്ങിക്കൊടുക്കാൻ കഴിഞ്ഞിരുന്നില്ല. അഴിക്കോടൻ രാഘവൻ തരപ്പെടുത്തിക്കൊടുത്ത കണ്ണൂർ കക്കാട്ട് റോഡിലെ ചെറിയൊരു വാടക വീട്ടിലായിരുന്നു അന്ന് കൃഷ്ണപിള്ളയും തങ്കമ്മയും താമസിച്ചിരുന്നത്.

മുൻ ഉപമുഖ്യമന്ത്രിയും മുഖ്യമന്ത്രിയുമായിരുന്ന സി.എച്ച്. മുഹമ്മദ് കോയയുടെ പുത്രൻ മുൻ മന്ത്രി ഡോ.എം.കെ. മുനീറിന് രണ്ട് സഹോദരിമാരാണുള്ളതെന്നാണല്ലോ പരക്കെ അറിയപ്പെടുന്നത്. എന്നാൽ സി.എച്ചിന്റെ ഭാര്യ ആമിന പ്രസവിച്ച പതിനൊന്നുപേരിൽ മൂന്നുപേർ മാത്രമേ ജീവിച്ചുള്ളൂ എന്നതാണ് വസ്തുത.

മുൻ മന്ത്രി കെ.വി.തോമസ് ജനിക്കുന്നതിന് മുമ്പ് അദ്ദേഹത്തിന്റെ മാതാവ് റോസ വർക്കിക്ക് ആറുതവണ ഗർഭം അലസി. കെ. വി.തോമസിന്റെ ജ്യേഷ്ഠൻ കെ.വി. ജോസഫ് ജനിച്ചുകഴിഞ്ഞായിരുന്നു അത്. കെ.വി. തോമസ് കുട്ടിയായിരിക്കുമ്പോൾ എന്നും പനിയായിരുന്നു. കൃത്യമായി സ്കൂളിൽ അയയ്ക്കാനൊന്നും കഴിഞ്ഞിരുന്നില്ല. ‘ഇവനെ കൊപ്രാക്കളത്തിൽ കാക്കയെ ഓടിക്കാനായി ഇരുത്താം; അല്ലാതെ സ്കൂളിൽ വിടാൻ കഴിയുന്നില്ലല്ലോ?’ എന്ന് അന്ന് റോസവർക്കി പറയുമായിരുന്നുവെന്നാണ് കെ.വി. തോമസ് എഴുതിയിട്ടുള്ളത്. ചലച്ചിത്രഗാന രചയിതാവും കവിയുമായ ശ്രീകുമാരൻ തമ്പിക്കുശേഷം ജനിച്ച മൂന്ന് ആൺകുട്ടികൾ വളരെ ചെറുപ്രായത്തിൽ മരിച്ചുപോയതായി വായിച്ചിട്ടുണ്ട്. ഒരു കുട്ടിയെ പ്രസവിച്ചതുതന്നെ ജീവനില്ലാതെയാണെന്നും മറ്റൊരാൾ പ്രസവിച്ച് പത്താംനാൾ മരിച്ചുപോയതായും കാണുന്നു.

# തൊഴിൽ ദിനാചരണവും ഷീല ടീച്ചർ അനുസ്മരണവും എം.എം. ഹസ്സൻ ഉദ്ഘാടനം ചെയ്തു

(1 –ാം പേജിൽ നിന്നും തുടർച്ച)

ഷീല രൂപം നൽകിയത്. എം. ആർ. തമ്പാൻ പറഞ്ഞു. ജോബ് ഡേ പുരസ്കാരത്തിന് അർഹയായ റാണി മോഹൻദാസിനെ അഭിനന്ദിച്ച അദ്ദേഹം തന്റെ ഗുരുനാഥനായ ജഗന്നാഥപ്പണിക്കരുടെ പുത്രിക്ക് ഈ പുരസ്കാരം ലഭിച്ചതിൽ തനിക്ക് ഏറെ സന്തോഷമുണ്ടെന്നും റാണിമോഹൻദാസിന് ലഭിച്ചിരിക്കുന്നത് അർഹതയ്ക്കുള്ള അംഗീകാരമാണെന്നും പറഞ്ഞു.



ബി.എസ്. ഗോപകുമാർ

സ്വാതന്ത്ര്യാനന്തര ഭാരതത്തെ ഇന്നത്തെ നിലയിലെത്തിക്കുന്ന കാര്യത്തിൽ ഭാരത് സേവക് സമാജ് വഹിച്ച പങ്ക് വളരെ വലുതാണെന്ന് ചടങ്ങിൽ സംബന്ധിച്ചവരെ സ്വാഗതം ചെയ്തുകൊണ്ട് ഫൗണ്ടേഷൻ ചെയർമാൻ ബി.എസ്. ഗോപകുമാർ വ്യക്തമാക്കി. ഗോപാലകൃഷ്ണ ഗോഖലെയുടെ നേതൃത്വത്തിൽ രൂപംകൊണ്ട സർവ്വന്റ്സ് ഓഫ് ഇന്ത്യാ സൊസൈറ്റി ഭാരത് സേവക് സമാജ് ആയി രൂപാന്തരപ്പെട്ടിട്ട് ഏഴു പതിറ്റാണ്ടുകൾ പിന്നിട്ടിരിക്കുകയാണെന്നും അദ്ദേഹം ചൂണ്ടിക്കാട്ടി. ബി.എസ്.എസ് ഒരു ഘട്ടത്തിൽ മുരടിച്ചുനിന്നപ്പോൾ അതിന് വളവും വെള്ളവും നൽകി വളർത്തിയെടുക്കുന്നതിനായി പ്രവർത്തിച്ച വ്യക്തിയാണ് ഷീലടീച്ചറെന്നും ബി.എസ്. ഗോപകുമാർ സ്മരിക്കുകയുണ്ടായി.



റാണി മോഹൻ ദാസ്

ഷീല ടീച്ചറുടെ പുത്രി ബി.എസ് ശ്രീലക്ഷ്മി തന്റെ മാതാവിനെ അനുസ്മരിച്ചുകൊണ്ട് സംസാരിച്ചതെല്ലാം അക്ഷരംപ്രതി ശരിയാണെന്ന് ജോബ് ഡേ പുരസ്കാര ജേതാവ് റാണി മോഹൻദാസ് പറഞ്ഞു. തനിക്ക് ലഭിച്ച പുരസ്കാരത്തെ മാതാപിതാക്കളുടേയും ഗുരുക്കന്മാരുടേയും സർവ്വോപരി ഈശ്വരന്റേയും പാദാരവിന്ദങ്ങളിൽ സമർപ്പിക്കുകയാണെന്നും അവർ കൂട്ടിച്ചേർത്തു. എത്രകണ്ട് സങ്കീർണ്ണമായ പ്രശ്നങ്ങളേയും സ്നേഹംകൊണ്ട് നേരിടാനാവും. ഞാനെന്ന ഭാവവും അഹങ്കാരവും ഒരു തരത്തിലും വിലപ്പോവില്ല. നിലവിലുള്ള സാമൂഹ്യ പ്രശ്നങ്ങളിലേയ്ക്ക് വിരൽ ചൂണ്ടി സംസാരിക്കവേ ഇന്ന് സമൂഹത്തിൽ പെൺകുട്ടികൾ മാത്രമല്ല ആൺകുട്ടികളും പീഡിപ്പിക്കപ്പെടുന്നുണ്ട് എന്നത് വസ്തുതയാണെന്നും അവർ അഭിപ്രായപ്പെടുകയുണ്ടായി.

ചടങ്ങിൽ സംബന്ധിച്ച മുഴുവൻ പേർക്കും ഫൗണ്ടേഷൻ ട്രഷറർ മഞ്ജു ശ്രീകണ്ഠൻ കൃതജ്ഞത രേഖപ്പെടുത്തി സംസാരിച്ചു.

(1 –ാം പേജിൽ നിന്നും തുടർച്ച)

# ആൻ മൂർ: ബേബി സ്ലിംഗ് (ബേബി കാരിയർ)

കേൾക്കില്ലെന്നത് അവരെ അത്ഭുതപ്പെടുത്തി . അമ്മമാരുമായി കൂടുതൽ അടുക്കാൻ വേണ്ടി കുഞ്ഞുങ്ങളെ ആഫ്രിക്കൻ അമ്മമാർ തങ്ങളുടെ പുറകിൽ കെട്ടിയ തുണികൊണ്ടുള്ള കവണകളിൽ പിടിച്ചിരിക്കുന്നതായി അവർ മനസ്സിലാക്കി. ഈ സജ്ജീകരണം അമ്മമാർക്ക് ചലനശേഷി ഗണ്യമായി വർദ്ധിപ്പിക്കാനും മറ്റു ജോലി ചെയ്യുമ്പോഴും, മുതിർന്ന കുട്ടികളെ പരിപാലിക്കുമ്പോഴും തങ്ങളുടെ കുഞ്ഞുമക്കളെ തങ്ങളോട് ചേർത്തുനിറുത്തുവാനും പലപ്പോഴും മുലയൂട്ടുവാനും അവരെ സഹായിച്ചിരുന്നു എന്നുമാത്രമല്ല ഇത് കുഞ്ഞുങ്ങൾക്ക് കൂടുതൽ സുരക്ഷിതത്വവും നൽകിയിരുന്നു.

എന്നാൽ യുഎസിൽ, കുഞ്ഞുങ്ങളെ കൂടുതൽ സമയം എടുത്ത് പിടിച്ചിരുന്നില്ല, പകരം പ്ലാസ്റ്റിക് ശിശു സീറ്റുകളിൽ കിടത്തിയാണ് അവർ മറ്റുജോലികൾ ചെയ്തിരുന്നത്. എന്നാൽ 1964-ൽ അവരുടെ മകൾ മണ്ടേല ജനിച്ചതിനുശേഷം, ആൻ മൂർ ആഫ്രിക്കൻ അമ്മമാർ എങ്ങനെയാണോ കുഞ്ഞുങ്ങളെ അങ്ങനെ ചെയ്യുന്നത് അതുപോലെ മകളെ പുറകിൽ കെട്ടിവച്ചു. എന്നാൽ ചിലപ്പോൾ കുഞ്ഞ് അതിൽനിന്നും വഴുതി പോകാറുണ്ടായിരുന്നു, അതിനാൽ അവർ അമ്മ ലൂസി ഓക്കർമാനോട് ഒരു മെച്ചപ്പെട്ട ക്യാരിയർ തുന്നാൻ ആവശ്യപ്പെട്ടു. അങ്ങനെ അമ്മയുടെ സഹായത്തോടെ തന്റെ മകൾക്കായി തുന്നിയ ബേബി ക്യാരിയറുമായി മൂർ ജോലികൾക്കായി പുറത്തുപോകുമ്പോൾ, ക്യാരിയർനെക്കുറിച്ച് അഭിപ്രായം പറയാനും സംശയങ്ങൾ ചോദിക്കാനും ആളുകൾ പലപ്പോഴും അവരുടെ അടുത്തേക്ക് വരുമായിരുന്നു. ആ സമയത്ത്, കുട്ടികളെ അങ്ങനെ പിടിക്കുക എന്നത് ഒരു സമൂലമായ ആശയമായിരുന്നു, എന്തെന്നാൽ അമ്മമാരും കുട്ടികളുമായുള്ള ബന്ധത്തിന്റെ ഗുണങ്ങളെക്കുറിച്ചും അതിന്റെ ആവശ്യകതയെ കുറിച്ചും വിദഗ്ധർ സംസാരിച്ചുകൊണ്ടിരുന്നു. അമ്മമാരോട് അടുത്ത് ചേർത്തുപിടിച്ച കുഞ്ഞുങ്ങൾ മികച്ച ഭാഷാ വൈദഗ്ദ്ധ്യം വികസിപ്പിച്ചെടുക്കുകയും കൂടുതൽ ആത്മവിശ്വാസം നേടുകയും ചെയ്യുന്നുവെന്ന് പഠനങ്ങൾ തെളിയിച്ചു, അതുപോലെതന്നെ കുട്ടികൾ സുരക്ഷിതരും അമ്മയുടെ സ്നേഹം അനുഭവിക്കുന്നവരുമായി വളരണമെന്ന് ആൻ മൂർ കരുതി. താമസിയാതെ, ആന്റേത് പോലെ ബേബി കാരിയർ എവിടെ നിന്ന് വാങ്ങാമെന്ന് ആളുകൾ ചോദിച്ചുവരാൻ തുടങ്ങി. ആനിന്റെ അമ്മ ഒഹായോയിൽ അവ തയ്യൽ ചെയ്യുന്നത് തുടർന്നു, ഏതാനും വർഷങ്ങൾക്കുള്ളിൽ, ഓർഡറുകൾ നിറവേറ്റാൻ സഹായിക്കുന്നതിന് അവർ പ്രാദേശിക ഫാമുകളിൽ നിന്ന് സ്ത്രീകളെ നിയമിച്ചു. തന്റെ സ്ലിംഗിന്റെ ജനപ്രീതി കണ്ടതിനുശേഷം, മൂർ സ്നഗ്ലി എന്നൊരു ബാക്ക്പാക്ക് സൃഷ്ടിച്ചു. മാതാപിതാക്കൾക്ക് കൈകൾ മറ്റുജോലികൾക്ക് ഉപയോഗിക്കാൻ കഴിയുമ്പോഴും കുട്ടികളെ കൊണ്ടുപോകാൻ കഴിയുന്ന ഒരു യാത്രാ ബാക്ക്പാക്കാണ് ഇത്. ആവശ്യക്കാർക്ക് അത് എത്തിച്ചുകൊടുക്കാൻ അവർക്ക് ഏറെ സന്തോഷമായിരുന്നു . എന്നിരുന്നാലും, വാമൊഴിയെ മാത്രം ആശ്രയിച്ച മൂർ ദമ്പതികൾ സ്ലിംഗിനെ പരസ്യപ്പെടുത്തിയില്ല, പക്ഷേ ഈ ശിശുവാഹകനെക്കുറിച്ചുള്ള വാർത്ത വാമൊഴിയായി പ്രചരിച്ചു. കാലക്രമേണ, മൂർ സ്ലിംഗിനായി പരിഷ്കാരങ്ങൾ കൊണ്ടുവന്നു. കാലിൽ ദ്വാരങ്ങളും അധിക പാഡിംഗും അവർ ചേർത്തു. കുഞ്ഞ് വളരുന്നതിനനുസരിച്ച് വലുതാക്കാൻ വേണ്ടി അവർ ടക്കുകളും ഡാർട്ടുകളും ചേർത്തു. ക്രമീകരിക്കാവുന്ന സ്ട്രാപ്പുകൾ, കുഞ്ഞിന്റെ തല താങ്ങാൻ ഒരു ആന്തരിക സഞ്ചി, മറ്റ് നിരവധി പരിഷ്കാരങ്ങൾ എന്നിവ അവർ ചേർത്തു, കുഞ്ഞ് കാരിയറിനു ‘സ്നഗ്ലി’ എന്ന് പേരിട്ടു. 1969-ൽ മൂറിന്റെ കണ്ടുപിടുത്തത്തിന് പേറ്റന്റ് ലഭിച്ചു. 1985 ൽ മൂറും ഭർത്താവും അവരുടെ ഉൽപ്പന്നത്തിന്റെ അവകാശങ്ങൾ ഗെർബർ ബേബി പ്രോഡക്റ്റ്സിന് വിറ്റു (ഒടുവിൽ ഇവൻഫ്ലോ വാങ്ങി). ഈ സമയത്ത് മൂർ 1.5 ദശലക്ഷത്തിലധികം ശിശുക്കളെ തന്റെ നവീകരണത്തിലൂടെ സഹായിച്ചു. എന്നിരുന്നാലും, കമ്പനി സ്നഗ്ലിയെ വ്യത്യസ്തമായ ഒരു ദിശയിലേക്ക് വിപണനം ചെയ്തു, വൻതോതിലുള്ള ഉൽപ്പാദനത്തിന് അത് വിലകുറഞ്ഞതാക്കി. മൂർ പ്രതീക്ഷിക്കാത്ത ഒരു കാര്യം, യഥാർത്ഥ രൂപകൽപ്പനയിലെ പ്രധാന വശങ്ങൾ അവർ നീക്കം ചെയ്തു. ഒറിജിനൽ സ്നഗ്ലി എവിടെ കണ്ടെത്തുമെന്ന് 12 വർഷം ചോദിച്ചതിന് ശേഷം, വീഗോ എന്ന പേരിൽ ഒരു പുതിയ പതിപ്പ് സൃഷ്ടിക്കാൻ മൂർ തീരുമാനിച്ചു. ക്രമീകരിക്കാവുന്ന തോളിൽ സ്ട്രാപ്പുകൾ, കഴുകാവുന്ന ബിബ്, അകത്തെയും പുറത്തെയും പൗച്ച്, സ്നാപ്പുകൾ എന്നിവ ഈ പുതിയ രൂപകൽപ്പനയിൽ ഉണ്ടായിരുന്നു. ടക്കുകളും ഡാർട്ടുകളും കാലഹരണപ്പെട്ടതായി കണ്ടതിനുശേഷം അവയ്ക്ക് പകരം ക്രമീകരിക്കാവുന്ന വെബ്ബിംഗും ചേർത്തു. തന്റെ കൊച്ചുമക്കളുടെ വരവിനുശേഷം 1999 ൽ മൂർ ഈ പതിപ്പ് അവതരിപ്പിച്ചു.

## ഗാന്ധി ഭാരത്

# മഹാത്മാഗാന്ധിയുടെ ഗുണങ്ങൾ എങ്ങനെ ജീവിതത്തിൽ ഉൾപ്പെടുത്താം


**ശ്രീലത എ.പി**

*(തുടർച്ച)*

**പ്രതിരോധവും സ്ഥിരോത്സാഹവും**

‘ആദ്യം അവർ നിങ്ങളെ അവഗണിക്കും, പിന്നെ അവർ നിങ്ങളെ പരിഹസിക്കും, പിന്നെ അവർ നിങ്ങളോട് യുദ്ധം ചെയ്യും, പിന്നെ നിങ്ങൾ വിജയിക്കും.’

ഇന്ത്യയെ പോലുള്ള ഒരു വലിയ രാജ്യത്തിന്റെ സ്വാതന്ത്ര്യ പ്രസ്ഥാനത്തെ അഹിംസയിലൂടെയും അക്രമാസക്തവും ക്രൂരവുമായ ബ്രിട്ടീഷ് സൈന്യത്തിനെതിരെയും നയിക്കുക എന്നത് വളരെ ബുദ്ധിമുട്ടുള്ള കാര്യമായിരുന്നു. ഗാന്ധിജിക്ക് പല തരത്തിലുള്ള പീഡനങ്ങളും ഏൽക്കേണ്ടി വന്നു. ഈ പീഡനങ്ങൾ ഏൽക്കുമ്പോൾ ഒരിക്കലും അടുത്ത ദിവസം സൂര്യനെ കാണാൻ കഴിയില്ലെന്ന് തോന്നി പോയിരുന്നെന്ന് ഗാന്ധിജി പറയുക ഉണ്ടായി. അദ്ദേഹം ഓരോ എതിർപ്പുകളെയും ചെറുത്ത് നിന്നു, അതിനെയെല്ലാം അദ്ദേഹം അതിജീവിച്ചു.



**നിങ്ങളുടെ ലക്ഷ്യത്തിനായി നിലകൊള്ളുക**

ഒരു മഹത്തായ ലക്ഷ്യത്തിനു വേണ്ടി പോരാടുകയും ശരിയായ കാര്യമാണ് ചെയ്യുന്നതെന്ന് അറിയുകയും ചെയ്യുമ്പോൾ നിങ്ങൾ ആ എതിർപ്പിനെ നേരിടും. ഐൻസ്റ്റീൻ പറഞ്ഞിട്ടുണ്ട്, ‘മഹാത്മാക്കൾ എപ്പോഴും ഇടത്തരം മനസ്സുകളിൽ നിന്ന് അക്രമാസക്തമായ എതിർപ്പ് നേരിട്ടിട്ടുണ്ട്.’ എതിർപ്പ് കൂടുതൽ പ്രശ്നങ്ങൾ വഷളാക്കിയേക്കാം. നിങ്ങളുടെ ലക്ഷ്യത്തിനായി നിലകൊള്ളുന്നത് നിങ്ങൾ മാത്രമാണെന്നും ലോകം മുഴുവൻ നിങ്ങൾക്ക് എതിരാണെന്നും തോന്നിയേക്കാം. ആ സമയത്ത് നിങ്ങൾക്ക് എല്ലാം ഉപേക്ഷിച്ച് ഇറങ്ങി പോകാൻ വരെ തോന്നാം. പക്ഷേ എതിർപ്പിനെ നിങ്ങൾ ചെറുക്കണം. എന്തിന് വേണ്ടിയാണ് നിങ്ങൾ ഈ പാതയിലൂടെ സഞ്ചരിക്കുന്നതെന്ന് നിങ്ങൾ സ്വയം ഓർമ്മിപ്പിക്കുകയും, ഓർക്കുകയും ചെയ്താൽ ഈ എതിർപ്പ് നിങ്ങളുടെ മുന്നോട്ടുള്ള ദൗത്യത്തിന് തടസ്സമാവില്ലെന്നും ഉള്ളിലെ തീയെ ജ്വലിപ്പിക്കാൻ സാധിക്കുമെന്നും തിരിച്ചറിയുക. നമ്മുടെ ചുറ്റുമുള്ളവർ എത്ര തവണ നമ്മളെ തളർത്താൻ ശ്രമിച്ചാലും, സത്യത്തിന്റെ പക്ഷത്തുള്ള ഒരാൾ ഒറ്റയ്ക്ക് ആണെങ്കിൽ പോലും ഭൂരിപക്ഷം എപ്പോഴും നന്മയുടെ ഭാഗത്ത് ആയിരിക്കും. എതിർപ്പിനെ കാര്യമാക്കേണ്ടതില്ല, മുന്നോട്ട് പോവുക, സമാനചിന്താഗതിക്കാരായ ആളുകൾ നിങ്ങളുടെ പക്ഷത്ത് ചേരും. പക്ഷേ നിങ്ങൾ തന്നെ മുന്നിൽ നിന്ന് നയിക്കണം.

(തുടരും)

## സംസ്കാര ഭാരതം ഗാനസദസ്സ്

### പാടാം നമുക്ക് പാടാം രാമവർമ്മ തമ്പുരാൻ ഉദ്ഘാടനം ചെയ്തു

**തിരുവനന്തപുരം:** സംസ്കാര ഭാരതം ട്രസ്റ്റിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട ‘പാടാം നമുക്ക് പാടാം’ പ്രതിമാസ പരിപാടി ജവഹർ നഗർ ലക്ഷ്മി എൻ. മേനോൻ മെമ്മോറിയൽ ആഡിറ്റോറിയത്തിൽ കിളിമാനൂർ കൊട്ടാരത്തിലെ രാമവർമ്മ തമ്പുരാൻ ഉദ്ഘാടനം ചെയ്തു.

സംസ്കാര ഭാരതം ട്രസ്റ്റ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ അധ്യക്ഷത വഹിച്ച ചടങ്ങിൽ ട്രസ്റ്റ് സെക്രട്ടറി ജയശ്രീകുമാർ സ്വാഗതം പറഞ്ഞു. സംസ്കാര ഭാരതം ട്രസ്റ്റ് കൾച്ചറൽ റിലേഷൻസ് ഓഫീസർ സ്മിത മനോജ് ചടങ്ങിൽ സംബന്ധിച്ചവർക്ക് കൃതജ്ഞത രേഖപ്പെടുത്തി.




*ഗാനസദസ്സ് കിളിമാനൂർ കൊട്ടാരത്തിലെ രാമവർമ്മ തമ്പുരാൻ ഉദ്ഘാടനം ചെയ്യുന്നു*



*സംസ്കാരഭാരതത്തിന്റെയും കണ്ണമ്മൂല അക്ഷരശ്ലോക സമിതിയുടെയും സംയുക്താഭിമുഖ്യത്തിൽ സദ്ഭാവനാ ഭവൻ ആഡിറ്റോറിയത്തിൽ സംഘടിപ്പിക്കപ്പെട്ട അക്ഷരശ്ലോക സദസ്സ്*

# കാലകേയന്മാരെ കൊല്ലാൻ അഗസ്ത്യമുനി കടൽ കുടിച്ചുവറ്റിച്ചു: ബി.എസ്. ബാലചന്ദ്രൻ



അഗസ്ത്യ മഹർഷിക്ക് ദേവേന്ദ്രൻ നൽകിയ ബാണ-തൂണീര-ഖഡ്ഗങ്ങളാണ് അദ്ദേഹം ശ്രീരാമന് സമ്മാനിച്ചതെന്ന് രാമായണ പ്രഭാഷണ പരമ്പരയിൽ പങ്കെടുത്ത് സംസാരിക്കവേ ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രൻ ചൂണ്ടിക്കാട്ടി.

ദേവേന്ദ്രൻ തന്റെ ബാണ-തൂണീര-ഖഡ്ഗങ്ങൾ അഗസ്ത്യമുനിക്ക് നൽകുവാനുണ്ടായ സാഹചര്യവും അദ്ദേഹം വിശദീകരിക്കുകയുണ്ടായി.

ബ്രഹ്മപുത്രനായ മരീചിയുടെ മകൻ കശ്യപനിൽ അദിതിക്കു ജനിച്ച പുത്രന്മാരാണ് ദ്വാദശാദിത്യന്മാർ. സൂര്യഭഗവാന്റെ പന്ത്രണ്ടു മൂർത്തികളാണ് അവർ. ധാതാവ്, മിത്രൻ, രുദ്രൻ, വരുണൻ, സൂര്യൻ, ആര്യമാവ്, ഭഗൻ, വിവസ്വാൻ, പൂഷാവ്, സവിതാവ്, ത്വഷ്ടാവ്, വിഷ്ണു എന്നിവരാണ് ഈ മൂർത്തികൾ. ഇവരിൽ ത്വഷ്ടാവ് ദൈത്യ സഹോദരി രചനയെ വിവാഹം ചെയ്തു. ത്വഷ്ടാവ്-രചന ദമ്പതിമാർക്ക് രണ്ടു പുത്രന്മാർ ജനിച്ചു. സന്നിവേശൻ എന്നും വിശ്വരൂപനെന്നുമായിരുന്നു അവരുടെ പേരുകൾ. വിശ്വരൂപനെ ഒരിക്കൽ ദേവന്മാർ പുരോഹിതനാക്കിവച്ചു. ദേവപുരോഹിതനായ ബൃഹസ്പതി കുറച്ചുനാൾ ദേവന്മാരുമായി അഭിപ്രായവ്യത്യാസത്തിൽ മാറിനിന്നപ്പോഴായിരുന്നു ഇത്. ഈ വേളയിൽ വിശ്വരൂപൻ ദേവേന്ദ്രന് നാരായണകവചം എന്ന മന്ത്രം ഉപദേശിച്ചു. ശത്രുക്കളിൽ വിജയം നേടാനുള്ളതാണ് നാരായണകവച മന്ത്രം. ദൈത്യസോദരീപുത്രനാണല്ലോ വിശ്വരൂപൻ. വിശ്വരൂപനെ പുരോഹിതനായി വരിച്ചതിനെ തുടർന്ന് ദേവന്മാർക്കുവേണ്ടി യാഗം ചെയ്യുന്നത് വിശ്വരൂപനായി. യാഗവേളയിൽ വിശ്വരൂപൻ ദേവന്മാർക്കുള്ള ഭാഗം അഗ്നിയിൽ ഹോമിക്കുന്നതിനൊപ്പംതന്നെ മാതൃസ്നേഹത്താൽ മറ്റൊരു ഭാഗം അസുരന്മാർക്കും നൽകി. വിശ്വരൂപൻ അസുരന്മാർക്കുകൂടി യജ്ഞഭാഗം നൽകിയത് ദേവേന്ദ്രൻ മനസ്സിലാക്കി. വിശ്വരൂപന്റെ ദേവദ്രോഹത്തിലും വഞ്ചനയിലും ക്ഷുഭിതനായ ദേവേന്ദ്രൻ വിശ്വരൂപന്റെ തലയറുത്തു.

തന്റെ പുത്രൻ വിശ്വരൂപനെ വധിച്ച ദേവേന്ദ്രനോട് പകരം വീട്ടാൻ ത്വഷ്ടാവ് തീരുമാനിച്ചു. ദേവേന്ദ്രനെ വധിക്കുക എന്നതായിരുന്നു ത്വഷ്ടാവിന്റെ ലക്ഷ്യം. അതിനായി ത്വഷ്ടാവ് ഒരു മഹായാഗം നടത്തി. യാഗാന്ത്യത്തിൽ സംഹാരരുദ്രനായി വൃത്രൻ ഉയർന്നുവന്നു. അതിഭീകരനും കടുത്ത നാശം വിതയ്ക്കുവാൻ കഴിവുള്ളവനുമായിരുന്നു വൃത്രൻ. വൃത്രന്റെ സംഹാര ശക്തിയിൽ ദേവേന്ദ്രൻ ഭയന്നു. ഇന്ദ്രൻ ഓടി ശ്രീമഹാവിഷ്ണുവിനെ അഭയം പ്രാപിച്ചു. ദധീചി മുനിയുടെ അസ്ഥി ചോദിച്ചു വാങ്ങി അതുകൊണ്ട് ആയുധം നിർമ്മിച്ചാൽ വൃത്രനെ വധിക്കാനാവുമെന്ന് വിഷ്ണുദേവൻ അറിയിച്ചതനുസരിച്ച് ഇന്ദ്രൻ ദധീചി മഹർഷിയെ കണ്ട് തന്റെ ആവശ്യമറിയിച്ചു. ദേവന്മാർക്കും ദേവേന്ദ്രനും വേണ്ടി തന്റെ അസ്ഥി മുഴുവൻ നൽകാനും തയ്യാറാണെന്നറിയിച്ചുകൊണ്ട് മുനി സ്വയം ജീവൻ വെടിഞ്ഞു. ദേവേന്ദ്രൻ ദധീചിയുടെ അസ്ഥിയെടുത്ത് വിശ്വകർമ്മാവിനെക്കൊണ്ട് ആയുധം പണിയിച്ചു. പ്രസ്തുത ആയുധത്തിൽ തന്റെ ശക്തിയും സന്നിവേശിക്കപ്പെടുമെന്ന് മഹാവിഷ്ണു നേരത്തേ അറിയിച്ചിരുന്നതു പ്രകാരം ഇന്ദ്രൻ നിർമ്മിച്ച വജ്രായുധത്തിൽ വിഷ്ണുദേവശക്തിയും അനുപ്രവേശിച്ചു. ഈ ദിവ്യായുധം കൊണ്ട് ദേവേന്ദ്രൻ വൃത്രനെ വധിച്ചു.

വൃത്രാസുരന് എല്ലാ സഹായങ്ങളും നൽകിയിരുന്നത് സുഹൃത്തുക്കളായ കാലകേയന്മാരായിരുന്നു. ദേവേന്ദ്രനെ തകർക്കുന്ന കാര്യത്തിൽ ശക്തമായി ഇടപെട്ടിരുന്നതും കാലകേയന്മാർ തന്നെ. ദേവേന്ദ്രൻ വൃത്രാസുരനെ വധിച്ചതോടെ കാലകേയന്മാർ സമുദ്രത്തിന്റെ അടിത്തട്ടിൽപോയി ഒളിച്ചു.

ഭൂമിയിൽ നിന്നും ഒളിച്ചു നിന്നുവെങ്കിലും കാലകേയ രാക്ഷസരുടെ അക്രമപ്രവൃത്തികൾ തുടർന്നുവന്നു. രാത്രിയിൽ കടലിനടിയിൽ നിന്നും പുറത്തുവന്നായിരുന്നു അവർ അക്രമങ്ങൾ നടത്തിയിരുന്നത്. മോഷണം, കൊള്ള, വെള്ളത്തിൽ വിഷംകലക്കൽ, സ്ത്രീകളെ തട്ടിക്കൊണ്ടുപോകൽ, കുട്ടികളെ ഉപദ്രവിക്കൽ തുടങ്ങിയുള്ള നീചകൃത്യങ്ങളെല്ലാം അവർ നിത്യവും ചെയ്തുവന്നു. ഇന്ദ്രൻ കിണഞ്ഞു ശ്രമിച്ചുവെങ്കിലും കാലകേയന്മാരെ കണ്ടെത്താനായില്ല. ഒടുവിൽ അക്രമങ്ങൾക്കുശേഷം അവർ കടലിന്റെ അടിത്തട്ടിൽ പോയി ഒളിച്ചിരിക്കുകയാണ് പതിവെന്ന് ദേവേന്ദ്രൻ മനസ്സിലാക്കി. എന്നാൽ കടലിനടിയിൽ നിന്നും പുറത്തെത്തിക്കാതെ അവരെ യാതൊന്നും ചെയ്യാൻ കഴിയില്ലായെന്നത് ദേവേന്ദ്രനെ വിഷമിപ്പിച്ചു. കടൽ വറ്റിക്കാതെ അവരെ പിടികൂടി വധിക്കാനാവില്ലെന്ന് തിരിച്ചറിഞ്ഞ ദേവേന്ദ്രൻ മറ്റ് ദേവന്മാർക്കൊപ്പം അഗസ്ത്യമഹർഷിയെ കണ്ട് സഹായം അഭ്യർത്ഥിച്ചു. ലോകനന്മയ്ക്കുവേണ്ടിയാണെന്ന കാരണത്താൽ അഗസ്ത്യമഹർഷി ഇന്ദ്രനെ സഹായിക്കാമെന്ന് സമ്മതിച്ചു. മഹർഷി തന്റെ യോഗശക്തിയാൽ സമുദ്രജലം മുഴുവൻ കുടിച്ചു വറ്റിച്ചു. ഈ സമയം ദേവേന്ദ്രൻ കാലകേയന്മാരെ പിടികൂടി വധിച്ചു.

ഇതിൽ സന്തോഷിച്ച ദേവേന്ദ്രൻ തന്റെ ചാപ-തൂണീര-ഖഡ്ഗങ്ങൾ അഗസ്ത്യമഹർഷിക്ക് നൽകി. ഇതിനെയാണ് അഗസ്ത്യമുനി ശ്രീരാമചന്ദ്രന് സമ്മാനിച്ചത്. ഒന്നുനിറുത്തിയശേഷം ബി.എസ്. ബാലചന്ദ്രൻ തുടർന്നു. സമുദ്രജലമാകെ കുടിച്ചുവറ്റിച്ച അഗസ്ത്യമഹർഷി അത് തന്റെ മൂത്രദ്വാരത്തിലൂടെയാണ് പുറത്തേയ്ക്ക് വിട്ടത്. ഇതോടെയാണ് സമുദ്രജലത്തിന് ഉപ്പുരസമുണ്ടായത്. സമുദ്രജലം മനുഷ്യർ കുടിക്കാത്തതിന് കാരണവും മറ്റൊന്നല്ല- അദ്ദേഹം കൂട്ടിച്ചേർത്തു.

## ആൽബം



*സദ്ഭാവനാ ട്രസ്റ്റ് പ്രസിദ്ധീകരിച്ച പുസ്തകത്തിന്റെ പ്രകാശന ചടങ്ങിൽ പങ്കെടുക്കാനെത്തിയ ദീപ ദാസ് മുൻഷിയോടൊപ്പം ബി.എസ്.ബാലചന്ദ്രൻ*

## അറിവിന്റെ മധുകണങ്ങൾ



രാജി അജിത്ത്

- ഇന്ത്യയിൽ ആദ്യമായി ഹൃദയം മാറ്റിവെക്കൽ ശസ്ത്രക്രിയ നടത്തിയ ജില്ലാ ആശുപത്രി
  എറണാകുളം ജനറൽ ആശുപത്രി
- സ്പേസ് എക്സസ് വിക്ഷേപിക്കുന്ന ലോകത്തിലെ ഏറ്റവും വലിയ സ്വകാര്യ വാർത്താ വിനിമയ ഉപഗ്രഹം
  ജുപിറ്റർ 3
- കേന്ദ്രസർക്കാർ ആവിഷ്കരിച്ച പുതിയ നാല് ലേബർ കോഡുകളെകുറിച്ച് പഠിക്കുന്നതിനായി കേരള സർക്കാർ നിയമിച്ച സമിതിയുടെ അധ്യക്ഷൻ
  ജസ്റ്റിസ് വി ഗോപാലഗൗഡ
- ഇന്ത്യയിലെ ആദ്യത്തെ പ്രകൃതിതീം വിമാനത്താവള ടെർമിനൽ ഉദ്ഘാടനം ചെയ്തത്
  ഗുവാഹത്തി (അസം)
- കേരളത്തിൽ എവിടെയും തൊട്ടടുത്തുള്ളതും വൃത്തിയുള്ളതും സുരക്ഷിതവുമായ ശൗചാലയം കണ്ടെത്തുന്നതിനായി സർക്കാർ പുറത്തിറക്കിയ ആപ്പ്
  ക്ലൂ
- ഇന്ത്യൻ കോസ്റ്റ് ഗാർഡ് തദ്ദേശീയമായി നിർമ്മിച്ച ആദ്യ മലിനീകരണ നിയന്ത്രണ കപ്പൽ
  സമുദ്ര പ്രതാപ്
- മെറ്റ അവതരിപ്പിച്ച പുതിയ ഐ എ മോഡലുകൾ
  മംഗോ, അവക്കാഡോ
- 2025 ലെ ഫിഫ അറബ് കപ്പ് ഫുട്ബോൾ ടൂർണമെന്റ് ജേതാക്കൾ
  അമാറോക്കോ

## ഫെമിനിസത്തെ പുരുഷവിദ്വേഷമായി കാണരുത്: ബി.എസ്. ശ്രീലക്ഷ്മി



**തിരുവനന്തപുരം:** ശാക്തീകരിക്കപ്പെടുന്ന സ്ത്രീയോട് എല്ലാ നിലയിലും ഒപ്പം നിൽക്കാൻ തക്കവിധത്തിലുള്ള പുരുഷ ശാക്തീകരണവും അനിവാര്യമാണെന്ന് ഷീലടീച്ചറുടേയും ബി.എസ്. ബാലചന്ദ്രന്റേയും പുത്രിയും സ്മാർട്ട് ഇന്ത്യാ സൊല്യൂഷൻസ് മാനേജിംഗ് ഡയറക്ടറുമായ ബി.എസ്. ശ്രീലക്ഷ്മി അഭിപ്രായപ്പെട്ടു.

സ്ത്രീസമത്വത്തിനുവേണ്ടിയുള്ള സാമൂഹ്യവും സാംസ്കാരികവുമായ പോരാട്ടത്തെ (ഫെമിനിസം) പുരുഷ വിദ്വേഷമായോ പുരുഷനുമേൽ കുതിരകയറാനുള്ള ലൈസൻസായോ കാണാൻ പാടില്ലെന്നും ശ്രീലക്ഷ്മി കൂട്ടിച്ചേർത്തു.

ഷീലടീച്ചർ അനുസ്മരണ-ജോബ് ഡേ ഫൗണ്ടേഷൻ അവാർഡ്ദാന ചടങ്ങിൽ തന്റെ മാതാവ് ഷീലടീച്ചറെ അനുസ്മരിച്ച് സംസാരിക്കുകയായിരുന്നു ശ്രീലക്ഷ്മി.

ശാക്തീകരിക്കപ്പെടുന്ന സ്ത്രീകളെ അംഗീകരിക്കുവാനും അവർക്ക് അർഹമായ വില കൽപ്പിക്കാനും പുരുഷനും സാധിക്കണം. അത്തരത്തിലുള്ള ഉഭയ ശാക്തീകരണത്തിലൂടെ സമൂഹത്തിനനുഗുണമാം വിധത്തിലുള്ള ഒരു പുതു തലമുറയെ സൃഷ്ടിച്ചെടുക്കാനാവും. 1950-കളോടെയാണ് അടിച്ചമർത്തപ്പെട്ടും സ്വാതന്ത്ര്യം നിഷേധിക്കപ്പെട്ടും കഴിഞ്ഞിരുന്ന സ്ത്രീവിഭാഗത്തിന് മെല്ലെ മോചനം ലഭിക്കാൻ തുടങ്ങിയത്. വിദ്യാഭ്യാസത്തിനോ, തൊഴിലിനോ, വോട്ടുചെയ്യുവാനോ മാത്രമല്ല മാന്യമായി വസ്ത്രം ധരിക്കുവാനുള്ള സ്വാതന്ത്ര്യംപോലും സ്ത്രീകൾക്കുണ്ടായിരുന്നില്ല. അതിന് മാറ്റം വന്നതിനുപിന്നിൽ ശക്തമായ പോരാട്ടത്തിന്റെ കഥയുണ്ട്. ഈ പ്രക്രിയയെയാണ് ഫെമിനിസം എന്നു പറയേണ്ടത്. മറിച്ച് ഫെമിനിസമെന്നാൽ 'പുരുഷ വിദ്വേഷം' എന്ന തെറ്റിദ്ധാരണക്ക് മാറ്റം വരണം. സ്ത്രീയും പുരുഷനും തമ്മിൽ എല്ലാ കാര്യങ്ങളിലുമുള്ള തുല്യതയാണ് ഫെമിനിസം എന്നതുകൊണ്ടുദ്ദേശിക്കുന്നത്. വീട്ടിലെ പ്രാരാബ്ധങ്ങളായാലും സന്തോഷകരവും സങ്കടകരവുമായ പ്രശ്നങ്ങളായാലും അതിനെ അതിന്റേതായ നിലയിൽ നേരിടുന്നതിനും പരിഹരിക്കുന്നതിനുമുള്ള ബാധ്യത പുരുഷനും സ്ത്രീക്കും തുല്യമായിത്തന്നെ ഉണ്ട്. അല്ലെങ്കിൽ അത് ഉണ്ടാവണം. കുടുംബങ്ങളിലെ ഈ തുല്യത കണ്ട് വളരുന്ന കുട്ടികൾക്കും അതിന്റേതായ ബോധവും അറിവും ഉണ്ടാവുമെന്ന് സ്വാനുഭവത്തിലൂടെ തന്നെ ഞങ്ങൾക്ക് പറയാനാവും.

പ്രശ്നങ്ങളിന്മേൽ തന്റെ മാതാവിനും പിതാവിനും ചില ഘട്ടങ്ങളിൽ ഭിന്നാഭിപ്രായങ്ങൾ ഉണ്ടാവാറുണ്ടായിരുന്നുവെങ്കിലും ഏറ്റവുമൊടുവിൽ യോജിച്ചുള്ള ഒറ്റ തീരുമാനത്തിലായിരിക്കും അവരെത്തുകയെന്നും ഈ വിധത്തിലുരുത്തിരിയുന്ന അന്തിമ തീരുമാനത്തിൽ നിന്നും അവർ ഒരുതരത്തിലും വ്യതിചലിക്കില്ലായെന്നതും തങ്ങൾക്ക് കണ്ടു പഠിക്കാനായിട്ടുണ്ടെന്നും ശ്രീലക്ഷ്മി ചൂണ്ടിക്കാട്ടി.

കുടുംബപ്രശ്നങ്ങളിൽ ബാഹ്യ ഇടപെടലുകൾ പൂർണ്ണമായും ഒഴിവാക്കിക്കൊണ്ട് ബുദ്ധിപൂർവ്വവും യുക്തിപൂർവ്വവും അവയെ സമീപിക്കുന്നപക്ഷം പ്രശ്നപരിഹാരം ഉറപ്പും എളുപ്പവുമായിരിക്കും. ഭാര്യാ-ഭർത്താക്കന്മാർ തമ്മിൽ അഭിപ്രായവ്യത്യാസങ്ങളുണ്ടായാൽ അത് അവർ തന്നെ സംസാരിച്ചു പരിഹരിക്കുക എന്നതാണ് ഏറ്റവും നല്ല മാർഗ്ഗം. മറിച്ച് പുറത്തുനിന്നുള്ളവരുടെ ഇടപെടലുകളുണ്ടായാൽ അത് പ്രശ്നം സങ്കീർണ്ണമാക്കും. രണ്ടുപേർ തമ്മിൽ സംസാരിച്ചാൽ തീരാവുന്ന പ്രശ്നത്തിൽ ഇരുപതുപേർ സംസാരിച്ചാൽ എന്തായിരിക്കും സ്ഥിതിയെന്ന് ഊഹിക്കാവുന്നതേയുള്ളു. ഭാര്യാ-ഭർത്താക്കന്മാർ തമ്മിൽ അഭിപ്രായ ഭിന്നതകളുണ്ടാവുക എന്നത് സ്വാഭാവികം. കാരണം ഇരുവരും വ്യത്യസ്ഥ കുടുംബങ്ങളിൽ വ്യത്യസ്ഥ സാഹചര്യങ്ങളിൽ വളർന്നുവന്നവരാണ്. അവർ തമ്മിൽ ഉണ്ടാവുന്ന അഭിപ്രായ വ്യത്യാസങ്ങൾ അവർ തമ്മിൽ സംസാരിച്ച് രമ്യതയിലെത്തുന്നതാണ് ഉചിതവും പ്രായോഗികവും.

താനും തന്റെ അനുജത്തിക്കും ഇന്ന് കൈവരിച്ചിട്ടുള്ള സകലവിധമായ നേട്ടങ്ങൾക്കും സന്തോഷത്തിനും കാരണഭൂതമായിട്ടുള്ളത് അമ്മയിൽ നിന്നാർജ്ജിച്ച സദ്ഗുണങ്ങളാണെന്ന് ശ്രീലക്ഷ്മി സ്മരിച്ചു. അമ്മ അധികമൊന്നും പറഞ്ഞു പഠിപ്പിച്ചിട്ടില്ല. മറിച്ച് എല്ലാം പ്രവർത്തിച്ചു കാട്ടിത്തരുകയായിരുന്നു. കുട്ടികളുടെ സ്വഭാവരൂപീകരണത്തിന്റെ മുഖ്യ ശ്രോതസ്സ് അമ്മമാരായിരിക്കുമെന്നതും ഞങ്ങളെ സംബന്ധിച്ചും അന്വർത്ഥമായി.

ചില ഘട്ടങ്ങളിൽ അമ്മ പ്രയാസപ്പെടുന്നതു കണ്ടിട്ടുണ്ടെങ്കിലും ഒരിക്കൽപോലും പതറിനിൽക്കുന്നത് കാണാനായിട്ടില്ലെന്ന് ചൂണ്ടിക്കാട്ടിക്കൊണ്ട്, അമ്മയുടെ ഭൗതിക സാന്നിദ്ധ്യം ഇപ്പോഴില്ലായെങ്കിലും നിർണ്ണായക ഘട്ടങ്ങളിലെല്ലാം തനിക്കും സഹോദരി ശ്രീനിധിക്കും അമ്മയുടെ അദൃശ്യ സാന്നിദ്ധ്യം അനുഭവപ്പെടാറുണ്ടെന്നും വിങ്ങലോടെ ശ്രീലക്ഷ്മി പറഞ്ഞു.

## കോൺഗ്രസ്സ് കുടുംബത്തിലേക്ക് മടങ്ങാൻ കാരണം ബി.എസ്. ബാലചന്ദ്രനെന്ന് ചെറിയാൻ ഫിലിപ്പ്



**തിരുവനന്തപുരം:** താൻ കോൺഗ്രസ്സിലേയ്ക്ക് മടങ്ങിവരാൻ കാരണം ബി.എസ്.എസ് ചെയർമാൻ ബി.എസ്. ബാലചന്ദ്രനും ബി.എസ്.എസിന്റെ അവാർഡുമാണെന്ന് രാഷ്ട്രീയ-സാമൂഹ്യ നിരീക്ഷകൻ ചെറിയാൻ ഫിലിപ്പ് പ്രസ്താവിച്ചു.

സി.പി.എമ്മിലേയ്ക്ക് പോയ താൻ വീണ്ടും കോൺഗ്രസ്സിലേയ്ക്ക് മടങ്ങിയെങ്കിലും അത് ആരോടെങ്കിലും തെറ്റിപ്പിരിഞ്ഞു വന്നതല്ല. മറിച്ച് 'കുടുംബ'ത്തിലേയ്ക്കുള്ള മടങ്ങിവരവായിരുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. ജോബ്ഡേ ഫൗണ്ടേഷൻ സംഘടിപ്പിച്ച ഷീലടീച്ചർ അനുസ്മരണ-ജോബ് ഡേ ഫൗണ്ടേഷൻ അവാർഡ്ദാന ചടങ്ങിൽ മുഖ്യ പ്രഭാഷണം നടത്തുകയായിരുന്നു ചെറിയാൻഫിലിപ്പ്.

തനിക്ക് പിണറായി വിജയനോട് എതിർപ്പുണ്ടാകേണ്ടവിധത്തിലുള്ള ഒരു സംഭവവുമുണ്ടായിട്ടില്ലെന്നും നിറകണ്ണുകളോടെയാണ് മടങ്ങിപ്പോകാൻ അദ്ദേഹം തനിക്ക് അനുമതി നൽകിയതെന്നും ചൂണ്ടിക്കാട്ടിയ ചെറിയാൻ ഫിലിപ്പ് ഇപ്പോഴും തന്റെ വലതു നെഞ്ചിൽ എ.കെ. ആന്റണിയും ഇടതു നെഞ്ചിൽ പിണറായി വിജയനുമാണെന്നും അഭിപ്രായപ്പെടുകയുണ്ടായി. കോൺഗ്രസ് നേതാവും ബി.എസ്.എസ് പ്രവർത്തകനുമായിരുന്ന എം.എം. ജേക്കബിന്റെ പേരിൽ ബി.എസ്.എസ് ഏർപ്പെടുത്തിയ അവാർഡ് തനിക്ക് ലഭിച്ചപ്പോൾ അത് സമ്മാനിച്ചത് എ.കെ. ആന്റണിയായിരുന്നു. എ.കെ. ആന്റണിയും താനും തമ്മിൽ ഏറെ നാളുകൾക്കുശേഷമുള്ള പുനഃസമാഗമമായിരുന്നു അത്. അന്ന് തനിക്ക് അവാർഡ് സമ്മാനിച്ചുകൊണ്ട് എ.കെ. ആന്റണി നടത്തിയ പ്രസംഗം ഹൃദയസ്പർശിയായി. തൊട്ടടുത്ത ദിവസത്തെ ഉമ്മൻചാണ്ടിയുടെ വാക്കുകളും മനസ്സിൽ തട്ടി. ഇവയാണ് തന്നെ വീണ്ടും കോൺഗ്രസ് കുടുംബത്തിലേയ്ക്ക് മടങ്ങിയെത്താൻ പ്രേരിപ്പിച്ച ചേതോവികാരം. ഇതിന് കളമൊരുക്കിയതാവട്ടെ ബി.എസ്. ബാലചന്ദ്രനും. താൻ സ്വസഹോദരിയെപ്പോലെ ഇഷ്ടപ്പെടുന്ന റാണി മോഹൻദാസിന് ബി.എസ്.എസിന്റെ ജോബ്ഡേ പുരസ്കാരം സമ്മാനിക്കുന്ന ചടങ്ങിൽ സംബന്ധിക്കാനെത്തിയപ്പോൾ ഞാൻ ആദ്യം സ്മരിച്ചത് എനിക്ക് എ.കെ. ആന്റണി ജോബ് ഡേ അവാർഡ് സമ്മാനിച്ച സംഭവമാണ്.

നിശബ്ദമായാണെങ്കിലും തിരുവനന്തപുരത്തെ കലാ-സാംസ്കാരിക-വിദ്യാഭ്യാസ-സാമൂഹ്യ മണ്ഡലങ്ങളിലെ കർമോജ്ജ്വല പ്രവർത്തകയാണ് റാണിമോഹൻദാസ് എന്ന് അവാർഡിനർഹയായതിൽ അഭിനന്ദിച്ചുകൊണ്ട് ചെറിയാൻ ഫിലിപ്പ് പറഞ്ഞു. ആരെയും ആകർഷിക്കുന്ന സ്വഭാവവൈശിഷ്ട്യത്തിനുടമയാണ് റാണിയെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

## മാതൃകാ ദമ്പതികൾക്കും മികച്ച സ്ത്രീ സംരക്ഷകർക്കും കൂടി ജോബ് ഡേ ഫൗണ്ടേഷൻ അവാർഡ് ഏർപ്പെടുത്തണം: എം.എം. ഹസ്സൻ



**തിരുവനന്തപുരം:** അനുകരണീയ കുടുംബജീവിതം നയിക്കുന്നവരെക്കുറിച്ച് പുതുതലമുറയെ ബോദ്ധ്യപ്പെടുത്താനുതകുംവിധമുള്ള പ്രവർത്തനങ്ങൾക്ക് ഊന്നൽ നല്കുന്നതിനൊപ്പം മാതൃകാ ദമ്പതികൾക്ക് അവാർഡുകൾപോലുള്ള അംഗീകാരങ്ങൾ നൽകി പ്രോത്സാഹിപ്പിക്കേണ്ടതും കാലഘട്ടത്തിന്റെ ആവശ്യമാണെന്ന് സംസ്ഥാന മുൻ മന്ത്രിയും ജനശ്രീ ചെയർമാനുമായ എം.എം. ഹസ്സൻ പ്രസ്താവിച്ചു.

സ്ത്രീകളോട് എങ്ങനെ പെരുമാറണം എന്നതിനെക്കുറിച്ചുള്ള സാമൂഹ്യ സങ്കൽപ്പങ്ങളിൽ വിള്ളൽ വരുന്നതിനെതിരെ കൂടുതൽ ജാഗ്രത പുലർത്തേണ്ടതിന്റെ ആവശ്യകതയെക്കുറിച്ചും അദ്ദേഹം ഊന്നിപ്പറയുകയുണ്ടായി.


ഇത്തരം പ്രശ്നങ്ങളിൽ 'ജോബ്ഡേ ഫൗണ്ടേഷൻ ഇൻ മെമ്മറി ഓഫ് ഷീല ടീച്ചർ' പോലുള്ള സംഘടനകൾക്ക് ഫലപ്രദമായ ഇടപെടലുകൾ നടത്താൻ കഴിയുമെന്ന് ചൂണ്ടിക്കാട്ടിക്കൊണ്ട് ഇത്തരം പ്രശ്നങ്ങളിൽ മാതൃകാപരമായ പ്രവർത്തനങ്ങൾ നടത്തുന്നവർക്കുകൂടി ജോബ് ഡേ ഫൗണ്ടേഷൻ പുരസ്കാരങ്ങൾ ഏർപ്പെടുത്തുന്നതു നന്നായിരിക്കുമെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു.

ജോബ് ഡേ ഫൗണ്ടേഷന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിക്കപ്പെട്ട ഷീലടീച്ചർ അനുസ്മരണ പരിപാടിയും ജോബ് ഡേ ഫൗണ്ടേഷൻ അവാർഡ്ദാന ചടങ്ങും ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു എം.എം. ഹസ്സൻ.

ഒരു ഘട്ടത്തിൽ പ്രവർത്തനം നിലച്ചുപോയ ഭാരത് സേവക് സമാജിന് പുനർജനി സമ്മാനിക്കുന്നതിനായി ബി.എസ്. ബാലചന്ദ്രനൊപ്പം നിന്ന് പ്രവർത്തിച്ച മഹതിയാണ് ഷീലടീച്ചർ. ബി.എസ്.എസിന്റെ തൊഴിൽപരിശീലന പ്രവർത്തനങ്ങൾക്ക് ശക്തിശ്രോതസ്സായിരുന്നതും ടീച്ചറായിരുന്നു. അവരുടെ അകാലനിര്യാണം ഏൽപ്പിച്ച കടുത്ത മാനസികവ്യഥയിൽ നിന്നും ബി.എസ്. ബാലചന്ദ്രൻ ഇനിയും പൂർണ്ണമായി മോചിതനായിട്ടില്ല എന്നു തന്നെ പറയാം. ബാലചന്ദ്രന്റെ ആത്മമിത്രങ്ങളായ തന്റേയും ഡോ.എം.ആർ. തമ്പാൻ, ചെറിയാൻ ഫിലിപ്പ് തുടങ്ങിയുള്ളവരുടെയും സ്ഥിതിയും മറിച്ചല്ല- എം.എം. ഹസ്സൻ പറഞ്ഞു.

നടപ്പുവർഷത്തെ ജോബ്ഡേ ഫൗണ്ടേഷൻ അവാർഡിനർഹയായ റാണി മോഹൻദാസിനെ മുക്തകണ്ഠം പ്രശംസിച്ചുകൊണ്ട് അവരുടെ അവദാനങ്ങളെ അദ്ദേഹം വിശദീകരിച്ച് പ്രകീർത്തിക്കുകയും ചെയ്തു. വ്യവസായ- വിദ്യാഭ്യാസ രംഗങ്ങളിൽ നേതൃപരമായ പങ്കുവഹിക്കുന്ന റാണിമോഹൻദാസ് ജീവകാരുണ്യ പ്രവർത്തനങ്ങളിലും മുൻനിരയിൽ തന്നെയുണ്ട്. വനിതാ വികസന പ്രവർത്തനങ്ങളിൽ അതീവതൽപ്പരയായ റാണി മോഹൻദാസ് മികച്ച സംരംഭകയെന്ന നിലയിലും ശ്രദ്ധേയയാണ്. തികച്ചും അർഹമായ കരങ്ങളിലാണ് ജോബ് ഡേ ഫൗണ്ടേഷൻ പുരസ്കാരം എത്തിയിരിക്കുന്നതെന്നതിനാൽ ഫൗണ്ടേഷന് തീർത്തും അഭിമാനിക്കാമെന്നും എം.എം. ഹസ്സൻ തുടർന്നു പറഞ്ഞു.

## മറുകും മലയും



ഡോ. രമേശ് ഇളമൺ നമ്പൂതിരി

### എന്നിട്ടും

ഞാൻ ഘടികാരത്തിന്റെ സൂചികളെ
കൈകൾ കൊണ്ട് നിർത്തി നോക്കി
അക്ഷരമാലകൾ താഴേയ്ക്കെഴുതി നോക്കി.
എന്നിട്ടും എന്തേ എന്റെ പ്രായം കുറയാത്തത്.

### ഒരിക്കലും തീരാതെ

ഏറ്റവും വിശപ്പുള്ളത്
ആർക്കാണെന്നാണു ചോദ്യം.
കാലത്തിനാണെന്നു തോന്നുന്നു

### തീരാ വസന്തം

പരുഷമാണു നിന്റെ വാക്കുകൾ
വന്യം കഠിനം നിന്റെ ഭാവങ്ങൾ
അറിയുക പക്ഷെ തളിർത്തു നിൽപ്പൂ
മറെറാരാത്മാവിന്റെ സ്വപ്നവും സ്പന്ദനവും
ഒരുമിച്ചൊരു നാൾ വിരിയിച്ചതാം
വാസന്ത സൗരഭ്യവും നാളയെന്നൊ-
രുദയ കാന്തിതൻ ജ്വാലയും ശോഭയും

### അമരത്വം


മരിയ്ക്കുവാൻ മനസ്സില്ല
മനസ്സിലെ മോഹത്തിന്
മരിയ്ക്കട്ടെയവൻ മതിയെന്നു തോന്നുമ്പോൾ

### പാന്ഥൻ

വേടൻ പിന്നിലുണ്ട്.
ആവനാഴിയിൽ ശരങ്ങളുമുണ്ട്.
എങ്കിലും ഞാൻ മുന്നോട്ടു നടക്കുകയാണ്

## കാര്യവിചാരം

### കാലനെ തോൽപ്പിച്ച ചക്കരച്ചി മാവിന്റെ മനോഹരമായ കഥ



പ്രൊഫ. ജി. ബാലചന്ദ്രൻ

വെട്ടത്തു നാട്ടിൽ പണ്ട് ഒരു മുത്തശ്ശിയുണ്ടായിരുന്നു. ഒറ്റയ്ക്കായിരുന്നു താമസം. വീട്ടുമുറ്റത്ത് ഒരു മാവ് വെച്ചു വളർത്തി സമൃദ്ധമായി കായ്ക്കുന്ന മാവ്. മാമ്പഴത്തിന് നല്ല മധുരമാണ്. മുത്തശ്ശി മാവിന് ഒരു പേരിട്ടു ചക്കരച്ചി മാവ്. അതിനെ പരിപാലിക്കുന്നതിലായിരുന്നു മുത്തശ്ശി സായൂജ്യം കണ്ടെത്തിയത്. പഴുത്തു വീഴുന്ന മാമ്പഴം മുത്തശ്ശി എല്ലാവർക്കുമായി പങ്കുവെച്ചു കൊടുത്തു. കൂടുതലും കൊടുത്തത് കുട്ടികൾക്കാണ്. മുത്തശ്ശിയെ നാട്ടുകാർക്ക് ഇഷ്ടമായിരുന്നു.

എന്നാൽ കുസൃതികളായ പിള്ളേർ കല്ലും കമ്പും ഉപയോഗിച്ച് മാമ്പഴം എറിഞ്ഞു വീഴ്ത്തി. മുത്തശ്ശി എത്ര പറഞ്ഞിട്ടും അവർ വഴങ്ങിയില്ല. മാവിന്റെ ചില്ലകൾ പോലും ഒടിഞ്ഞു വീണു. മുത്തശ്ശിയ്ക്ക് ദുഃഖം സഹിക്കാനായില്ല. അവർ ജലപാനം പോലുമില്ലാതെ പ്രാർത്ഥിച്ചു, പിന്നെ തപസ്സു ചെയ്തു. സംപ്രീതയായ ദേവി പ്രത്യക്ഷപ്പെട്ടു. ദേവി ചോദിച്ചു: എന്തു വരം വേണം. മുത്തശ്ശി പറഞ്ഞു. മാവിൽ എറിയുന്ന കുരുത്തംകെട്ടവരെ മാവിൽ ലയിപ്പിക്കണം. വരം ഫലിച്ചു.

കാലം മുന്നോട്ടു പോയി. മുത്തശ്ശിയ്ക്ക് ഒത്തിരി പ്രായമായി ജനിച്ചാൽ മരിക്കാതെ പറ്റില്ലല്ലോ?

കാലൻ കാലപാശവുമായി എത്തി. മുത്തശ്ശിയോട് മരിക്കാൻ തയ്യാറാവാൻ കൽപ്പിച്ചു. മുത്തശ്ശി വലിയ ബുദ്ധിമതിയാണ്. അവർ കാലനോട് പറഞ്ഞു: തനിയ്ക്ക് ഒരു അന്ത്യാഭിലാഷം ഉണ്ട്. കാലൻ പറഞ്ഞു ചോദിച്ചോളൂ. എനിക്ക് മാവിൽ നിന്ന് ഒരു പഴുത്ത മാമ്പഴം പറിച്ചു തരണം. കാര്യം നിസാരം, കാലൻ മാങ്ങാ പറിക്കാൻ ആഞ്ഞു. അതാ കാലൻ മാവിൽ ലയിച്ചു. മുത്തശ്ശിയ്ക്ക് പണ്ടു കിട്ടിയ വരദാനം ഗുണമായി. കാലനില്ലാതായി. കാലനില്ലാത്ത കാലം നാട്ടിൽ നടുക്കം ഉണ്ടാക്കി. ജനം പെരുകി, മൂത്ത് മുരടിച്ച് മരണമില്ലാതെ നാട് നിറഞ്ഞു. ജനങ്ങളുടെ പ്രാർത്ഥന കേട്ട് ദേവി പ്രത്യക്ഷപ്പെട്ടു. ലോകം മുടിയും. കാലനെ മോചിപ്പിക്കണം. പകരം എന്തു വേണം ! ദേവി മുത്തശ്ശിയോട് ചോദിച്ചു. മുത്തശ്ശി പറഞ്ഞു. എനിയ്ക്ക് ജരാനര ബാധിക്കരുത്. മരണവും സംഭവിക്കരുത്. മാവിനും നാശമരുത്. ദേവി സമ്മതിച്ചു.

ആ മാവും ഭാരതവും അനശ്വരമായി നിലകൊള്ളുന്നു എന്നാണ് വിശ്വാസം.

മുഗുളന്മാരും ചോർച്ചുഗീസുകാരും ഇംഗ്ലീഷുകാരും ഇന്ത്യയെ ആക്രമിച്ച് കീഴടക്കി. എന്നിട്ടും അവരുടെ ആധിപത്യത്തിൽ നിന്ന് മോചിപ്പിക്കപ്പെട്ട ഭാരതം അഭംഗുരം കൂടുതൽ ശക്തമായി നിലകൊള്ളുന്നു.

Edited, Printed and Published by B.S. Balachandran on behalf of Satbhavana Publishing Chamber, Sri Nikethan, Thycaud P.O, Thiruvananthapuram 695014. Printed at Rainbow Printers, Kumarapuram, for BRN Printers.
Managing Editor: Manju Sreekandan, Chief Editor: Jaya Sreekumar